# ഗിരിദീപം

മാർച്ച് 2025

നോമ്പുകാലം



**യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു,**

**യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു. (മത്താ 4: 1-2)**


HAPPY FEAST
മാർച്ച് 19 ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ ജോസഫ് പാംപ്ലാനി പിതാവിന്
തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ
കുന്നോത്ത് ഗുഡ് ഷെപ്പേർഡ്
മേജർ സെമിനാരി
റെക്ടറായി നിയമിതനായ
ബഹുമാനപ്പെട്ട
മാത്യു പട്ടമനയച്ചന്
പ്രാർത്ഥനാശംസകൾ

മാർച്ച് 2025

വാല്യം 08
ലക്കം 03

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 76/2025, Circular No. 01/2025 .......... 05
2. Prot. No. 79/2025, Circular No. 02/2025 .......... 09
3. Prot. No. 81/2025, Circular No. 03/2025 .......... 11
4. Prot. No. 80/2025, Circular No. 04/2025 .......... 15
5. Prot. No. 82/2025, Circular No. 05/2025 .......... 18
6. കച്ചേരിക്കാര്യം .......... 20
7. പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് .......... 27
8. സെമിനാരി വാർത്തകൾ .......... 31
9. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .......... 34
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .......... 41
    തിരുബാലസഖ്യം .......... 46
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .......... 48
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .......... 52
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .......... 60
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .......... 65
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി .......... 67
    കുടുംബക്കൂട്ടായ്മ .......... 70
    കരിസ്മാറ്റിക് .......... 73
    ADAM .......... 74
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .......... 78
    ഇൻഫാം .......... 85
16. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 89
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 90
18. Engagements - March (Archbishop Mar Joseph Pamplany) .......... 93
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 94
20. Engagements - March (Archbishop Mar George Njaralakatt) .......... 96
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 97
22. Engagements - March (Archbishop Mar George Valiamattam) .......... 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 76 /2025, Circular No. 01/2025

## നോമ്പുകാലം

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

ആത്മീയ ജീവിതത്തിന്റെ വസന്തകാലം എന്ന് വിശേഷിപ്പിക്കുന്ന വലിയ നോമ്പിന്റെ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 2025 മാർച്ച് 2-ാം തീയതി ഞായറാഴ്ച അർദ്ധരാത്രിയാണ് ഈ വർഷത്തെ വലിയ നോമ്പാരംഭിക്കുന്നത്. ദനഹാക്കാലം കഴിഞ്ഞ് ഉയിർപ്പ് തിരുനാൾവരെയുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും പ്രായശ്ചിത്ത പ്രവൃത്തികൾക്കുമായി നാം മാറ്റിവെച്ചിരിക്കുകയാണ്. ഈശോയുടെ പെസഹാരഹസ്യത്തിന്റെ ആചരണത്തിനും ഉയിർപ്പ് തിരുനാളിന്റെ ആഘോഷത്തിനും വേണ്ടിയുള്ള ഒരുക്കത്തിന്റെയും തപസിന്റെയും കാലമാണ് 50 നോമ്പിന്റെ ദിനങ്ങൾ. ജൂബിലി വർഷത്തിൽ, പ്രത്യാശയുടെ തീർത്ഥാടകരായി രക്ഷാകര സംഭവങ്ങളെ ആഴത്തിൽ ധ്യാനിച്ചുകൊണ്ട് ഈശോയോടൊപ്പം നമുക്ക് യാത്ര ചെയ്യാം. 'ഇതാ നമ്മൾ ജെറുസലേമിലേക്ക് പോകുന്നു' (മർക്കോ.10:13) എന്ന ആഹ്വാനത്തോടെയാണ് ഈശോ നമ്മെ നോമ്പിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നത്. കുരിശു മരണത്തിലൂടെ നമുക്ക് രക്ഷനേടിത്തന്ന ഈശോയെ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും അനുകരിക്കുവാനുള്ള അവസരമായി ഈ പുണ്യദിനങ്ങളെ നമുക്ക് പ്രയോജനപ്പെടുത്താം.

40 ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ച ഈശോയെ ധ്യാനിച്ചുകൊണ്ടാണ് നാം നോമ്പിലേക്ക് പ്രവേശിക്കുന്നത്. നോമ്പും ഉപവാസവും പ്രായശ്ചിത്തപ്രവൃത്തികളുമൊക്കെ കാലഹരണപ്പെട്ട ആത്മീയ ശൈലികളാണെന്ന് ചിന്തിക്കുന്ന ചിലരെങ്കിലും നമുക്കിടയിൽ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

നോമ്പാചരണത്തിൽ നമ്മുടെ പൂർവികർ പുലർത്തിയിരുന്ന ചിട്ടകളെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണ്. സുറിയാനി ക്രിസ്ത്യാനികൾ നോമ്പും ഉപവാസവും കർശനമായി പാലിച്ചിരുന്നവരായിരുന്നു. 16-ാം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന പോർച്ചുഗീസ് മിഷനറിമാർ മാർതോമാ ക്രിസ്ത്യാനികളുടെ താപസചൈതന്യത്തെ പ്രകീർത്തിക്കുകയും വ്യത്യസ്തമായ നോമ്പുകൾ ആചരിക്കുന്ന സുറിയാനി ക്രിസ്ത്യാനികൾ ആണ്ടുവട്ടത്തിൽ 225 ദിവസവും നോമ്പ് നോക്കുന്നവരാണെന്ന് അത്ഭുതത്തോടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പോർച്ചുഗീസ് ചരിത്രകാരനായ അന്റോണിയോ ഗുവായോ എഴുതുന്നു: "എല്ലാ നോമ്പുകളും അവർ കർശനമായി പാലിച്ചിരുന്നു. ആ ദിവസങ്ങളിൽ അവർ മാംസം, മത്സ്യം, മുട്ട, ക്ഷീരോല്പന്നങ്ങൾ, മദ്യം എന്നിവ പൂർണ്ണമായി വർജ്ജിച്ചിരുന്നു. കർശനമായ നോമ്പാചരണത്തിന്റെ ഭാഗമായി വെറ്റില മുറുക്കുപോലും അവർ ഉപേക്ഷിച്ചു. ഈ ദിവസങ്ങളിൽ അവർ ദിവസത്തിൽ മൂന്നുനേരം ദൈവാലയത്തിൽ പോയിരുന്നു" (ജൊർണാർദോ). നോമ്പിലും ഉപവാസത്തിലും അധിഷ്ഠിതമായിരുന്ന ആഴവും സമ്പന്നവുമായ നമ്മുടെ പൂർവികരുടെ ആദ്ധ്യാത്മിക ശൈലിയിലേക്ക് നാം തിരിച്ചു നടക്കേണ്ട കാലഘട്ടമാണിത്. വീടുകളിൽ നോമ്പ് അനുഷ്ഠിക്കുവാനും കുട്ടികൾക്ക് നോമ്പുദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുവാനും മാതാപിതാക്കൾ പ്രത്യേകം താല്പര്യമെടുക്കണമെന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു.

തലശ്ശേരി അതിരൂപതയിൽ 2025 സമുദായ ശക്തീകരണ വർഷമായി ആചരിക്കുകയാണല്ലോ. വിശ്വാസമേഖലയിൽ ആഴപ്പെട്ടുകൊണ്ടാണ് നാം സമുദായത്തെ ശക്തിപ്പെടുത്തേണ്ടത്. ദൈവകല്പനകളും തിരുസഭയുടെ കല്പനകളുമാണ് നമ്മുടെ ജീവിതപ്രമാണങ്ങളെന്ന സത്യം നാം മറക്കരുത്. വിലക്കപ്പെട്ട കാലത്തു വിവാഹം ആഘോഷിക്കുകയോ തിരുസഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത് എന്ന തിരുസഭയുടെ കല്പന സവിശേഷമാംവിധം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നു. മതവ്യത്യാസം എന്ന തടസ്സത്തിൽ നിന്നും ഒഴിവു വാങ്ങി വിവാഹം നടത്തുവാനുള്ള ധാരാളം അപേക്ഷകൾ ലഭിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ കാര്യത്തെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളെ ഓർമിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. വിവാഹബന്ധങ്ങളിൽ ഏർപ്പെടുമ്പോൾ കൗദാശിക വിവാഹത്തിന് യോഗ്യമാകുംവിധം സ്വന്തം സമുദായത്തിൽ നിന്നുതന്നെ ജീവിതപങ്കാളിയെ കണ്ടെത്തുകയാണ് അഭികാമ്യം. തലമുറകളെ വിശ്വാസത്തിൽ

വളർത്തുവാൻ സ്വസമുദായത്തിൽ നിന്നുള്ള വിവാഹമാണ് ഉത്തമം. പഠനത്തിനും ജോലിക്കുമൊക്കെയായി മറ്റു ദേശങ്ങളിലായിരിക്കുന്നതും മറ്റു മതസ്ഥരോട് വളരെ അടുത്ത് ഇടപെഴകുന്നതുമൊക്കെ ഇത്തരം വിവാഹങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഉത്തമരായ ജീവിത പങ്കാളിയെ സ്വസമുദായത്തിൽ നിന്നും കണ്ടെത്തുവാനും വിവാഹത്തിന് മക്കളെ ഒരുക്കുവാനും മാതാപിതാക്കൾ പ്രത്യേകം താല്പര്യം എടുക്കണം. അന്യമതസ്ഥരുമായുള്ള വിവാഹബന്ധത്തിന് സഭ പ്രോത്സാഹനം നൽകുന്നില്ല. കാരണം അപ്രകാരമുള്ള വിവാഹങ്ങൾ ദൈവികമായ കൂദാശയല്ല. ഒഴിവാക്കാനാവാത്ത അടിയന്തര സാഹചര്യങ്ങളിൽ മാത്രമേ ഇത്തരം വിവാഹങ്ങൾക്ക് അനുവാദം നൽകാറുള്ളൂ. അപേക്ഷകന്റെ സാഹചര്യങ്ങൾ മനസ്സിലാക്കി ആവശ്യമായ അജപാലന ഉപദേശങ്ങൾ നല്കി മാത്രമേ ഇത്തരം വിവാഹങ്ങൾക്ക് അനുമതി നൽകുകയുള്ളൂ. വിശ്വാസം ജീവശ്വാസംപോലെ കരുതിയ ഒരു തലമുറയുടെ പിൻഗാമികളായ നമ്മൾ വിവാഹമെന്ന കൂദാശയുടെ പവിത്രതയെ കാത്തുസൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സ്നേഹത്തോടെ ഓർമിപ്പിക്കുന്നു.

സമുദായത്തെ ശക്തിപ്പെടുത്തുവാനുള്ള വിവിധ പദ്ധതികളാണ് ഈ വർഷം നമ്മൾ വിഭാവനം ചെയ്തിരിക്കുന്നത്. കാർഷിക മേഖലയിലെ തകർച്ച ഒട്ടനവധി കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഭവനരഹിതരായ കുടുംബങ്ങളും ജപ്തി ഭീഷണി നേരിടുന്നവരുമായ ആളുകളും നമ്മുടെ ഇടവകകളിലുണ്ട്. ഈ നോമ്പുകാലം നമ്മുടെ സഹോദരങ്ങളിലേക്ക് കാരുണ്യത്തിന്റെ കരം നീട്ടാനുള്ള കടമ നമുക്കുണ്ട്. മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഭവനനിർമ്മാണ പദ്ധതിയിലൂടെ ഇതിനോടകം 900-ലധികം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. നമ്മുടെ ഇടവകകളിൽ ഭവനരഹിതരായ ആളുകൾക്ക് ഭവനനിർമ്മാണത്തിനായി നിങ്ങളുടെ പ്രത്യേക സഹകരണം അഭ്യർത്ഥിക്കുകയാണ്. ഭൂസ്വത്തുക്കൾ ധാരാളമുള്ള ആളുകൾ 5 സെന്റ് സ്ഥലമെങ്കിലും ഭൂരഹിതരായ ആളുകൾക്ക് നൽകുകയും പാവപ്പെട്ട ഒരു കുടുംബത്തിന് ഒരു വീട് എന്ന സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിന് സന്മനസ്സ് കാണിക്കുകയും ചെയ്യണം. ബഹു. വികാരി അച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകകളിൽ ഭവനരഹിതരായ ആളുകളെ കണ്ടെത്തി ഇടവക ജനങ്ങളുടെ പങ്കാളിത്തത്തോടെ ഭവനനിർമ്മാണത്തിനുള്ള പരിശ്രമങ്ങൾ ഈ നോമ്പുകാലത്ത് നടത്തുമല്ലോ. പാവപ്പെട്ടവരിൽ കുരിശിലെ ഈശോയെയാണ് നാം കാണേണ്ടത് എന്ന സത്യം നമുക്ക് മറക്കാതിരിക്കാം.

നോമ്പുകാലം പ്രാർത്ഥനാജീവിതത്തിൽ ആഴപ്പെടാനുള്ള അവസരം കൂടിയാണ്. നമ്മുടെ കൗദാശിക ജീവിതം സഭാനിയമം അനുശാസിക്കുന്ന ഞായറാഴ്ച കുർബാനയിൽ മാത്രം ഒതുക്കാതെ നോമ്പിലെ 50 ദിവസങ്ങളിലും കുടുംബാംഗങ്ങൾ ഒരുമിച്ച് ദിവ്യബലിയിൽ പങ്കെടുക്കുന്നത് ഉയിർപ്പ് തിരുനാളിനുള്ള ഏറ്റവും നല്ല ഒരുക്കമാണ്. തലശ്ശേരി അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഒരുക്കത്തിന്റെ ഭാഗമായി ഓരോ വർഷവും അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ ബൈബിൾ കൺവെൻഷനുകൾ സംഘടിപ്പിക്കുന്നുണ്ട്. 2025 മാർച്ച് 12 മുതൽ 16 വരെ തീയതികളിൽ ചെമ്പേരിയിൽ വച്ച് ആദ്യത്തെ ബൈബിൾ കൺവെൻഷൻ നടക്കുകയാണ്. സുപ്രസിദ്ധ വചനപ്രഘോഷകനും അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടറുമായ ബഹു. ഡൊമിനിക് വാളമനാൽ അച്ചനാണ് കൺവെൻഷൻ നയിക്കുന്നത്. എല്ലാ ദിവസവും വൈകുന്നേരം 4 മണി മുതൽ രാത്രി 9.30 വരെയാണ് ബൈബിൾ കൺവെൻഷൻ നടക്കുന്നത്. തിരുവചനം നമ്മുടെ ജീവിതത്തെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കും. ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുവാൻ പ്രത്യേകം നിങ്ങൾ പരിശ്രമിക്കുമല്ലോ.

'മനുഷ്യാ നീ മണ്ണാകുന്നു മണ്ണിലേക്ക് മടങ്ങും' എന്ന തിരുവചനം ധ്യാനിച്ച് നെറ്റിയിൽ ചാരം പൂശി നമുക്ക് നോമ്പ് ദിനങ്ങളിലേക്ക് പ്രവേശിക്കാം. ഈ ലോകജീവിതത്തിന്റെ നൈമിഷികത ഓർമിച്ചുകൊണ്ട് നിത്യജീവിതത്തിലേക്ക് പ്രത്യാശയോടെ നോക്കുന്ന സുന്ദരദിനങ്ങളാകട്ടെ നോമ്പ് ദിനങ്ങൾ.

സർവ്വശക്തനായ ദൈവം നിങ്ങളെ ഓരോരുത്തരെയും പിതാവിന്റെയും †പുത്രന്റെയും †പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവദിക്കട്ടെ,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 ഫെബ്രുവരി 28 ന് സകല മരിച്ചവരുടെയും ഓർമ്മ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 മാർച്ച് 02-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 79 /2025, Circular No. 02/2025

## ജീവകാരുണ്യനിധി

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

നമ്മുടെ അതിരൂപത മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിലൂടെ നമ്മെ വളർത്തിയ ദൈവത്തിന്റെ അനുഗ്രഹങ്ങളെ നന്ദിയോടെ സ്മരിക്കുന്ന ദിനമാണല്ലോ മാർച്ച് 19. 1953 ൽ സ്ഥാപിതമായ നമ്മുടെ അതിരൂപത പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുകയാണ്. 2025 സമുദായ ശാക്തീകരണവർഷമായി നമ്മൾ ആചരിക്കുകയാണ്.

ക്രൈസ്തവർ ലോകത്തിന് നല്കിയ ഏറ്റവും ഉന്നതമായ ധാർമ്മിക സംഭാവന സ്വയം ശൂന്യവൽക്കരിക്കുന്ന സഹോദര സ്നേഹത്തിന്റെ കാഴ്ചപ്പാടാണ്. സഹോദരനെ തന്നെപ്പോലെ സ്നേഹിക്കുവാനും, നിങ്ങളുടെ ഇടയിൽ ക്ലേശമനുഭവിക്കുന്നവരുണ്ടെങ്കിൽ അവരെ കരുതുവാനും പഠിപ്പിക്കുന്ന ക്രൈസ്തവ പ്രബോധനത്തിന്റെ ആധാരശില രക്ഷകനായ ഈശോയാണ്. എന്റെ ഏറ്റവും ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്ക് തന്നെയാണ് ചെയ്യുന്നത് എന്ന ദൈവവചനത്തിൽ മുറുകെ പിടിച്ചുകൊണ്ട് സഭ അനേകായിരങ്ങൾക്ക് അത്താണിയായി മുന്നേറുന്നു. ഒരു സമൂഹത്തിന്റെ ഉന്നതമായ ധാർമ്മിക മഹിമ ആ സമൂഹത്തിലെ ഏറ്റം അശരണരായവരെ എപ്രകാരമാണ് പരിഗണിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ്. രോഗികളും, വൃദ്ധരും, സാമ്പത്തിക പരാധീനതകളുമുള്ളവരെ എത്രമാത്രം ഒരു സമൂഹം ഉൾക്കൊള്ളുന്നു എന്നതാണ് ആ സമൂഹത്തിന്റെ ക്രൈസ്തവീകത അളക്കാനുള്ള മാനദണ്ഡം! സമുദായശക്തികരണവർഷം സഹോദരസ്നേഹത്തിന്റെ ആഴമേറിയ പ്രകടനമായി ഈ വർഷത്തെ ജീവികാരുണ്യനിധി നമുക്ക് സമാഹരിക്കാം.

അതിരൂപതാ ദിനത്തോടനുബന്ധിച്ച് നാം സമാഹരിക്കുന്ന ജീവകാരുണ്യനിധി അനേകം കുടുംബങ്ങൾക്ക് വലിയൊരു കൈത്താങ്ങായി മാറിയിട്ടുണ്ട്. യൂറോപ്പിൽ ജോലി ചെയ്യുന്ന നമ്മുടെ വൈദികർ വഴി നടത്തുന്ന വിദ്യാഭ്യാസസഹായ പദ്ധതി

കൾ പാവപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നതപഠനത്തിന് ഏറെ ഉപകാര പ്പെടുന്നുണ്ട്. 325 വിദ്യാർത്ഥികൾക്ക് ഓരോ വർഷവും അവരുടെ പഠനം തീരുന്നതുവരെ 50,000 രൂപ മുതൽ സഹായം നൽകുന്നു. ബ്രദർ മാത്യു കാവുങ്കൽ വഴിയുള്ള സഹായപദ്ധതിയിലൂടെ 600 പേർക്ക് 85 ലക്ഷം രൂപ പ്രതിവർഷം സഹായം നൽകുന്നുണ്ട്.

നമ്മുടെ ജീവകാരുണ്യനിധിയിലേക്ക് കഴിഞ്ഞ വർഷം ഇടവക കളിൽ നിന്നു നമുക്ക് ലഭിച്ച തുക 67,27,896/രൂപ ആണ്. അതിൽനിന്ന് ചികിത്സാ സഹായമായി 31,30,000 (മുപ്പത്തിയൊന്നു ലക്ഷത്തി മുപ്പതി നായിരം) രൂപയും വിദ്യാഭ്യാസ സഹായമായി 22,99,000 (ഇരുപത്തി രണ്ടു ലക്ഷത്തിത്തൊണ്ണൂറ്റൊമ്പതിനായിരം) രൂപയും ഭവന നിർമാണത്തിന് 24,30,000 (ഇരുപത്തിനാലു ലക്ഷത്തിമുപ്പതിനായിരം) രൂപയും വിവാഹസഹായമായി 10,00,000 (പത്തുലക്ഷം) രൂപയും മറ്റുസഹായങ്ങൾക്കായി 90,000 (തൊണ്ണൂറായിരം) രൂപയും നൽകി. ആകെ 89,49,000 (എൺപത്തൊൻപതുലക്ഷത്തി നാല്പത്തൊമ്പ തിനായിരം) രൂപ സഹായമായി നൽകി. കഴിഞ്ഞ വർഷം ലഭിച്ച തുക യേക്കാളും അധികമായി നാം സഹായം നൽകിയത് എറണാകുള ത്തുള്ള AKM ചാരിറ്റബിൾ ട്രസ്റ്റിൽനിന്നുള്ള വരുമാനമുപയോഗി ച്ചാണ്. കാർഷികമേഖലയിലെ പ്രതിസന്ധികാരണം സഹായം അഭ്യർ ത്ഥിച്ച് വരുന്നവരുടെ സംഖ്യ കൂടിയിട്ടുണ്ട്. ബഹു. വികാരിയച്ചന്മാരുടെ ശുപാർശയോടെ ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും പരമാവധി സഹായം നല്കാൻ നാം ശ്രമിക്കുന്നുണ്ട്.

കഴിഞ്ഞ വർഷങ്ങളിലെപ്പോലെ വാർഡ് പ്രതിനിധികൾ വഴി സംഭാവനയ്ക്കുള്ള കവറുകൾ വീടുകളിൽ എത്തിച്ചുതരുന്നതാണ്. ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിന് തുല്യ മായ തുകയെങ്കിലും നല്കാൻ പരിശ്രമിക്കണം. നോമ്പിന്റെ ചൈതന്യ ത്തിൽ നിർധനരായ സഹോദരങ്ങളുമായി നമുക്കുള്ളതിൽ നിന്നും പങ്കുവെക്കാം. എല്ലാ സത്പ്രവർത്തികൾക്കും നൂറിരട്ടിയായി പ്രതിഫലം നൽകുന്ന ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നോമ്പുകാലം അനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാശിസ്സുകളോടെ,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2025 ഫെബ്രു വരി 11 ന് ലൂർദ്മാതാവിന്റെ തിരുനാൾ ദിനം നൽകപ്പെട്ടത്.*

---

NB: ഈ സർക്കുലർ 2025 മാർച്ച് 09-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 81 /2025, Circular No. 03/2025

## ദൈവവിളിവാരം

ഈശോയിൽ പ്രിയപ്പെട്ടവരേ,

കർത്താവിന്റെ ഉയർപ്പിന്റെ സാക്ഷികളായ അപ്പസ്തോലന്മാർ പരിശുദ്ധാത്മാഭിഷേകത്തിനുശേഷം ലോകമെങ്ങും സുവിശേഷ സാക്ഷികളായി സഞ്ചരിച്ചു. തങ്ങൾ കണ്ടതും കേട്ടതും സ്പർശിച്ചതും അനുഭവിച്ചതുമായ കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കാതിരിക്കാൻ അവർക്കു കഴിയുമായിരുന്നില്ല. "ക്രിസ്തുവിന്റെ സ്നേഹം നൽകിയ ഉത്തേജന"മാണ് (2 കൊറി 5:14) പീഡനങ്ങളിലും എതിർപ്പുകളിലും അഭിമാനത്തോടെ ജീവിക്കാൻ അവരെ പ്രേരിപ്പിച്ചത്. അപ്പസ്തോലന്മാരുടെ മാതൃകയും ആവേശവും അതേ അളവിൽ ഹൃദയത്തിൽ സൂക്ഷിച്ച് മിശിഹാനുഭവത്തിന്റെ പ്രഘോഷകരായി എക്കാലത്തും ധാരാളം മിഷനറിമാർ തിരുസഭയിൽ ജീവിക്കുന്നുണ്ട്. തങ്ങൾ തെരഞ്ഞെടുത്ത ഈ ജീവിതക്രമത്തെക്കുറിച്ചുള്ള ആവേശവും ഈ ജീവിതശൈലി ഉളവാക്കുന്ന അത്ഭുതകരമായ അനുഗ്രഹങ്ങളെക്കുറിച്ചുള്ള അഭിമാനവും ഉള്ളവരാണ് അവർ.

ഈ പശ്ചാത്തലത്തിലാണ് നമ്മുടെ അതിരൂപത ദൈവവിളി വാരം വിഭാവനം ചെയ്യുന്നത്. ജനകോടികളെ നൂറ്റാണ്ടുകളായി സ്വാധീനിക്കുന്ന നസ്രത്തുകാരൻ ഈശോയെക്കുറിച്ച് അഭിമാനവും ആവേശവും ഉള്ളിൽ സൂക്ഷിക്കുന്നവരാണ് സമർപ്പിതർ. സഭയുടെ സ്നേഹഭാജനങ്ങളായ ഈ മക്കളിലൂടെ ഈശോയെ അനേകർ അറിയാൻ ഇടവരുന്നതിന് തിരുസഭ അവരെ ഒരുക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ അതിരൂപതയിലും ലോകമെങ്ങുമുള്ള സന്യാസപരിശീലന കേന്ദ്രങ്ങളും സെമിനാരികളും അതിനുള്ള ഇടങ്ങളാണ്.

നസ്രത്തിലെ കുടുംബത്തിൽ മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചും ദൈവപിതാവിന്റെ പദ്ധതിക്ക് കീഴ്വഴങ്ങിയും വളർന്ന ഈശോ സമയത്തിന്റെ തികവിൽ സുവിശേഷ പ്രഘോഷണത്തിനായി ഇറങ്ങിയതുപോലെ ഓരോ വർഷവും നമ്മുടെ കുടുംബങ്ങളിൽനിന്ന് ധാരാളം കൗമാരക്കാർ ദൈവവിളിക്ക് പ്രത്യുത്തരം നൽകി സഭാമാതാവിന്റെ പരിശീലന ക്കളരിയിലേക്ക് പ്രവേശിക്കുന്നു. നസ്രത്തിലെ ഭവനത്തിൽനിന്ന് നസ്രത്തിലെ സിനഗോഗിലേക്ക് എന്നതുപോലെ ഗാർഹിക സഭയിൽ നിന്ന് തിരുസഭയുടെ മടിത്തട്ടിലേക്കുള്ള ഈ തീർത്ഥാടനമാണ് സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെ ആദ്യചലനം. തങ്ങളുടെ പിതാവായ സെബദിയെവിട്ട് യാക്കോബും യോഹന്നാനും കർത്താവിന്റെ പിന്നാലെ വന്നതുപോലെ, തങ്ങളുടെ വരുമാനമാർഗവും ജീവിതം തന്നെയുമായിരുന്ന വള്ളവും വലയും കടലും വിട്ട് പത്രോസും അന്ത്രയോസും വന്നതുപോലെ, അത്തിമരത്തിന്റെ തണലിൽ നിന്ന് നഥാനിയേൽ വന്നതുപോലെ, സിക്കമൂർ മരമുകളിൽനിന്ന് സക്കേവൂസ് ഇറങ്ങിവന്നതുപോലെ, ചുങ്കസ്ഥലവും മേശയും കണക്ക് പുസ്തകങ്ങളും വിട്ട് മത്തായി വന്നതുപോലെ, വീട്ടിലെ സമ്പത്തും സുഖസൗകര്യങ്ങളും വിട്ട് ഫ്രാൻസിസ് അസീസിയും ക്ലാരപുണ്യവതിയും വന്നതുപോലെ, സർവ്വകലാശാല അദ്ധ്യാപനം വിട്ട് ഫ്രാൻസിസ് സേവ്യർ വന്നതുപോലെ, ലക്ഷക്കണക്കിന് ഡോളറിന്റെ സ്കോളർഷിപ്പും ജോലി സാധ്യതയുംവിട്ട് ഫുൾട്ടൻ ജെ. ഷീൻ വന്നതുപോലെ, ആകർഷകമായ ജോലിയും സൗകര്യങ്ങളും വിട്ട് മദർ തെരേസ വന്നതുപോലെ... അനേകായിരങ്ങൾ ക്ഷണികവും നശ്വരവുമായ ലോകസുഖങ്ങൾ ഉപേക്ഷിച്ച് ക്രിസ്തുവിനുവേണ്ടി ഇറങ്ങിത്തിരിച്ചു. തങ്ങൾ ജീവിച്ച കാലഘട്ടത്തിലും വരാനിരിക്കുന്ന തലമുറകളിലും ജനസഹസ്രങ്ങൾക്ക് അത്ഭുതവും അനുഗ്രഹവുമായി മാറിയ ഈ വിശുദ്ധാത്മാക്കളുടെ എണ്ണം തിട്ടപ്പെടുത്താവുന്നതിലുമധികമാണ്. ഈശോ എന്ന വ്യക്തിയോടുള്ള അഗാധമായ പ്രണയമാണ് ഇവരെയെല്ലാം നയിച്ചത്. ഇന്നും ഇതേ പ്രണയത്തിൽ മുഴുകി, മറ്റെല്ലാം വിട്ടുപേക്ഷിച്ച് ആവേശപൂർവ്വം ഇറങ്ങുന്ന കൗമാരക്കാരും യുവജനങ്ങളും ധാരാളമുണ്ട്.

ആഗോള കത്തോലിക്കാസഭയിൽ പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കുമുള്ള ദൈവിളികളിൽ മുൻനിരയിൽ നിൽക്കുന്നത് നമ്മുടെ അതിരൂപതയാണെന്ന യാഥാർത്ഥ്യം നമ്മെ കുറച്ചൊന്നുമല്ല ആനന്ദിപ്പിക്കുന്നത്. നല്ല തമ്പുരാനു നന്ദി പറയാം. മലബാറിലേക്ക് കുടിയേറിപ്പാർത്ത നമ്മുടെ കുടുംബങ്ങൾ വിശ്വാസജീവിതത്തിലും സഭാസ്നേഹത്തിലും പുലർത്തിയ വലിയ പ്രതിബദ്ധതക്ക് സ്വർഗ്ഗം

തന്ന അംഗീകാരമാണിത്. നമ്മുടെ മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ഇടവകയോടും സഭയോടും ചേർന്ന് ജീവിക്കുകയും ചെയ്യുന്നതിന്റെ സ്വാഭാവികമായ ഫലമാണ് ദൈവവിളികളുടെ വളർച്ച. നമ്മുടെ അതിരൂപതക്കാരായ ആയിരക്കണക്കിന് സമർപ്പിതരിലൂടെയും വൈദികരിലൂടെയും ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലും ലോകത്തിന്റെ വിവിധ രാജ്യങ്ങളിലും ധാരാളം മക്കൾ ഈശോയെയും സുവിശേഷത്തെയും ദൈവരാജ്യത്തെയും അറിയുന്നു എന്നുള്ളത് നമുക്ക് എത്രമാത്രം അഭിമാനജനകമാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ മക്കളെ ദൈവം തന്റെ പ്രത്യേക ദൗത്യത്തിനായി തെരഞ്ഞെടുക്കുന്നുണ്ടോ എന്ന് തിരിച്ചറിയാനും അവരെക്കുറിച്ചുള്ള ദൈവപദ്ധതി മനസ്സിലാക്കാനുംവേണ്ടി അതിരൂപത ഒരുക്കുന്ന സുവർണാവസരമാണ് ദൈവവിളി ക്യാമ്പുകൾ. ആ ക്യാമ്പുകളിൽ കുട്ടികളെ സവിശേഷമായി ശ്രവിച്ചും ശ്രദ്ധിച്ചും പ്രാർത്ഥിച്ചും ദൈവഹിതം തിരിച്ചറിയാനുള്ള അവസരമാണൊരുക്കുന്നത്. ഇക്കാര്യത്തിൽ പരിശീലനവും അനുഭവജ്ഞാനവും പ്രാർത്ഥനാരൂപിയുമുള്ള ആളുകൾ അവരെ ക്യാമ്പുകളിൽ സഹായിക്കും. തിരുസഭയിലൂടെ നമുക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ആത്മീയവും ഭൗതികവുമായ നന്മകൾ നമ്മിലൂടെ വരും തലമുറകൾക്കും തുടർന്ന് ലഭിക്കാൻ തമ്പുരാനോട് സഹകരിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ ഈ വിധത്തിൽ നമ്മൾ ഒരുക്കി കൊണ്ടുവരണം.

വിശ്വാസപരിശീലകരും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സിസ്റ്റേഴ്സും നിർവഹിക്കുന്നത് ദൈവവിളിയുടെ പ്രോത്സാഹനദൗത്യമാണ്. നമ്മുടെ അതിരൂപതയിലെ ദൈവവിളി പ്രോത്സാഹന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഡയറക്ടറച്ചനെയും ടീമിനെയും ഞാൻ അഭിനന്ദിക്കുന്നു. നല്ല വൈദികരെയും സന്യസ്തരെയും തിരുസഭയ്ക്ക് സംഭാവന ചെയ്യുന്നതിൽ നമ്മുടെ അതിരൂപത ആഗോള സഭയ്ക്കു തന്നെ മാതൃകയാണെന്ന് അഭിമാനപൂർവ്വം ഓർമിക്കാം. ഈ വർഷം 9 നവവൈദികരെ നല്കി ദൈവം നമ്മുടെ അതിരൂപതയെ അനുഗ്രഹിച്ചു. ഇരുനൂറോളം വൈദികാർത്ഥികളാണ് നമ്മുടെ മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി പരിശീലനം നടത്തുന്നത്. ദൈവകൃപ നിറഞ്ഞ നല്ല കുടുംബങ്ങളാണ് നമുക്കുള്ളത് എന്ന യാഥാർത്ഥ്യം നമ്മെ ആനന്ദിപ്പിക്കുന്നു. ലോകമെങ്ങും സുവിശേഷ ദീപ്തി വിതറുന്ന ബഹു. വൈദികരെയും സന്ന്യസ്തരെയും ഓർത്ത് നമുക്ക് ദൈവത്തിനു നന്ദി പറയാം. നമ്മളോരോരുത്തരും ദൈവവിളി പ്രോത്സാഹകരാണെന്ന ചിന്ത നമ്മെ കൂടുതൽ ഉത്തരവാദിത്വബോധമുള്ള ക്രൈസ്തവരാക്കട്ടെ. നമ്മുടെ മൈനർ സെമിനാരി

യിൽ ചേർന്ന് തലശ്ശേരി അതിരൂപതക്കുവേണ്ടി വൈദികരാകാൻ ആഗ്രഹിക്കുന്ന പത്താംക്ലാസോ അതിൽ അധികമോ വിദ്യാഭ്യാസ യോഗ്യതയുള്ള കൃപനിറഞ്ഞ യുവാക്കളെ ഞാൻ പ്രത്യേകമായി ക്ഷണിക്കുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽ മാർച്ച് 29 മുതൽ 31 വരെയാണ് ദൈവവിളി ക്യാമ്പ് നടത്തുന്നത്. പെൺകുട്ടികൾക്ക് മദർഹോമിലും ആൺകുട്ടികൾക്ക് പടന്നക്കാട്, ചട്ടമല, ചെമ്പന്തൊട്ടി, അങ്ങാടിക്കടവ് എന്നിവിടങ്ങളിലും ആയിരിക്കും ദൈവവിളി ക്യാമ്പ് ക്രമീകരിക്കുന്നത്. ഏതെങ്കിലും സെമിനാരികളിലോ കോൺവെന്റുകളിലോ ചേരാൻ ആഗ്രഹിക്കുന്നവർക്ക് അതിരൂപതയിൽ നിന്നും NOC ലഭിക്കുന്നതിന് ദൈവവിളി ക്യാമ്പിലെ പങ്കാളിത്തം അനിവാര്യമാണ്.

വൈദിക പരിശീലനത്തിൽ പ്രാർത്ഥന വഴിയായും സാമ്പത്തികമായും സഹായം ചെയ്യുന്ന എല്ലാ ഉപകാരികളേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ പങ്കുവയ്ക്കലിന് ദൈവം നൂറ് മേനി ഫലം തരട്ടെ. വൈദികപരിശീലനത്തിന് ഇനിയും സാമ്പത്തിക സഹായത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഉപകാരികളായിതീരുവാൻ ആഗ്രഹിക്കുന്നവരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. മുൻവർഷങ്ങളിലേതുപോലെ ഓശാന ഞായറാഴ്ചത്തെ സ്തോത്രകാഴ്ച അതിരൂപതയിലെ വൈദിക പരിശീലനത്തിനുള്ള ചിലവിനുവേണ്ടി നമുക്ക് മാറ്റിവയ്ക്കാം.

പ്രിയ കുട്ടികളെ, പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് എല്ലാ വിജയാശംസകളും നേരുന്നു. ഏറ്റവും അനുയോജ്യമായ ദൈവവിളി തിരഞ്ഞെടുക്കുവാനും അങ്ങനെ ദൈവത്തിന്റെ നല്ല മക്കളായി ജീവിക്കുവാനും നിങ്ങൾക്ക് കൃപ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങളെ ഏവരേയും പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2025 ഫെബ്രുവരി 25 ന് വാ. സിസ്റ്റർ റാണി മരിയായുടെ തിരുനാൾ ദിനം നൽകപ്പെട്ടത്.*

---

NB: ഈ സർക്കുലർ 2025 മാർച്ച് 16-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 80 /2025, Circular No. 04/2025

## വിശ്വാസോത്സവം

ഈശോയിൽ സ്നേഹമുള്ളവരെ,

2024–2025 അധ്യായന വർഷത്തെ കുട്ടികളുടെ വിശ്വാസപരിശീലനം ഏപ്രിൽ 06-ന് നടത്തുന്ന വാർഷിക പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യായന വർഷം മുഴുവൻ ഈശോയെക്കുറിച്ചും തിരുസ്സഭയെക്കുറിച്ചും പഠിച്ച കാര്യങ്ങൾ കൂടുതൽ അനുഭവതലത്തിലേക്ക് കൊണ്ടുവരുന്നതിനും വിശ്വാസപരിശീലനം കൂടുതൽ ആകർഷകമാക്കുന്നതിനും സമഗ്രവ്യക്തിത്വവികസനം സാധ്യമാക്കുന്നതിനും വേണ്ടിയാണ് ഏപ്രിൽ 01 മുതൽ 04 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം ആചരിക്കുന്നത്.

ഈ വർഷം കുട്ടികൾക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്ന വിശ്വാസോത്സവ വർക്ക്ബുക്കിന്റെ സവിശേഷമായ പ്രമേയം ദൈവവചനമാണ്. ദൈവിക വെളിപാടിന്റെ ഉറവിടങ്ങളായ വിശുദ്ധ ലിഖിതങ്ങളിലും വിശുദ്ധ പാരമ്പര്യത്തിലും അധിഷ്ഠിതമാണ് വിശ്വാസപരിശീലനം. വെളിപ്പെടുത്തപ്പെട്ട വചനത്തിന്റെ വിശദീകരണവും വ്യാഖ്യാനവുമാണ് വിശ്വാസ പരിശീലനത്തിലൂടെ ലഭിക്കുന്നത്. വി. ഗ്രന്ഥത്തിലൂടെ ലഭ്യമായിരിക്കുന്ന ദൈവവചനത്തോട് ഗാഢബന്ധം പുലർത്തിക്കൊണ്ട് രക്ഷാകരമായ അനുഭവത്തിൽ വളരാൻ കുട്ടികൾ പരിശീലിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.

തേൻപോലെ മധുരിക്കുന്ന വചനത്തെ ഭക്ഷിക്കാൻ, വചനം അനുസരിക്കുകയും ജീവിക്കുകയും ചെയ്യുന്നവരാകാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ഈ വർഷത്തെ വിശ്വാസോത്സവ

വർക്ക്ബുക്ക് തയ്യാറാക്കിയിരിക്കുന്നത്. വർക്ക്ബുക്കിലെ കഥകളും മത്സരങ്ങളും ഗ്രൂപ്പ് പ്രവർത്തനങ്ങളും വചനമായ ഈശോയെ കൂടുതൽ അടുത്തറിയാൻ കുട്ടികളെ സഹായിക്കും. കുട്ടികളുടെ സ്വഭാവരീതികളും കഴിവുകളും സിദ്ധികളും കണ്ടെത്തി വികസിപ്പിക്കാനും വേണ്ടതിരുത്തലുകൾ വരുത്താനും വിശ്വാസോത്സവത്തിലൂടെ ശ്രമിക്കുന്നു.

ആറ് വർക്ക്ബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായി ഈ വർഷം കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് തയ്യാറാക്കിയിരിക്കുന്നത്. തികച്ചും ആകർഷകമായ രീതിയിൽ ഒരുക്കിയിരിക്കുന്ന വർക്ക്ബുക്കുകൾ എല്ലാ കുട്ടികൾക്കും വിശ്വാസപരിശീലകർക്കും ഉണ്ടായിരിക്കേണ്ടതാണ്. വിശ്വാസോത്സവത്തിൽ ഒന്ന് മുതൽ പതിനൊന്ന് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുക്കണം. രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.45 വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവ ദിനങ്ങളിൽ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ വി. കുർബാനയോടുകൂടിയായിരിക്കണം ക്ലാസ്സുകൾ ആരംഭിക്കേണ്ടത്. ദിവസങ്ങളുടെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു.

വിശ്വാസോത്സവ ദിവസങ്ങളിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളെയും വൈദികവിദ്യാർത്ഥികളെയും ഭക്തസംഘടനാ പ്രതിനിധികളെയും പങ്കെടുപ്പിക്കുന്നത് നല്ലതാണ്. വിശ്വാസോത്സവം വിജയിപ്പിക്കുവാൻ ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റെയും സഹായസഹകരണങ്ങൾ ഉറപ്പുവരുത്തണം. ബഹു. വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും വിശ്വാസപരിശീലകരോടും ചേർന്ന് ഇടവക അജപാലന സമിതി അംഗങ്ങളും സംഘടനാഭാരവാഹികളും വിശ്വാസോത്സവക്രമീകരണങ്ങൾക്ക് സഹായിക്കേണ്ടതാണ്.

ഏപ്രിൽ 4-ാം തീയതിയാണല്ലോ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 19-ാം ചരമവാർഷികം ആചരിക്കുന്നത്. അന്നേദിവസം വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിക്കുകയും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

പ്രിയ മാതാപിതാക്കളെ, ഏപ്രിൽ 06-ന് നടത്തുന്ന വാർഷിക പരീക്ഷയോടുകൂടിയാണ് ഈ അധ്യായനവർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ പൂർത്തിയാകുന്നത്. കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകരെന്ന നിലയിൽ മാതാപിതാക്കൾ വിശ്വാസോത്സവത്തോട് പൂർണ്ണമായി സഹകരിക്കുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കൂടാതെ, ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ എന്ന നിലയിൽ കുട്ടികളുടെ ഞായറാഴ്ച ആചരണം ഒരിക്കലും മുടങ്ങാതിരിക്കുവാനും അവധിക്കാലത്ത് കുട്ടികളെ ആത്മീയ ഉണർവ്വ് ലഭിക്കുന്ന ധ്യാനങ്ങളിലും ഇതരപരിപാടികളിലും പങ്കെടുപ്പിക്കുവാനും ശ്രദ്ധിക്കണം.

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസ്സുകൾ ഏപ്രിൽ 21 മുതൽ 25 വരെ സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും നിർബന്ധമായി വിശ്വാസോത്സവത്തിൽ പങ്കെടുക്കണം.

വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും വിശ്വാസപരിശീലകരെയും അജപാലനസമിതി അംഗങ്ങളെയും വിവിധ സംഘടനാഭാരവാഹികളെയും മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു. വിശ്വാസോത്സവം ഇടവകയുടെ മുഴുവൻ വിശ്വാസരൂപീകരണത്തിന്റെ ആഘോഷദിനങ്ങളാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2025 ഫെബ്രുവരി 23 ന് വിശുദ്ധ പോലിക്കാർപ്പിന്റെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.*

---

NB: ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 82 /2025, Circular No. 05/2025

## സാൻജോസ് തീർത്ഥാടനം - പനത്തടി

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരെ,

2025 ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങൾ നടത്തണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ടല്ലോ. കാസർഗോഡ് മേഖലയിലെ ദൈവജനത്തിന് പങ്കെടുക്കുവാൻ കഴിയുംവിധം മാർച്ച് 18 ചൊവ്വാഴ്ച രാത്രി പനത്തടി സെന്റ് ജോസഫ്സ് തീർത്ഥാടന ദൈവാലയത്തിലേക്ക് തീർത്ഥാടനം സംഘടിപ്പിക്കുകയാണ്. കാസർഗോഡ്, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, മാലോം, പനത്തടി എന്നീ ഫൊറോനകളിലെ ഇടവകകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം നടത്തുന്നത്. മാർച്ച് 18 ചൊവ്വാഴ്ച രാത്രി 9 മണിക്ക് പടിമരുത് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തിയ ശേഷം രാത്രി 11 മണിയോടെ പനത്തടി സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിലേയ്ക്ക് ജപമാല ചൊല്ലി കാൽനടയായാണ് തീർത്ഥാടനം നടത്തുന്നത്.

മാലോം ഫൊറോനായിലെ പള്ളികളിൽ നിന്നുള്ള തീർത്ഥാടകർ മാർച്ച് 18 ചൊവ്വാഴ്ച രാത്രി 9 മണിക്ക് മാലോം സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ സമ്മേളിച്ചതിനുശേഷം തീർത്ഥാടനമായി പനത്തടിയിലേക്ക് എത്തുന്ന വിധത്തിലും പടുപ്പ്, പാണത്തൂർ ഭാഗങ്ങളിലെ തീർത്ഥാടകർ മാർച്ച് 19 ന് രാവിലെ നാലരയ്ക്ക് പനത്തടിയിൽ എത്തുന്ന വിധത്തിലുമാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. കാസർഗോഡ്, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് എന്നീ ഫൊറോനാകളിൽ നിന്നുള്ള തീർത്ഥാടകരും അതിരൂപതയിലെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ള തീർത്ഥാടകരും മാർച്ച് 18 ചൊവ്വാഴ്ച രാത്രി 9 മണിക്ക് പടിമരുത് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ സമ്മേളിച്ചതിനുശേഷം

രാത്രി 11 മണിയോടെ പനത്തടിയിലേക്ക് തീർത്ഥാടനം നടത്തും. പടിമരുതിൽനിന്ന് 14 കിലോമീറ്റർ സഞ്ചരിച്ച് മാർച്ച് 19 ന് ബുധനാഴ്ച രാവിലെ നാലര മണിയോടെ പനത്തടി സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിൽ എത്തിച്ചേർന്ന് 5 മണിക്കുള്ള ദിവ്യബലിയോടെയാണ് തീർത്ഥാടനം പൂർത്തിയാക്കുന്നത്.

കഴിഞ്ഞ വർഷം ഡിസംബർ മാസം ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിലേക്ക് നടത്തിയ പ്രഥമ മരിയൻ തീർത്ഥാടനത്തിൽ 25,000 ആളുകളാണ് പങ്കെടുത്തത്. 35 കിലോമീറ്റർ കാൽനടയായി അനേകായിരങ്ങൾ നടത്തിയ തീർത്ഥാടനം നമ്മുടെ അതിരൂപതക്ക് ആത്മീയ ഉണർവിന്റെയും ദൈവാനുഭവത്തിന്റെയും അവസരമായിരുന്നു. തലശ്ശേരി അതിരൂപതാംഗങ്ങളായ നമ്മൾ വി. യൗസേപ്പിതാവിനോട് സവിശേഷമായ വിധത്തിൽ ഭക്തി പ്രകടിപ്പിക്കുന്നവരാണ്. ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ കാവൽക്കാരനുമായ വി. യൗസേപ്പിതാവാണ് നമ്മുടെ അതിരൂപതയുടെ മധ്യസ്ഥൻ. ഇല്ലായ്മകളിലും പ്രതിസന്ധികളിലും നമ്മുടെ കാരണവൻമാർ വലഞ്ഞപ്പോൾ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യമാണ് അവർക്ക് ബലം നല്കിയത്. ഈ തീർത്ഥാടനത്തിലൂടെ യൗസേപ്പിതാവിനോടുള്ള ഭക്തി നമുക്ക് പ്രകടിപ്പിക്കാം.

"നിങ്ങൾ യൗസേപ്പിന്റെ പക്കലേയ്ക്ക് ചെല്ലുക" (ഉൽപ. 41: 55) എന്ന തിരുവചനം ധ്യാനിച്ചുകൊണ്ട് യൗസേപ്പിതാവിന്റെ പക്കലേക്ക് നമുക്ക് തീർത്ഥാടനം നടത്താം. തലശ്ശേരി അതിരൂപത സംഘടിപ്പിക്കുന്ന പ്രഥമ പനത്തടി തീർത്ഥാടനത്തിന് നിങ്ങളെ ഏവരേയും സ്നേഹത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു. ത്യാഗത്തോടെ പ്രാർത്ഥിച്ച് വി. യൗസേപ്പിതാവിന്റെ പക്കലെത്തുമ്പോൾ ഈശോ അനുഗ്രഹത്തിന്റെ കരം നമുക്കുമേൽ ഉയർത്തും. തീർത്ഥാടനത്തിനുവേണ്ട ക്രമീകരണങ്ങൾ ഓരോ ഇടവകകളിലും ബഹു. വികാരിയച്ചൻമാരുടേയും പാരീഷ്കൗൺസിൽ അംഗങ്ങളുടേയും നേതൃത്വത്തിൽ നടത്തേണ്ടതാണ്. കുടുംബക്കൂട്ടായ്മകളിൽ തീർത്ഥാടനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ദൈവജനത്തെ അറിയിക്കുകയും പരമാവധി ആളുകളെ തീർത്ഥാടനത്തിന് പങ്കെടുപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുമല്ലോ. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം നിങ്ങൾക്കേവർക്കും നേർന്നുകൊണ്ട്,

**സ്നേഹത്തോടെ,**

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

---

NB: ഈ സർക്കുലർ 2025 ഫെബ്രുവരി 23 ന് ഞായറാഴ്ച കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, വെള്ളരിക്കുണ്ട്, മാലോം ഫൊറോനകളിലെ പള്ളികളിൽ ദിവ്യബലിമധ്യേ വായിച്ചതാണ്.

# കച്ചേരിക്കാര്യം
## മാർച്ച് 2025

**1. നോമ്പുകാലം**

ഈ വർഷത്തെ അമ്പത് നോമ്പ് 2025 മാർച്ച് 02 തീയതി അർദ്ധ രാത്രിലാണ് ആരംഭിക്കുന്നത്. നോമ്പുകാലത്ത് വിവാഹഘോഷ ങ്ങൾക്ക് മുടക്കമായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു. മറ്റ് ചടങ്ങു കളും നോമ്പിന്റെ ലാളിത്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**2. നാമഹേതുക തിരുനാൾ**

മാർച്ച് 19 ന് സ്വർഗ്ഗീയ മധ്യസ്ഥന്റെ തിരുനാൾ ആഘോഷി ക്കുന്ന തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന് ഹൃദയപൂർവ്വം തിരുനാൾ മംഗള ങ്ങൾ ആശംസിക്കുന്നു. ഈശോയുടെ വളർത്തുപിതാവും തിരു സഭയുടെ കാവൽക്കാരനുമായ വി. യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ്യവും അനുഗ്രഹവും തിരുനാൾ ദിനത്തിൽ പ്രിയപ്പെട്ട പിതാവിന് സ്നേഹപൂർവ്വം ആശംസിക്കുന്നു. തലശ്ശേരി അതിരൂ പതയെ ആത്മീയ ചൈതന്യത്തോടെ നയിക്കുന്ന അഭിവന്ദ്യ പിതാ വിനെ ഓർത്തു ദൈവത്തിന് നന്ദി പറയാം. എറണാകുളം - അങ്ക മാലി അതിരൂപതയിലെ പ്രതിസന്ധികൾ പരിഹരിക്കുവാൻ മേജർ ആർച്ച് ബിഷപ്പിന്റെ വികാരി എന്ന നിലയിൽ അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്ന ഭാരിച്ചതും കഠിനവുമായ ഉത്തരവാദിത്വങ്ങളുടെ പൂർത്തീകരണത്തിന് വി. യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ്യം ഉണ്ടാകട്ടെ. മാർച്ച് 19ന് ഇടവക ദൈവാലയങ്ങളിൽ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മപ്പെടുത്തുമല്ലോ. നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ജോസഫ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്ക് തിരുനാൾ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**3. ജീവകാരുണ്യ നിധി**

തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാ വിന്റെ തിരുനാൾ ദിനമായ മാർച്ച് 19 നോടനുബന്ധിച്ചാണ് എല്ലാ

വർഷവും ജീവകാരുണ്യ ഫണ്ട് സമാഹരിക്കുന്നത്. ജീവകാരുണ്യ ഫണ്ടിന്റെ കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും വാർഡ് പ്രതിനിധികൾത്തന്നെ കവറുകൾ വീടുകളിൽ നിന്ന് ശേഖരിക്കുകയും ചെയ്യുമല്ലോ. ജീവകാരുണ്യഫണ്ടിന്റെ കവറുകൾ ഇടവകയിലെ എല്ലാ ഭവനങ്ങളിലും എത്തിയെന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തുമല്ലോ.

**4. സാൻജോസ് തീർത്ഥാടനം - പനത്തടി**

കാസർഗോഡ് റീജിയണിലെ ഇടവകകളെ പങ്കെടുപ്പിച്ചുകൊണ്ട് വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള തീർത്ഥാടനാലയമായ പനത്തടി സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിലേക്ക് 2025 മാർച്ച് പതിനെട്ടിന് തീർത്ഥാടനം സംഘടിപ്പിക്കുന്നു. കാസർഗോഡ്, പനത്തടി, കാഞ്ഞങ്ങാട്, മാലോം, വെള്ളരിക്കുണ്ട് എന്നീ ഫൊറോനാകളിലെ ഇടവകളുടെ പ്രത്യേക പങ്കാളിത്തത്തോടെയാണ് ഈ തീർത്ഥാടനം നടത്തുന്നത്. 2025 മാർച്ച് 18 ന് രാത്രി 9 മണിക്ക് പടിമരുത് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ എത്തിച്ചേർന്ന് വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള വചന വിചിന്തനത്തിനും ദിവ്യകാരുണ്യ ആരാധനക്കും ശേഷം രാത്രി 11 മണിക്ക് പനത്തടി സെന്റ് ജോസഫ്സ് ദൈവാലയത്തിലേക്ക് ജപമാല ചൊല്ലി കാൽനടയായാണ് തീർത്ഥാടനം നടത്തുന്നത്. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ 19 ന് രാവിലെ നാലരയോടെ പനത്തടിയിൽ എത്തിച്ചേരുകയും തുടർന്ന് 5 മണിക്ക് ദിവ്യബലി അർപ്പിച്ചാണ് തീർത്ഥാടനം പൂർത്തിയാക്കുന്നത്. നമ്മുടെ അതിരൂപതാ മധ്യസ്ഥനായ വി. യൗസേപ്പിതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുവാൻ ഈ തീർത്ഥാടനം നമുക്ക് പ്രയോജനപ്പെടുത്താം. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് തീർത്ഥാടനത്തിനു നേതൃത്വം നൽകുകയും 19-ാം തീയതി രാവിലെ 5 മണിക്കുള്ള ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്യും. തീർത്ഥാടനത്തിന് ദൈവജനത്തെ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**5. ആണ്ട് തിരട്ട് പൊതുയോഗം**

ഈ വർഷത്തെ ആണ്ട് തിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 13-ാം തീയതി ഞായറാഴ്ചയോ, ഏപ്രിൽ 20-ാം തീയതി ഞായറാഴ്ചയോ ചേരേണ്ടതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് വായിച്ചു പാസ്സാക്കേണ്ടതും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടതും ഈ പൊതുയോഗത്തിലാണ്. കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുയോഗത്തിൽ അവതരിപ്പിക്കണം. പൊതുയോഗ തീരുമാനങ്ങൾ 2025 മെയ് 3-ാം തീയതിക്കു

മുമ്പായി അതിരൂപതാകച്ചേരിയിൽ നിന്ന് അംഗീകരിച്ച് വാങ്ങുകയും മെയ് 4-ാം തീയതി ഞായറാഴ്ച പുതിയ കൈക്കാരന്മാർ ചുമതല ഏല്ക്കുംവിധം ക്രമീകരണങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

**6. പള്ളികളിലെ കണക്കുകൾ ഓഡിറ്റിംഗിനായി തയ്യാറാക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ**

1. പള്ളികളിലെ കണക്കുകൾ ചെയ്യുവാൻ നമ്മൾ ഉപയോഗിക്കുന്ന കോംറ്റെസ് സോഫ്റ്റ്‌വെയർ വഴി കണക്കുകൾ രേഖപ്പെടുത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
2. മാസാവസാനം കമ്മറ്റിയിൽ തിരട്ടു വായിച്ച് പാസാക്കുമ്പോൾ കോംറ്റെസ് സോഫ്റ്റ്‌വെയർ നിന്ന് കമ്പ്യൂട്ടർ പ്രിന്റ് എടുത്ത് കമ്മറ്റി യോഗത്തിൽ അവതരിപ്പിച്ചാൽ മാത്രമേ കൃത്യമായി കണക്കുകൾ കമ്പ്യൂട്ടറിൽ അപ്ഡേറ്റ് ആകുകയുള്ളൂ.
3. ഓരോ മാസത്തെയും കണക്കുകൾ അടുത്ത് വരുന്ന മാസത്തിലെ മുപ്പതാം തീയതിക്ക് മുൻപ് പൂർത്തീകരിച്ചില്ലെങ്കിൽ അക്കൗണ്ട് ലോക്കാകും എന്ന് ഓർമ്മിപ്പിക്കുന്നു.
4. 10,000 രൂപയ്ക്ക് മുകളിലുള്ള തുകകളുടെ കൈ കാര്യങ്ങൾ ചെക്കിലൂടെ മാത്രമേ അനുവദനീയമായിട്ടുള്ളു.
5. ചെക്കുകൾ നൽകുമ്പോൾ ക്രോസ് ചെയ്ത് മാത്രം നൽകുക.
6. ലോൺ സ്വീകരിക്കുമ്പോൾ ഒരു വ്യക്തിയുടെ പക്കൽ നിന്നും 20,000 രൂപയിൽ താഴെ മാത്രമേ പണമായി സ്വീകരിക്കാൻ സാധിക്കൂ. പല തവണകളായി ലോൺ സ്വീകരിക്കുകയാണെങ്കിൽ, ലോൺ നീക്കിയിരിപ്പ് 20,000 രൂപയിൽ കൂടുകയാണെങ്കിൽ, ചെക്ക് മുഖേന മാത്രമേ ലോൺ സ്വീകരിക്കാനും മടക്കി നല്കുവാനും പാടുള്ളു.
7. കൂലി ഇനങ്ങൾക്കും കോൺട്രാക്ടുകൾക്കും ഒറ്റത്തവണയായി നൽകുന്ന പണം 30,000 ൽ കൂടുതലോ, ഒരു സാമ്പത്തിക വർഷത്തിൽ മൊത്തമായി നൽകിയ പണം 1,00,000 ൽ കൂടുതലോ ആയാൽ, TDS നിർബന്ധമായും ശേഖരിച്ച് അടയ്ക്കേണ്ടതാണ്. വ്യക്തികൾക്കാണ് നൽകുന്നത്. എങ്കിൽ 1%വും, കമ്പനികൾക്കോ partnership firm കൾക്കോ ആണെങ്കിൽ 2% വും, പ്രൊഫണൽ ഫീസുകൾ (ഓഡിറ്റ് ഫീസ്, അഡ്വക്കേറ്റ് ഫീസ്, എഞ്ചിനീയേഴ്സ് കൺസൾട്ടേഷൻ ഫീസ്, etc) 30,000 രൂപയിൽ കൂടുകയാണെങ്കിൽ കൊടുക്കുന്ന തുകയിൽ നിന്നും 10% വും കിഴിവ് ചെയ്ത് സർക്കാരിലേക്ക് അടക്കേണ്ടതാണ്. ഒരു വർഷം 2,40,000 രൂപയിൽ അധികം വാടക കൊടുക്കേണ്ടിവരുമ്പോഴും TDS (10%) ബാധകമാണ്.

8. മേല്പറഞ്ഞതുപോലെ കിഴിവു ചെയ്തു വെക്കുന്ന TDS തുക അടുത്ത മാസം 7-ഉം തീയതിക്കുള്ളിൽ ബാങ്കുവഴി സർക്കാരിലേക്ക് അടക്കേണ്ടതാണ്.
9. 25,000 രൂപയോ അതിൽ കൂടുതലോ സംഭാവന നൽകുന്നവരുടെ പാൻ/ആധാർ നമ്പറുകളും അഡ്രസ്സും വാങ്ങി സൂക്ഷിക്കേണ്ടതാണ്.
10. പള്ളികൾക്ക് (religious institutions) 2,00,000 രൂപതയിൽ താഴെയുള്ള സംഭാവനകൾ പണമായി സ്വീകരിക്കാവുന്നതാണ്.
11. പള്ളികളിലെ ആസ്തികളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഒരു ഫയൽ ആയിട്ട് എങ്കിലും സൂക്ഷിക്കേണ്ടതാണ്.
12. പള്ളി വികാരിയുടെ പാൻ നമ്പറിലെ പേര്, നമ്പർ, ഫോൺ നമ്പർ, കൂടാതെ, കണക്കുകൾ, സോഫ്റ്റ്വെയർ ചെയ്യുന്ന വ്യക്തിയുടെ പേരും ഫോൺ നമ്പറും, കോംപ്റ്റെസ് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതാണ്.

**7. കണക്കുകൾ ഓൺലൈനിൽ പൂർത്തിയാക്കാത്ത ഇടവകകൾ**

ചില ഇടവകകൾ മാസതിരട്ടുകൾ ഓൺലൈനായി സമർപ്പിക്കുന്നതായി കാണുന്നില്ല. 2025 ഏപ്രിൽ 5-ാം മുമ്പായി 2024-2025 സാമ്പത്തിക വർഷത്തെ മുഴുവൻ കണക്കുകളും ഓൺലൈനിൽ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പള്ളികളുടെ കണക്കുകൾ ഏപ്രിൽ 3-ാം തീയതി സോഫ്റ്റ് വെയറിൽ ചെയ്തു തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ. 2025 ഏപ്രിൽ 5 ന് പള്ളികളുടെ കണക്ക് ലോക്ക് ചെയ്യപ്പെടും എന്ന് ഓർമ്മിപ്പിക്കുന്നു. നിശ്ചിത തീയതിക്കുശേഷം കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് ഓൺലൈനിൽ സമർപ്പിക്കുവാൻ സൗകര്യം ഉണ്ടായിരിക്കുകയില്ല.

**8. മിഷൻ വിഹിതം**

പഞ്ചാബ് മിഷനുവേണ്ടിയുള്ള ഇടവകകളുടെ വിഹിതം അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കാത്തവർ 2025 മാർച്ച് 15 നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**9. നിയമാവലിപ്രകാരം അതിരൂപതാ കേന്ദ്രത്തിൽ അടയ്ക്കാനുള്ള പിരിവുകൾ**

1. ദുഃഖവെള്ളി
2. മതബോധന ഞായർ - ജൂൺ ആദ്യ ഞായർ
3. ബൈബിൾ ഞായർ - ജൂൺ രണ്ടാം ഞായർ
4. പത്രോസിന്റെ കാശ് - ജൂൺ മൂന്നാം ഞായർ
5. സഭാദിനം - ജൂലൈ 3

6. യുവജന ഞായർ - ജൂലൈ 3 കഴിഞ്ഞു വരുന്ന ഞായർ
7. നീതി ഞായർ - ഓഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായർ
8. ജയിൽ മിനിസ്ട്രി - സെപ്റ്റംബർ ഒന്നാം ഞായർ
9. മിഷൻ ഞായർ - മിഷൻ ഞായറാഴ്ച
10. സമ്പർക്ക മാധ്യമദിനം - നവംബർ മൂന്നാം ഞായർ
11. കുടുംബദിനം - ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായർ
12. സീറോ മലബാർ മിഷൻ ഞായർ - ജനുവരി 6 കഴിഞ്ഞുവരുന്ന ഞായർ
13. മദ്യവിരുദ്ധദിനം - ജനുവരി അവസാനത്തെ ഞായർ
14. തിരുബാലസഖ്യം - ഫെബ്രുവരി 2-ാം ഞായർ
15. അതിരൂപതാ ജീവകാരുണ്യഫണ്ട് - മാർച്ച് 19 കഴിഞ്ഞുവരുന്ന ഞായർ
16. നോമ്പുകാലപ്പിരിവ് - നോമ്പുകാലത്തെ ഏതെങ്കിലുമൊരു ഞായർ
17. സെമിനാരി ഫണ്ട് - ഓശാന ഞായർ

ദയവായി പ്രസ്തുത പിരിവുകൾ Other Fund Collections എന്ന ഹെഡിൽ മാത്രം രേഖപ്പെടുത്തുക. സൺഡേ കളക്ഷൻ എന്ന ഹെഡിൽ രേഖപ്പെടുത്തരുത് എന്ന കാര്യം ഓർമ്മിക്കുമല്ലോ.

- 2024 വർഷത്തെ പിപിഎഫ്ലേക്കുള്ള ഇടവകാ വിഹിതവും വ്യക്തി വിഹിതവും കുടിശ്ശിക ഉണ്ടെങ്കിൽ അതും തീർത്തടക്കുമല്ലോ. വ്യക്തിവിഹിതം അലവൻസിന്റെ പകുതിയും ഇടവകവിഹിതം ബഹു. വൈദികരുടെ അലവൻസിനെ അടിസ്ഥാനപ്പെടുത്തി ഇട വകകളുടെ ഗ്രേഡ് അനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന പോലെയും ആയിരിക്കും.

  A+ = 3.5 x അലവൻസ്
  A = 3x അലവൻസ്
  B = 2.5 x അലവൻസ്
  C = 1.5 x അലവൻസ്
  D = 1 x അലവൻസ്

**10. ആദരാഞ്ജലികൾ**

**1. ശ്രീമതി ത്രേസ്യാമ്മ ജോസഫ് കൂനങ്കിൽ (78)** : ബഹു. ഇമ്മാനുവേൽ കൂനങ്കിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ ജോസഫ് 2025 ജനുവരി 24 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജനുവരി 25 ന് വെള്ളരിയാനം മാർ സ്ലീവാ ദൈവാലയ സെമിത്തേരിയിൽ അഭി. മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ഇമ്മാനുവേൽ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**2. റവ. സി. മേരി ജെസ്സി എസ്.എച്ച് (93)** : തിരുഹൃദയ സന്യാസിനീസമൂഹം സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. മേരി ജെസ്സി എസ്.എച്ച് 2025 ജനുവരി 25 ന് നിര്യാതയായി. പാലാ രൂപതയിലെ വയല ഇടവകാംഗമായ നാലൊന്നുകാട്ടിൽ മാത്യു അന്നമ്മ ദമ്പതികളുടെ മകളായി ജനിച്ചു. കുളത്തുവയൽ, ആലക്കോട്, ചുങ്കക്കുന്ന്, തൊണ്ടിയിൽ, വായാട്ടുപറമ്പ്, കാല്ലാനോട്, ഉദയഗിരി, മണിമൂളി, കാടൻമല, കൊളക്കാട്, കട്ടിപ്പാറ, പൊരുമ്പടവ്, പൈസക്കരി, ബളാൽ, കളഞ്ച, മാങ്ങോട് എന്നീ മഠങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്‌കാര ശുശ്രൂഷകൾ 2025 ജനുവരി 26 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**3. ശ്രീമതി റോസമ്മ റാത്തപ്പിള്ളിൽ (80)** : ബഹു. ഫ്രാൻസീസ് റാത്തപ്പിള്ളിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി റോസമ്മ ചാക്കോ റാത്തപ്പിള്ളിൽ 2025 ഫെബ്രുവരി 01-ാം തീയയി നിര്യാതയായി. മൃതസംസ്‌കാര ശുശ്രൂഷകൾ 2025 ഫെബ്രുവരി 03-ാം തീയതി മാലോം സെന്റ് ജോർജ് ഫൊറോന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ബോബൻ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**4. ശ്രീ. തോമസ് മറ്റപ്പള്ളി (82)** : ബഹു. ലൂക്കോസ് മറ്റപ്പള്ളി അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. തോമസ് മറ്റപ്പള്ളി 2025 ഫെബ്രുവരി 10 ന് നിര്യാതനായി. മൃതസംസ്‌കാരശുശ്രൂഷകൾ 2025 ഫെബ്രുവരി 12 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ലൂക്കോസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**5. ശ്രീമതി ത്രേസ്യാമ്മ മാത്യു പന്തലാനിക്കൽ (97)** : ബഹു അബ്രാഹം പന്തലാനിക്കൽ അച്ചന്റെ പ്രിയപ്പെട്ട മാതാവും ബഹു. തോമസ് പന്തലാനിക്കൽ അച്ചന്റെ വല്യമ്മച്ചിയുമായ ശ്രീമതി ത്രേസ്യാമ്മ മാത്യു പന്തലാനിക്കൽ 2025 ഫെബ്രുവരി 11 ന് നിര്യാത

നായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2025 ഫെബ്രുവരി 14 ന് പനത്തടി സെന്റ് ജോസഫ് ഫൊറോന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. അബ്രാഹം അച്ചനും ജിന്റോ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**6. ശ്രീമതി ആലീസ് ഓട്ടപുന്നക്കൽ (53)** : ബഹു. വർക്കി തടത്തിമാക്കൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരി ശ്രീമതി ആലീസ് ഓട്ടപുന്നക്കൽ 2025 ഫെബ്രുവരി 15 ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2025 ഫെബ്രുവരി 16 ന് കരിക്കോട്ടക്കരി സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സന്തോഷച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**7. ശ്രീമതി അന്നമ്മ മാനുവൽ പാലക്കൽ (77)** : ബഹു. തോമസ് നീണ്ടൂരച്ചന്റെ പ്രിയപ്പെട്ട സഹോദരി ശ്രീമതി അന്നമ്മ മാനുവൽ പാലക്കൽ 2025 ഫെബ്രുവരി 16 ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2025 ഫെബ്രുവരി 17 ന്  മേരിഗിരി ലിറ്റിൽ ഫ്ളവർ ഫൊറോന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

## 11. സ്നേഹസ്മൃതി

| | |
|---|---|
| 1. റവ. ഫാ. തോമസ് അരീക്കാട്ട് | - 02-03-2022 |
| 2. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ | - 03-03-1968 |
| 3. മോൺ. മാത്യു എം. ചാലിൽ | - 05-03-2023 |
| 4. റവ. ഫാ. ഫ്രാൻസീസ് വാളായിൽ | - 10-03-2003 |
| 5. റവ. ഫാ. വർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ | - 13-03-1987 |
| 6. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി | - 17-03-1991 |
| 7. റവ. ഫാ. ജോർജ് പരുത്തിപ്പാറ | - 24-03-2011 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിലെ നിലവിലെ പ്രസ്ബിറ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ സമ്മേളനം 2025 ഫെബ്രുവരി 11-ാം തീയതി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ 70 അംഗങ്ങൾ പങ്കെടുത്തു. രാവിലെ 10:15 ന് ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ നയിച്ച പ്രാർത്ഥന ശുശ്രൂഷയോടെ യോഗം ആരംഭിച്ചു. ബഹു. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപടവിൽ യോഗത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്തു. തുടർന്ന് സെക്രട്ടറി ഫാ. മാത്യു കൊട്ടുകാപ്പള്ളി കഴിഞ്ഞ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. അധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് പൗരോഹിത്യം അർത്ഥപൂർണ്ണമായി ജീവിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സൂചിപ്പിച്ചു. ദൈവത്തോടും മേലധികാരികളോടും സഹവൈദികരോടും ദൈവജനത്തോടുമുള്ള ബന്ധങ്ങളെ കാര്യഗൗരവത്തോടെ സമീപിക്കുകയും ശ്രദ്ധയോടെ പരിപാലിക്കുകയും ചെയ്യുകയാണ്, പൗരോഹിത്യജീവിതം വിജയകരമാക്കാനുള്ള വഴിയെന്ന് ഫ്രാൻസിസ് പാപ്പ കേരളത്തിൽനിന്നുള്ള മെത്രാന്മാരുടെ സന്ദർശന സമയത്ത് അവരോടു പറഞ്ഞകാര്യം അഭിവന്ദ്യ പിതാവ് സമിതിയംഗങ്ങളുമായി പങ്കുവച്ചു.

അധ്യക്ഷപ്രസംഗത്തെ തുടർന്ന് മുൻകൂട്ടി നിശ്ചയിച്ച വിഷയങ്ങളിന്മേലുള്ള ചർച്ചകൾ ആരംഭിച്ചു. സമുദായ ശാക്തീകരണ വർഷത്തിൽ നടത്തേണ്ട റീജണൽ സമ്മേളനങ്ങളെപ്പറ്റി മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. സമുദായ ശാക്തീകരണ വർഷത്തിൽ വിഭാവനം ചെയ്യുന്ന വിവിധ പരിപാടികൾ പ്രധാനമായും രൂപതയിലെ വിവിധ അപ്പസ്റ്റോലേറ്റുകൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു.

സാമുദായിക ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ആരംഭിച്ച പദ്ധതികളെപ്പറ്റി ചർച്ചകൾ നടന്നു. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാൻ ആരംഭിച്ച നാലു പദ്ധതികളെപ്പറ്റി ഡയറക്ടർ ഫാ. ജോർജ് കോവാട്ട് വിശദീകരിച്ചു. 25-ാം വയസ്സിൽ വിവാഹമെന്നതും ദൈവം തരുന്ന മക്കളെ ഉപാധികളില്ലാതെ സ്വീകരിക്കുക എന്നതും കെ.സി.ബി.സിയുടെ കുടുംബജീവിതത്തെക്കുറിച്ചുള്ള പ്രഖ്യാപിത നയമാണെന്നും ഇക്കാര്യത്തിൽ തുടർബോധവത്ക്കരണങ്ങളിലൂടെയേ ഗുണകരമായ മാറ്റം സംജാതമാകൂ എന്നും അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു. പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ

ത്തിനായി അതിരൂപത ചെയ്യുന്ന വിവിധ സേവനങ്ങളെയും പദ്ധതിക ളെയുംപറ്റി അഭിവന്ദ്യ പിതാവ് വിശദീകരിക്കുകയും ഇവയെപ്പറ്റി ഇട വകകളിൽ യഥാസമയം അറിയിക്കണമെന്ന് ഓർമപ്പെടുത്തുകയും ചെയ്തു. കർഷകർ അഭിമുഖീകരിക്കുന്ന ജപ്തിവിഷയങ്ങളിൽ അവരെ എങ്ങനെ സഹായിക്കാം എന്ന വിഷയത്തിൽ എകെസിസി കൂടുതൽ പഠനങ്ങൾ നടത്തണമെന്ന് പിതാവ് അഭ്യർത്ഥിക്കുകയും നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന ഇടപെടലുകളെപ്പറ്റി ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ വിശദീകരിക്കുകയും ചെയ്തു. ആളുകളെ ഹെൽത്ത് ഇൻഷൂ റൻസ് ചെയ്യാൻ പ്രേരിപ്പിക്കണമെന്നും വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതിയിൽനിന്നും ഇടവകകൾ പിന്നോട്ടുപോകരുതെന്നും പിതാവ് കൂട്ടിച്ചേർത്തു.

റീജണൽ സമ്മേളനങ്ങളിൽ സുറിയാനി സമുദായത്തിന്റെ സ്വത്വ ബോധം വ്യക്തമാക്കുന്ന തലത്തിലുള്ള കലകൾ, പരമ്പരാഗത ഭക്ഷ ണങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തുന്നത് അഭികാമ്യ മാണെന്ന് യോഗം പൊതുവായി വിലയിരുത്തി. റീജണൽ സമ്മേളന ങ്ങൾ ആബാലവൃദ്ധം ഇനങ്ങളെയും ഉൾക്കൊള്ളിച്ചുള്ളതായിരിക്ക ണമെന്ന് തീരുമാനിച്ചതോടൊപ്പംതന്നെ കൈക്കാരന്മാരുടെ മാത്രമായ റീജണൽ സമ്മേളനങ്ങളും നടത്തണമെന്ന അഭിപ്രായമുണ്ടായി. റീജ നൽ സംഗമങ്ങൾക്ക് മുന്നോടിയായി ഇടവക തലത്തിൽ കുടുംബക്കൂ ട്ടായ്മ യൂണിറ്റുകളുടെ വാർഡ്തല വാർഷികാഘോഷങ്ങളും തുടർന്ന് വിവിധ മത്സര ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ ഇടവ കാദിനാഘോഷങ്ങളും സംഘടിപ്പിക്കണമെന്ന് പിതാവ് നിർദ്ദേശിച്ചു.

ചർച്ചയിലെ രണ്ടാമത്തെ വിഷയം വൈദികക്ഷേമം എന്നതായി രുന്നു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിഷയാവതരണം നടത്തി. വൈദികരുടെ ആരോഗ്യ ഇൻഷൂറൻസ് കെയർ ഹെൽത്തിൽ നിന്നും സ്റ്റാർ ഹെൽത്തിലേക്ക് മാറ്റിയതിനെപ്പറ്റി അദ്ദേഹം വിശദീകരിച്ചു. വൈദികർ ആശുപത്രിയിൽ അഡ്മിറ്റ് ആയാൽ 24 മണിക്കൂറിനുള്ളിൽ ഇൻഷൂറൻസ് കമ്പനിയെ അറിയിക്കണമെന്നും ഫൊറോനാ വികാരി മാർ ഇക്കാര്യത്തിൽ ഉത്തരവാദിത്വമെടുക്കണമെന്നും അച്ചൻ ആവ ശ്യപ്പെട്ടു. 68 വയസ്സുവരെയുള്ളവർക്കാണ് സ്റ്റാർ ഹെൽത്ത് ഇൻഷൂ റൻസ് എന്നും ഇതുവരെ ക്ലയിം ഒന്നും വേണ്ടാത്തവർക്ക് നാലു വർഷത്തെ തുടർച്ച (continuity) കമ്പനി പരിഗണിക്കുമെന്നും ബാക്കി മുതിർന്ന വൈദികർക്ക് ഗ്രൂപ്പ് ഇൻഷൂറൻസും ആയുഷ്മാൻ പദ്ധതി യുമാണ് നടപ്പിലാക്കുന്നതെന്നും പഠനത്തിനും ജോലിക്കുമായി ഇന്ത്യ ക്കുവെളിയിലുള്ള വൈദികരെ ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടു

ത്തിയിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പി പി എഫിലേയ്ക്കുള്ള വ്യക്തിഗത - ഇടവക വിഹിതങ്ങൾ ക്ഷേമനിധിയിലേയ്ക്ക് അടക്കുന്നതിൽ അലംഭാവം പാടില്ലെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ചർച്ചയിലെ മൂന്നാമത്തെ വിഷയമായി ഹെൽപ് ഡെസ്ക് & എഡ്യൂസ് പാർക്ക് എന്നതിനെപ്പറ്റി ബഹു. ജോസഫ് റാത്തപ്പള്ളിയച്ചൻ വിഷയാവതരണം നടത്തി. 25 ഇടവകകൾ ഒഴികെ ബാക്കിയെല്ലാവരും പ്രതിനിധി സംഘത്തെ തിരഞ്ഞെടുത്തെന്നും പ്രതിനിധികളുടെ റീജണൽ സംഗമങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും ഭംഗിയായി മുന്നേറുന്നുവെന്നും അച്ചൻ അറിയിച്ചു. എഡ്യൂസ് പാർക്കിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ബൗദ്ധിക പരിശീലനത്തിനുവേണ്ടി നടപ്പിലാക്കിയതും വിഭാവനം ചെയ്യുന്നതുമായ പദ്ധതികളെപ്പറ്റിയും അച്ചൻ വിശദീകരിച്ചു.

ചർച്ചയിലെ നാലാമത്തെ വിഷയമായി പാസ്റ്ററൽ കൗൺസിലിന്റെ തീരുമാനപ്രകാരം ചെമ്പേരിയിൽ വച്ചു മാർച്ചുമാസത്തിൽ നടത്തപ്പെടുന്ന ബൈബിൾ കൺവെൻഷനെക്കുറിച്ച് മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. ചെമ്പേരി മേഖലയിലെ നാലു ഫൊറോനകളുടെ നേതൃത്വത്തിൽ നടക്കുന്ന ഒരുക്കങ്ങളെപ്പറ്റി അച്ചൻ സൂചിപ്പിക്കുകയും അതത് ഫൊറോന വികാരിമാരോട് അത് സമയബന്ധിതമായി പൂർത്തിയാക്കുവാനും ആവശ്യപ്പെടുകയും ചെയ്തു. കൺവെൻഷന് ഒരുക്കമായി കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ മൂന്നു സോണുകളിൽ മധ്യസ്ഥ പ്രാർത്ഥനകൾ ആരംഭിച്ചുവെന്നും അച്ചൻ അറിയിച്ചു.

ചർച്ചയിലെ അവസാന വിഷയമായി പരിഗണിച്ചത് ചെമ്പേരി മരിയൻ തീർത്ഥാടനം, തോമാപുരം ദിവ്യകാരുണ്യ കോൺഗ്രസ് എന്നിവയെക്കുറിച്ചുള്ള വിലയിരുത്തൽ ആയിരുന്നു. ബഹു. ചാൻസലർ ജോസഫ് മുട്ടത്തുകുന്നേലച്ചൻ വിഷയാവതരണം നടത്തി. രണ്ടുപ്രോഗ്രാമുകളും മികച്ചതായിരുന്നുവെന്നും കോവിഡാനന്തര മാന്ദ്യത്തിൽനിന്നും ആളുകളെ ഉണർത്തുന്നതിൽ അവ ഗുണകരമായ പങ്കുവഹിച്ചുവെന്നും യോഗം വിലയിരുത്തി. മികച്ച സംഘടനാ പാടവം കൊണ്ടും വമ്പിച്ച ജനപങ്കാളിത്തം കൊണ്ടും ദിവ്യകാരുണ്യകോൺഗ്രസിനെ അതിരൂപതാ ചരിത്രത്തിന്റെ ഭാഗമാക്കിയതിന് നേതൃത്വം നല്കിയ ബഹു. മാണി മേൽവെട്ടം അച്ചനെ യോഗം അഭിനന്ദിച്ചു. മരിയൻ തീർത്ഥാടനം ജനപങ്കാളിത്തത്തോടൊപ്പം അതിരൂപതയിലെ ബഹുഭൂരിപക്ഷം വൈദികരുടെയും സാന്നിധ്യം വഴിയായും ശ്രദ്ധിക്കപ്പെട്ടുവെന്ന് യോഗം വിലയിരുത്തി.

വിവിധ മേഖലകൾ മരിയൻ സന്ധ്യകൾ നടത്തി, തികഞ്ഞ ആത്മീയാന്തരീഷത്തിൽ തീർത്ഥാടനങ്ങൾ ക്രമീകരിച്ചതിനെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. പൊതുധാരണകൾക്കപ്പുറം വന്നെത്തിയ തീർത്ഥാടകരെ സ്വീകരിക്കാനായി ചെമ്പേരിയിലെ ഒരുക്കങ്ങൾ മതിയാകാതെ വന്നതിനെപ്പറ്റിയും വരും വർഷങ്ങളിൽ കുറവുകൾ പരിഹരിച്ച് കാര്യങ്ങൾ ക്രമീകരിക്കാൻ എടുക്കേണ്ട മുൻകരുതലുകളെപ്പറ്റിയും യോഗം ചർച്ച ചെയ്തു.

മരിയൻ തീർത്ഥാടനം കൂടാതെ അതിരൂപതയുടെ വിവിധ ഭാഗങ്ങൾ കേന്ദ്രീകരിച്ച് വ്യത്യസ്ത തീർത്ഥാടനങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റിയും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. അതിൻപ്രകാരം മാർച്ചു മാസത്തിൽ പനത്തടി കേന്ദ്രീകരിച്ച് വി. യൗസേപ്പിന്റെ തീർത്ഥാടനവും നാല്പതാം വെള്ളിയാഴ്ച കൊട്ടത്തലച്ചിയിൽ നിന്നും ചെറുപുഴയിലേക്ക് പീഢാനുഭവ തീർത്ഥാടനവും പുതുഞായറാഴ്ച കൊളക്കാട് ഉത്ഥാനാനുഭവ തീർത്ഥാടനവും രൂപതയുടെ ഔദ്യോഗിക തീർത്ഥാടനങ്ങളായി നടപ്പിലാക്കുമെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു.

തുടർന്ന് ശ്യൂന്യവേളയിൽ എറണാകുളം സഭാതർക്ക വിഷയപരിഹാരത്തിനായി പരിയാരം മദർഹോമിൽ വച്ചു നടത്തപ്പെട്ട വൈദികരുടെ ആരാധന പരാമർശിക്കപ്പെടുകയുണ്ടായി. 63 വൈദികർ ആരാധനയിൽ പങ്കെടുത്തെന്നും വൈദികകൂട്ടായ്മ ഇടയ്ക്കിടെ ഇങ്ങനെ ഒരുമിച്ചുകൂട്ടുന്നത് പ്രോത്സാഹിപ്പിക്കണമെന്നും ചാൻസലർ അഭിപ്രായപ്പെട്ടു. യോഗം അഭിവന്ദ്യ പിതാവിന് പ്രാർത്ഥനയും മാനസിക പിന്തുണയും അറിയിക്കുകയും പിതാവ് വൈദികസമൂഹത്തോട് തന്റെ നന്ദി പറയുകയും ഇത് എറണാകുളം രൂപതയുടെ മാത്രമല്ല മുഴുവൻ സഭാഗാത്രത്തിന്റെയും പ്രശ്നമാണെന്ന് മനസ്സിലാക്കി പ്രാർത്ഥന തുടരുവാൻ വൈദികരോട് ആഹ്വാനം ചെയ്യുകയും ചെയ്തു. പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. മാത്യു കൊട്ടുകാപ്പള്ളി ഏവർക്കും നന്ദി പറയുകയും ത്രിസന്ധ്യാജപത്തോടെ യോഗം പര്യാവസാനിക്കുകയും ചെയ്തു.

സെക്രട്ടറി
**ഫാ. മാത്യു കൊട്ടുകാപ്പള്ളി**

# സെമിനാരി വാർത്തകൾ

**1. ദൈവവിളിക്യാമ്പ് – 2025**

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് മാർച്ച് 29, 30, 31 തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളിലെ ദൈവവിളി കണ്ടെത്താനും പരിപോഷിപ്പിക്കാനുമുള്ള ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും എസ്.എസ്.എൽ.സി, +2 കഴിഞ്ഞ, താല്പര്യമുള്ള, എല്ലാ കുട്ടികളെയും പറഞ്ഞയയ്ക്കുമല്ലോ. എല്ലാവരുടേയും സമ്പൂർണ്ണമായ സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ : മാർച്ച് 29,30,31**
**മാർച്ച് 29 ശനിയാഴ്ച 5 മണിക്ക് ആരംഭിക്കുന്നു**
**മാർച്ച് 31 തിങ്കൾ രാവിലെ 10.30 മണിക്ക് അവസാനിക്കുന്നു**

**ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ – ആൺകുട്ടികൾക്ക്**

| | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| 1 | അങ്ങാടിക്കടവ് | പേരാവൂർ, കുന്നോത്ത്, എടൂർ നെല്ലിക്കാംപൊയിൽ, മണിക്കടവ് |
| 2 | ചെമ്പന്തൊട്ടി | പൈസക്കരി, ചെമ്പേരി, വായാട്ടുപറമ്പ് ചെമ്പന്തൊട്ടി, ആലക്കോട് |
| 3 | ചട്ടമല | മേരിഗിരി, ചെറുപുഴ, തോമാപുരം മാലോം |
| 4 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി തളിപ്പറമ്പ, വെള്ളരിക്കുണ്ട് |

**ക്യാമ്പ് നടക്കുന്ന സ്ഥലം – പെൺകുട്ടികൾക്ക്**

| | |
|---|---|
| മദർ ഹോം, പരിയാരം | എല്ലാ ഫൊറോനകളിൽ നിന്നുള്ള പെൺകുട്ടികൾ |

**റീജണൽ ക്യാമ്പിനെ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് മാർച്ച് 29 ശനിയാഴ്ച വൈകിട്ട് 4 മണിക്കായിരിക്കും.

2. ക്യാമ്പിൽ പങ്കെടുക്കുന്നവർ വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്.
3. സെമിനാരിയിലും കോൺവെന്റുകളിലും ചേരുവാൻ താല്പര്യമുള്ള കുട്ടികളെ നിർബന്ധമായും ക്യാമ്പിൽ പറഞ്ഞുവിടണം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ അതിരൂപതയിൽ നിന്നുള്ള NOC ലഭിക്കുകയുള്ളൂ. അതിരൂപതയ്ക്കുവേണ്ടി നല്ല കുട്ടികളെ കണ്ടെത്തുകയും, നമ്മുടെ മൈനർ സെമിനാരിയിൽ ചേരാനുള്ള കുട്ടികളുടെ പേരുകൾ ക്യാമ്പിന് കത്തുകൊടുത്തുവിടുമ്പോൾ പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുമല്ലോ.
4. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും
5. വൊക്കേഷൻ പ്രമോട്ടേഴ്സിന് ക്യാമ്പ് സന്ദർശിക്കാനുള്ള സമയം മാർച്ച് 31-ാം തീയതി തിങ്കൾ രാവിലെ 8 മണി മുതൽ 10 മണി വരെ ആണ്. മറ്റ് ദിവസങ്ങളിൽ സന്ദർശനം അനുവദിക്കുകയില്ല.
6. ക്യാമ്പ് അവസാനിക്കുന്നത് മാർച്ച് 31-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 ന് ആയിരിക്കും.

**പെൺകുട്ടികളുടെ ക്യാമ്പ്**

പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതുകൊണ്ട് ഈ വർഷം മദർഹോമിൽ വച്ച് നടത്തുന്ന പെൺകുട്ടികളുടെ ക്യാമ്പിലേക്ക് സാധിക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞയക്കുമല്ലോ. ജീവിതദർശന ക്യാമ്പായിട്ടാണ് പെൺകുട്ടികളുടെ ക്യാമ്പ് നടത്തുന്നത്. ആയതിനാൽ 9 മുതൽ 12 വരെ പഠിക്കുന്ന പെൺകുട്ടികളെ ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാവുന്നതാണ്. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. ഒരു ഇടവകയിൽ നിന്നും കുറഞ്ഞത് 2 പെൺകുട്ടികളെയെങ്കിലും ക്യാമ്പിന് പങ്കെടുപ്പിക്കുവാൻ ബഹു. വൈദികരും സിസ്റ്റേഴ്സും താല്പര്യപ്പെടുമല്ലോ.

**2. അതിരൂപതാ മൈനർ സെമിനാരി സെലക്ഷൻ ക്യാമ്പ്**

- ഏപ്രിൽ 06,07,08,09,10 തീയതികളിൽ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.
- ഏപ്രിൽ 06 ഞായറാഴ്ച വൈകുന്നേരം 04 മണിക്ക് ആരംഭിച്ച് ഏപ്രിൽ 10 വ്യാഴാഴ്ച രാവിലെ 8 മണിക്ക് അവസാനിക്കുന്നു.
- നമ്മുടെ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിന് ഫീസ് ഉണ്ടായിരിക്കുകയില്ല.
- ഈ വർഷവും മിടുക്കന്മാരായ നല്ല കുട്ടികളെ നമ്മുടെ അതിരൂപത മൈനർ സെമിനാരിയിൽ ചേരുവാൻ പറഞ്ഞയക്കുമല്ലോ.

**3. അവധിക്കാല ധ്യാനങ്ങൾ, സേവനങ്ങൾ**

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ ആരംഭിക്കുന്നതാണ്. ഇടവകയിൽ കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ഇടവകയിലെ ആത്മസ്ഥിതി തയ്യാറാക്കൽ തുടങ്ങിയവ ചെയ്യുവാൻ നമ്മുടെ ബ്രദേഴ്സ് അവധിക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**4. ഉപകാരികളുടെ കൂട്ടായ്മ**

നമ്മുടെ മൈനർ സെമിനാരിയെ ആത്മീയവും, സാമ്പത്തികമായും സഹായിക്കുന്ന ഉപകാരികളുടെ കൂട്ടായ്മ ജനുവരി മാസം ഇരുപത്തഞ്ചാം തീയതി മൈനർ സെമിനാരിയിൽ വച്ചു സംഘടിപ്പിച്ചു. ഇരുനൂറോളം പേർ പങ്കെടുത്ത ഈ കൂട്ടായ്മയിൽ അഭിവന്ദ്യ പിതാവ് അതിരൂപതയ്ക്കുവേണ്ടി ഉപകാരികൾ ത്യാഗപൂർവ്വം ചെയ്യുന്ന ശുശ്രൂഷയ്ക്ക് നന്ദി അർപ്പിച്ചു.

**5. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെമ്മോറിയൽ പ്രസംഗമത്സരവും ബാസ്ക്കറ്റ്ബോൾ മത്സരവും**

മലബാറിലെ മൈനർ സെമിനാരികളിൽ നിന്നായി നൂറോളം വൈദികാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. പ്രസംഗമത്സരത്തിൽ മാനന്തവാടി സെമിനാരി ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി. ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ മാനന്തവാടി സെമിനാരി ഒന്നാംസ്ഥാനത്തിനും തലശ്ശേരി രണ്ടാം സ്ഥാനത്തിനും അർഹരായി.

**6. ഫാ. മനോജ് ഒറ്റപ്ലാക്കൽ മെമ്മോറിയൽ ബാസ്ക്കറ്റ്ബോൾ മത്സരം**

പ്രിയപ്പെട്ട മനോജ് അച്ചന്റെ ഓർമ്മയിൽ വൈദികർക്കുവേണ്ടി സംഘടിപ്പിച്ച ബാസക്കറ്റ്ബോൾ സൗഹൃദമത്സരത്തിൽ മാനന്തവാടി ഒന്നും, തലശ്ശേരി രണ്ടും, സ്ഥാനം കരസ്ഥമാക്കി.

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

### 1. വാർഷികപരീക്ഷ I - XI – ഏപ്രിൽ 06 ഞായർ

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### 2. മാർക്ക് വിഭജനം

**ക്ലാസ്സ് 1–3**

| | |
|---|---|
| പാഠപുസ്തകം | – 50 മാർക്ക് |
| ഉപപാഠം | – 20 മാർക്ക് |

**ക്ലാസ്സ് 4–11**

| | |
|---|---|
| പാഠപുസ്തകം | – 50 മാർക്ക് |
| ഉപപാഠം | – 10 മാർക്ക് |
| നമസ്ക്കാരം | – 05 മാർക്ക് |
| ജനറൽ ചോദ്യങ്ങൾ | – 05 മാർക്ക് |

### 3. വിശ്വാസോത്സവം – ഏപ്രിൽ 01 മുതൽ 04 വരെ

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

**a. വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)**

മാർച്ച് 8 ശനിയാഴ്ച അതിരൂപതാതല പഠനശിബിരം നടത്തുന്നതാണ്. ▸ ഓരോ ഫൊറോനയിൽ നിന്നും 7 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠന ശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ, പ്രധാനാധ്യപകരുടെ പ്രതിനിധി, 5 വിശ്വാസപരിശീലകർ). ▸ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് പറഞ്ഞയ

ക്കണം. ▸ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

**b. വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 16 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▸ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 7 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗിന് നേതൃത്വം നല്കുന്നത്. ▸ ഫൊറോനാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▸ മാർച്ച് 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

**4. വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. വിഷയം: ദൈവവചനം.

ആൽബത്തിൽ ദൈവവചനത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

ശ്രദ്ധിക്കുക: ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 14-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 20-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**5. സ്കോളർഷിപ്പ് പരീക്ഷ**

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി **ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തരപേപ്പറുകൾ ഏപ്രിൽ 14 തിങ്കളാഴ്ചക്കുള്ളിൽ** വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

## 6. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണം

ഏപ്രിൽ 4-ാം തീയതിയാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികം ആചരിക്കുന്നത്. വിശ്വാസോത്സവത്തിന്റെ സമാപനദിവസമായ അന്ന് വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിക്കുകയും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

## 7. സഭാവിജ്ഞാനീയ ക്വിസ്

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 22 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3 മണിവരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്. ❖ "ദിവ്യകാരുണ്യത്തിൽ നിന്ന് ജീവകാരുണ്യത്തിലേക്ക്" അധ്യായം 1 മുതൽ 7 വരെ ❖ സീറോമലബാർസഭയുടെ ചരിത്രം ❖ സഭയെ സംബന്ധിച്ച പൊതുവിവരങ്ങൾ.

### നിർദ്ദേശങ്ങൾ

■ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത്. ■ 30 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.

## 8. ASPCT പരീക്ഷ

➢വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുന്നത് "ദിവ്യകാരുണ്യത്തിൽ നിന്ന് ജീവകാരുണ്യത്തിലേക്ക്" എന്ന പുസ്തകമാണ്. ➢ആസ്പെക്ട് എഴുത്തുപരീക്ഷ മാർച്ച് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 മണിവരെയുള്ള സമയത്ത് നടത്തുന്നതാണ്. ➢പരീക്ഷയ്ക്കുമുൻപായി ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 150 മോഡൽചോദ്യങ്ങൾ വിശ്വാസപരിശീലകർക്ക് നൽകുന്നതാണ്. ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

## 9. അവധിക്കാല വേദപാഠം ഏപ്രിൽ 21-25

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 21 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 25-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി

കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 7-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ട താണ്.** ക്യാമ്പ് ഫീസ് 2000 രൂപയായിരിക്കും.

### 10. ഡിപ്ലോമ പരീക്ഷ ഉത്തരക്കടലാസ് മൂല്യനിർണയം

2024-2025 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷയെഴുതിയ കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണയക്യാമ്പ് ഫെബ്രുവരി 7, 8, 9 തീയതികളിൽ നടത്തി. മൂല്യനിർണയക്യാമ്പിൽ സി. വിനീത എസ്.എ.ബി.എസ്, സി. മരിയ എസ്.എ.ബി.എസ്, സി. ബെറ്റ്സി എസ്.എ.ബി.എസ്, സി. മേഴ്സിലിൻ എഫ്.സി.സി, സി. ലിസി ജോസ് എഫ്.സി.സി, സി. ജെസിൻ എഫ്.സി.സി, സി. ജെയ്സ് മരിയ എഫ്.സി.സി, സി. ലിയോണ എൻ.എസ്, സി. ജൂലി മരിയ എസ്.എച്ച്, സി. അനിജോ എസ്.എച്ച്, സി. ജോസ്മിൻ എസ്.എച്ച്, സി. ലിൻസി അഗസ്റ്റിൻ എസ്.എച്ച്, സി. ലിറ്റി ജേക്കബ് എസ്.എ ച്ച്, സി. ജോസ്ന സി.എം.സി, സി. പുഷ്പ ജോസ് സി.എം.സി, സി. ഉഷറ്റ് സി.എം.സി, സി. റ്റീന ജോസ് സി.എം.സി, സി. ഷൈജി പോൾ എം.എസ്.എം.ഐ എന്നിവർ പങ്കെടുത്തു. മൂല്യനിർണയക്യാമ്പിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

### 11. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷത യിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. മാർച്ച് 9 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ് കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 12. അതിരൂപതാ മതബോധന കമ്മിറ്റി

2024-2025 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ 2025 മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും ബഹു. ഫൊറോന വികാരിയച്ചന്മാരും ഫൊറോനാ പ്രസിഡന്റ്- സെക്രട്ടറിമാരും വിസിറ്റേഴ്സ് പ്രതിനിധികളും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും മതബോധന കമ്മിറ്റിയിൽ സംബന്ധിക്കുന്നു.

### 13. "എൻലൈറ്റ് 2024-2025"

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▸ സെമിനാർ ഒരു ഫൊറോന യിൽ ഒന്നോ, രണ്ടോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. മാർച്ച് 2, 9, 16, 23 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

**14. "എൻലൈറ്റ്" - നന്ദി**

എടൂർ, നെല്ലിക്കാംപൊയിൽ, കണിച്ചാർ, ആലക്കോട് എന്നീ സ്ഥലങ്ങളിൽവച്ച് എടൂർ, പേരാവൂർ, ആലക്കോട്, നെല്ലിക്കാംപൊയിൽ ഫൊറോനകളിൽ 7, 8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എൻലൈറ്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. ബിനോഷ് ആലയ്ക്കാമറ്റത്തിൽ, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ, ശ്രീ. ടോമി കുന്നേൽപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**15. ദിവ്യകാരുണ്യസന്ധ്യ - നന്ദി**

മേരിഗിരി, ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിലെ വിശ്വാസപരിശീലകർക്കായി ദിവ്യകാരുണ്യസന്ധ്യ നടത്തി. പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

**16. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം**

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 3 തിങ്കളാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

**17. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**18. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**19. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ

പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 20. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 21. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024-2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

### 22. റിട്ടയർമെന്റ്

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

### 23. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2024-2025 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ചു മാസത്തിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം വിശ്വാസോത്സവ വർക്കുബുക്കു

കൾ വിതരണം ചെയ്യുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ വച്ച് ഓഫീസിൽ അടയ്ക്കുവാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കുമല്ലോ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം, പാഠപുസ്തക - ഉപപാഠപുസ്തക തുകകൾ etc...)

| ഫൊറോന | തീയതി | സമയം |
|---|---|---|
| തളിപ്പറമ്പ് | 08-03-2025 ശനി | 02.00 pm |
| പേരാവൂർ | 11-03-2025 ചൊവ്വ | 09.00 am |
| എടൂർ | 11-03-2025 ചൊവ്വ | 10.30 am |
| കുന്നോത്ത് | 11-03-2025 ചൊവ്വ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 11-03-2025 ചൊവ്വ | 02.15 pm |
| മണിക്കടവ് | 11-03-2025 ചൊവ്വ | 03.30 pm |
| പൈസക്കരി | 11-03-2025 ചൊവ്വ | 05.00 pm |
| ചെമ്പേരി | 12-03-2025 ബുധൻ | 09.00 am |
| ചെമ്പന്തൊട്ടി | 12-03-2025 ബുധൻ | 10.30 am |
| വായാട്ടുപറമ്പ് | 12-03-2025 ബുധൻ | 12.00 pm |
| ആലക്കോട് | 12-03-2025 ബുധൻ | 02.15 pm |
| മേരിഗിരി | 12-03-2025 ബുധൻ | 03.30 pm |
| ചെറുപുഴ | 12-03-2025 ബുധൻ | 05.00 pm |
| തോമാപുരം | 13-03-2025 വ്യാഴം | 09.00 am |
| മാലോം | 13-03-2025 വ്യാഴം | 11.00 am |
| വെള്ളരിക്കുണ്ട് | 13-03-2025 വ്യാഴം | 12.15 pm |
| പനത്തടി | 13-03-2025 വ്യാഴം | 02.30 pm |
| കാഞ്ഞങ്ങാട് | 13-03-2025 വ്യാഴം | 04.30 pm |
| കാസർഗോഡ് | 14-03-2025 വെള്ളി | 02.30 pm |

**24. ആദരാഞ്ജലികൾ**

പനത്തടി സൺഡേ സ്കൂൾ പ്രധാനാധ്യാപകനും വിശ്വാസ പരിശീലന കേന്ദ്രം പനത്തടി ഫോറോനാ സെക്രട്ടറിയുമായ ജിജി മാത്യു പ്ലാത്തറ സാർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജിജി സാറിന്റെ കുടുംബാംഗങ്ങളെ കാറ്റക്കെറ്റിക്കൽ അപ്പോസ്റ്റോലേറ്റിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**25. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ രയറോം, കനീലടുക്കം, മേരിപുരം, കൊട്ടോടി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കോടോപ്പള്ളി സൺഡേ സ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ കൂടെ ആയിരിക്കേണ്ട ഈശോയുടെ അരികിലിരിക്കേണ്ട നോമ്പുകാലത്തിലേക്ക് പ്രവേശിക്കുവാൻ നാം ആത്മീയമായി ഒരുങ്ങുകയാണല്ലോ. നമ്മുടെ കണ്ണും കാതും തുറന്ന് സർവ്വോപരി ഹൃദയം തുറന്ന് നമ്മുടെ തന്നെ ജീവിതത്തിലേക്ക് എത്തിനോക്കാനുള്ള ഒരവസരമായി നമുക്ക് ഈ നോമ്പുകാലത്തെകാണാം. ബൈബിൾ വായന, പ്രാർത്ഥന, ആത്മീയ ഗ്രന്ഥപാരായണം, കാരുണ്യ പ്രവൃത്തികളിലുള്ള പങ്കാളിത്തം, തിന്മകൾ ഉപേക്ഷിക്കാനുള്ള തീരുമാനം എന്നിങ്ങനെ വിവിധങ്ങളായ പുണ്യങ്ങളിൽ വളരാം. ദൈവപിതാവിന്റെ സ്നേഹം നമ്മിൽ നിറയുവാനും, ക്രിസ്തുനാഥന്റെ മുഖം നമ്മിൽ പ്രകാശിക്കുവാനും, പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ പ്രകടമാകുവാനും ഈ നോമ്പുകാലത്തിൽ കൊച്ചു കൊച്ചു ത്യാഗങ്ങളിലൂടെ നമുക്ക് പരിശ്രമിക്കാം...

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധർ : വി. യൗസേപ്പിതാവ്
പ്രാർത്ഥനാനിയോഗം : പരീക്ഷ എഴുതുന്ന എല്ലാവർക്കും വേണ്ടി
സുകൃതജപം : ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിന് കൂട്ടായിരിക്കണമെ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

3 തിങ്കൾ : വിഭൂതി തിരുനാൾ, വലിയ നോമ്പാരംഭം
8 ശനി : ലോക വനിതാദിനം
19 ബുധൻ : വി. യൗസേപ്പിതാവിന്റെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, എം. റ്റി. സി. മേഖലാതല ക്യാമ്പുകൾ, പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കു വേണ്ടി തിരുസന്നിധിയിൽ ആരാധന.

**3. മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

എല്ലാ ശാഖാ വൈസ്ഡയറക്ടേഴ്സിനും 2024-2025 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**4. ജീവകാരുണ്യ കൂപ്പൺ**

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തിയ ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ് ഫെബ്രുവരി 22-ാം തിയതി ശനിയാഴ്ച സന്ദേശഭവനിൽ വച്ച് തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു. മെറ്റി തോമസ് കളത്തിപ്പറമ്പിൽ (ചെറുപുഴ), സിയാൻ ജിനോ കിഴക്കുംക്കര (വെള്ളരിക്കുണ്ട്), അശ്വതി രാജേഷ് വള്ളിയിൽ (വായാട്ടുപ്പറമ്പ്) എന്നിവർ ആദ്യത്തെ മൂന്ന് മെഗാ സമ്മാനങ്ങൾക്ക് അർഹരായി. മേഖല തിരിച്ച് ഓരോ ശാഖയ്ക്കും ഉള്ള പ്രോത്സാഹന സമ്മാനങ്ങൾ ഉടനെതന്നെ മേഖലകളിൽ എത്തിക്കുന്നതായിരിക്കും.

**5. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2025-2027 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തി ലിസ്റ്റ് എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തീയതി നേരത്തെ തന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**6. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2025-26 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തെരഞ്ഞെടുപ്പ് ഏപ്രിൽ 1 മുതൽ 4 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

**7. എം റ്റി സി ക്യാമ്പ്**

എല്ലാ മേഖലകളിലും എം റ്റി സി ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണു

മല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് മാർച്ച് 25 ന് മുൻപ് അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. അതിരൂപതാ എം റ്റി സി ക്യാമ്പ് ഏപ്രിൽ മാസത്തിൽ നടത്തുന്നതായിരിക്കും. സ്ഥലവും, തീയതിയും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

**8. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന**

ഈ വർഷം 10-ാം ക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

**9. എയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

**10. ക്രിസ്റ്റീൻ ധ്യാനം**

5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും കാറ്റക്കെറ്റിസത്തിന്റെയും നേതൃത്വത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. ക്രിസ്റ്റീൻ ധ്യാനം ആവശ്യമുള്ളവർ അതിരൂപത ഓഫീസുമായി ബന്ധപ്പെടുമല്ലോ.

അതോടൊപ്പം 7- 10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി മെയ് 25 - 29 തീയതികളിലായി മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. അവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

**11. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗ

ളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**12. ഹൃദയം നിറഞ്ഞ നന്ദി, ഹൃദ്യമായ സ്വാഗതം**

ജ്വലിക്കുന്ന തീക്ഷ്ണതയാൽ കർമ്മധീരതയോടെ ചെറുപുഷ്പ മിഷൻലീഗിനെ നയിച്ച് ഉപരിപഠനത്തിനായി പോയ വായാട്ടുപ്പറമ്പ് മേഖല ഡയറക്ടർ ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

വായാട്ടുപ്പറമ്പ് മേഖല ഡയറക്ടറായി നിയമിതനായ ജോൺസൺ പുലിയുറുമ്പിൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് അതിരൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**13. അവധിക്കാല നേതൃത്വ പരിശീലന ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി അവധിക്കാലത്ത് വിവിധ റീജിയണുകളിലായി അവധിക്കാല നേതൃത്വപരിശീലന ക്യാമ്പ് നടത്തുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ക്യാമ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**14. മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2025-26 വർഷത്തേക്കുള്ള മേഖലാ ജൂണിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മെയ് അവസാനത്തോടെയോ ജൂൺ ആദ്യ ആഴ്ചയോ നടത്തി ലിസ്റ്റ് അതിരൂപതയിൽ എത്തിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**15. മേഖലാ സന്ദർശനങ്ങൾ**

19.01.2025 ന് കാഞ്ഞങ്ങാട് മേഖലയും, 23.01.2025 ന് വായാട്ടുപ്പറമ്പ് മേഖലയും, 24.01.2025 ന് മേരിഗിരി മേഖലയും, 26.01.2025 ന് ചെമ്പന്തൊട്ടി മേഖലയും, 09.02.2025 ന് പേരാവൂർ, മണിക്കടവ് മേഖലകളും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു. ഇനി സന്ദർശിക്കാത്ത എല്ലാ മേഖലകളും ഈ മാസം തന്നെ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**16. ടീം ക്വിസ്സ് വിജയികൾ**

I^st^ വായാട്ടുപ്പറമ്പ് മേഖല

II^nd^ ആലക്കോട് മേഖല

III^rd^ കുന്നോത്ത് മേഖല

**വ്യക്തിഗത സമ്മാനം** - മാത്യു അന്തീനാട്ട് (വെളിമാനം ശാഖ)

**17. കൈയെഴുത്ത് മാസിക മത്സര വിജയികൾ**

I[st] പൈസക്കരി ശാഖ    II[nd] ഉമ്മറപൊയിൽ ശാഖ

III[rd] കോളയാട് ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:**

ചെറുപാറ, പരിയാരം, ജയഗിരി, ചേപ്പറമ്പ്, മണിപ്പാറ, ചരൾ, പാത്തൻപാറ, നെല്ലിക്കാംപൊയിൽ, ബളാൽ, കരിക്കാട്ടക്കരി, തയ്യേനി

**18. പ്രബന്ധ രചന മത്സര വിജയികൾ**

I[st] ബിസ്നിയ മരിയ വടകര - പൂപ്പറമ്പ

II[nd] മരിയ റോസ് ആട്ടുക്കുന്നേൽ - എടക്കോം

III[rd] ഏബൽ ജോ തോമസ് കാവുക്കാട്ട് - ഇരിട്ടി

**19. സമുദായശക്തീകരണ വർഷം - ദിയാക്കോണിയ പ്രവർത്തനം**

ദിയാക്കോണിയ പ്രവർത്തനത്തിന്റെ ഭാഗമായി ജനുവരി മാസത്തിൽ നേതൃത്വ ശക്തീകരണവുമായി ബന്ധപ്പെട്ട് ശാഖാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ആലക്കോട് വച്ച് ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഒപ്പം അതിരൂപത ഭാരവാഹികളുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേരുകയും പ്രവർത്തനങ്ങൾ രൂപീകരിക്കുകയും വിലയിരുത്തുകയും ചെയ്തു.

**20. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും, സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**21. മേഖലാ കൗൺസിൽ വാർഷികം**

16.02.2024 ഞായറാഴ്ച തളിപ്പറമ്പ് മേഖലയിൽ കൗൺസിൽ വാർഷികം നടന്നു. ഇനിയും മേഖലാ കൗൺസിൽ - വാർഷികം നടത്താത്ത എല്ലാ മേഖലകളും ഉടനെ തന്നെ കൗൺസിൽ - വാർഷികം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**22. സെമിനാറുകൾ, ക്ലാസ്സുകൾ**

- 26.01.2025 ന് തളിപ്പറമ്പ് ശാഖയിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ സെമിനാർ എടുത്തു.
- 09.01.2025 ന് കോടോപ്പള്ളി ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.
- 09.01.2025 ന് മണിപ്പാറ ശാഖയിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ സെമിനാർ എടുത്തു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

**പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും തപസിന്റെയും ചൈതന്യം കൊണ്ട് മനുഷ്യഹൃദയങ്ങളെ ദൈവിക വിശുദ്ധിയുടെ ചൈതന്യത്താൽ** ചേർത്തുനിർത്തുന്ന ഒരു നോമ്പുകാലത്തിലൂടെ നാം കടന്നുപോകുമ്പോൾ നോമ്പിലെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുവാനും കൊച്ചുകൊച്ചു ത്യാഗപ്രവർത്തിയിലൂടെ ഈശോയുടെ സഹനത്തിൽ പങ്കുചേരാനും നമുക്ക് പരിശ്രമിക്കാം.

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. യൗസേപ്പിതാവ്
പ്രാർത്ഥനാനിയോഗം : പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി
സുകൃതജപം : നീതിമാനായ വി. യൗസേപ്പേ, നീതിയിൽ വളരാൻ എന്നെ സഹായിക്കണമേ.
വചനം : മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നുപുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് (മത്താ 4:4).
പ്രവൃത്തി : വി. യൗസേപ്പിതാവിനെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.

## 1. ശാഖകൾ ശ്രദ്ധിക്കാൻ

3 തിങ്കൾ : വിഭൂതി തിരുനാൾ, വലിയ നോമ്പാരംഭം
8 ശനി : ലോക വനിതാദിനം
19 ബുധൻ : വി. യൗസേപ്പിതാവിന്റെ തിരുനാൾ

## 2. തിരുബാലസഖ്യദിനം

അതിരൂപതാതല തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച കോടോപ്പള്ളി ശാഖയിൽ വച്ച് നടന്നു. അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി തിരുബാല

സഖ്യദിനം ഉദ്ഘാടനം ചെയ്ത് കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ തിരുബാലസഖ്യദിനത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത ജോസ് പൂവ്വന്നിക്കുന്നേൽ അച്ചന് സ്നേഹത്തോടെ നന്ദി അറിയിക്കുകയും ചെയ്തു.

**3. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**4. കാരുണ്യത്തിന്റെ കരം**

കൊച്ചുകൂട്ടുകാർ 50 നോമ്പിൽ കൊച്ചു കൊച്ചു ത്യാഗം ചെയ്ത് രൂപീകരിക്കുന്ന തുക ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ഉപയോഗിക്കുമല്ലോ.

**5. നിറംകൊടുക്കാമോ ? ജനുവരി മാസത്തെ വിജയികൾ**

I ആൻവിയ ജോബി തോമ്പുന്നയിൽ - പടിയൂർ
II ജുവാൻ ചെങ്ങഴശ്ശേരിയിൽ - പെരിങ്കിരി
III ആൻമരിയ ജിനേഷ് - ചെട്ടിയാംപറമ്പ

**6. നിങ്ങൾക്കറിയാമോ ? ജനുവരി മാസത്തെ വിജയികൾ**

I ആരോൺ വള്ളിയാംതടത്തിൽ - പാലാവയൽ
II അലോൺസ് ആന്റണി നെടുതുണ്ടത്തിൽ - പെരിങ്കിരി

**7. ഈശോയെപ്പോലെ വളരാം .... വലുതാകാം.**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2025 - 2026 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണംഅതിരൂപത ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"നിന്റെ യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെ ടാൻവേണ്ടി, നിന്റെ ജീവിതകാലമത്രയും നിന്നെ സംതൃ പ്തനാക്കുന്നു " (സങ്കീ. 103:5)

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ/യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

മാർച്ച് 03 - വിഭൂതി തിരുനാൾ, വലിയനോമ്പാരംഭം
മാർച്ച് 08 - ലോകവനിതാദിനം
മാർച്ച് 19 - വി. യൗസേപ്പിതാവിന്റെ തിരുനാൾ
അതിരൂപതാദിനം

## SECOND SUNDAY YOUTH SUNDAY

2025 തലശ്ശേരി അതിരൂപത സമുദായ ശാക്തീകരണ വർഷം സമുദായ സ്നേഹത്തിൽ ഇടവക കൂട്ടായ്മയിൽ വളരാം എന്ന ആപ്തവാക്യവുമായി തുടങ്ങിയ ജൈത്രയാത്രക്ക് ആദ്യദിനത്തിൽ കൈകോർത്ത ഇടവകകൾക്കും 100% ഇടവകകളിലും നടത്താൻ നേതൃത്വം നൽകിയ വെള്ളരിക്കുണ്ട് ഫൊറോനക്കും 70% ഇടവകകളിലും നടത്താൻ നേതൃത്വം നൽകിയ കുന്നോത്ത് ഫൊറോനക്കും കാസർഗോഡ് ഫൊറോനക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**47-ാം മത് കെസിവൈഎം സംസ്ഥാന വാർഷിക സെനറ്റ്**

കെസിവൈഎം പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ യുവക്ഷേത്ര കോളേജ് മുണ്ടൂരിൽ വച്ചു നടന്ന കെസിവൈഎം 47-ാം മത് സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. അബിൻ വടക്കേക്കര അവതരിപ്പിച്ചു. സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ, ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, വൈസ് ഡയറക്ടർ സി. ജോസ്ന റോസ്, സ്റ്റേറ്റ് സിൻഡിക്കേറ്റ് വിപിൻ മാറുകാട്ടുകുന്നേൽ, റോസ് തോട്ടത്തിൽ, ട്രഷറർ എമിൽ നെല്ലംകുഴിയിൽ, വനിത സിൻഡിക്കേറ്റ് ശ്രേയ ശ്രുതിനിലയം എന്നിവർ പങ്കെടുത്തു.

**പ്രാർത്ഥനാശംസകൾ**

കെസിവൈഎം സംസ്ഥാന സമിതിയെ 2025-2026 വർഷക്കാലം നയിക്കാൻ തെരഞ്ഞടുക്കപ്പെട്ട സംസ്ഥാന പ്രസിഡന്റ് ശ്രീ. എബിൻ കണിവയലിന്റെയും സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ കൂളയുടെയും സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജോബിൻ ജോസിന്റെയും നേതൃത്വത്തിലുള്ള സംസ്ഥാന സമിതിക്ക് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ പ്രാർത്ഥനകളും ആശംസകളും.

**അഭിനന്ദനങ്ങൾ**

കെസിവൈഎം സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട വിപിൻ ജോസഫിന് തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**പ്രതിഷേധം**

ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ തുക 50% വെട്ടിക്കുറച്ച സർക്കാർ നടപടികൾക്കെതിരെ പ്രതിഷേധിച്ചു.

**സ്നേഹാദരവ്**

തലശ്ശേരി അതിരൂപതക്ക് വേണ്ടി വൈദികപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ സ്നേഹാദരവ്.

**STEPS**

സമുദായത്തെ അറിയാൻ... കൂട്ടായ്മയിൽ വളരാൻ 2025 തലശ്ശേരി അതിരൂപത സമുദായ വർഷം 19 ഫൊറോന കേന്ദ്രങ്ങളിൽ, 19 റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ, സമുദായ ശാക്തീകരണ വിഷയങ്ങളിൽ, നേതൃത്വ പരിശീലന വിഷയങ്ങളിൽ സംഘടിപ്പിക്കുന്ന യുവജന ചർച്ചകൾ നടത്തിവരുന്നു.

**ജാൻ എ മൻ**

അന്താരാഷ്ട്ര പ്രണയദിനത്തിൽ കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിന്റെ സഹകരണത്തോടെ വെള്ളരിക്കുണ്ട്, ചിറ്റാരിക്കാൽ, ചെറുപുഴ, ആലക്കോട്, കരുവഞ്ചാൽ, നടുവിൽ, പയ്യാവൂർ, മാടത്തിൽ, ഇരിട്ടി എന്നീ പട്ടണങ്ങളിൽ വർദ്ധിച്ചുവരുന്ന പ്രണയക്കൊലപാതകങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു.

**ധീരജവാൻമാർക്ക് പ്രണാമം**

പുൽവാമ ഭീകരാക്രമത്തിൽ മരണമടഞ്ഞ സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് കെസിവൈഎം തലശ്ശേരി അതിരൂപത അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഇരിട്ടി പട്ടണത്തിൽ ധീരജവാൻമാർക്ക് പ്രണാമം അർപ്പിച്ചു.

**ആദരാഞ്ജലികൾ**

കെസിവൈഎം തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. അഖിൽ മുക്കുഴിയുടെ വത്സല സഹോദരൻ അരുൺ മുക്കുഴിക്കും കാസർഗോഡ് ഫൊറോന ആനിമേറ്റർ സി. ഷാലിൻ പോളിന്റെ മാതാവ് അന്നമ്മ വിതയത്തിലിനും അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ ആദരാഞ്ജലികൾ.

**കാസർഗോഡ് ഫൊറോന**

- **നസ്രാണി കാർണിവൽ**

  നസ്രാണി പാരമ്പര്യവും കലകളും അണിനിരത്തി നസ്രാണി കാർണിവൽ രണ്ടാം ഘട്ടം കെസിവൈഎം കാസർഗോഡ് ഫൊറോനയുടെ നേതൃത്വത്തിൽ പൊയ്നാച്ചി യൂണിറ്റിൽ വച്ചു നടന്നു. പൊയ്നാച്ചി ഇടവക വികാരി ഫാ. ജോസഫ് കൊളുത്താപ്പള്ളിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ് ഫെബിൻ ചിറയിൽ അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ചാക്കോ കുടിപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. സി. റോസ് ജോളി ജെയിംസ് ക്ലാസ്സ് എടുത്തു.

- കാസർഗോഡ് ഫൊറോനയുടെ മൂന്നാമത് അർദ്ധവാർഷിക സെനറ്റ് കാസർഗോഡ് സെന്റ് ജോസഫ്സ് ദൈവാലത്തിൽ വച്ചു നടന്നു. ഫൊറോന വികാരി പെരിയ ബഹു. ഫാ. ജോർജ് വള്ളിമല ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ് ഫെബിൻ ചിറയിൽ അധ്യക്ഷത വഹിച്ചു. വിവിധ യൂണിറ്റുകൾ അവരുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

- യുവരചന സാഹിത്യമത്സരത്തിൽ വിജയികളായ യുവജനങ്ങൾക്ക് മെമന്റോ സമ്മാനിച്ചു.

**വെള്ളരിക്കുണ്ട് ഫൊറോന**

- കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയുടെ നമ്മുടെ പുസ്തകം പദ്ധതിയുടെ ആദ്യഘട്ടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പരപ്പയിലും മദർ സവിന റെസിഡൻഷ്യൽ സ്കൂളിലും പതിമൂന്നോളം ബുക്കുകൾ കൈമാറി പൂർത്തീകരിച്ചു.

- ഹൃദയപൂർവ്വം പദ്ധതി മൽപ്പച്ചേരി ന്യൂ മലബാർ പുനരധിവാസ കേന്ദ്രത്തിൽ ആവശ്യവസ്തുക്കൾ എത്തിച്ചു നൽകി പൂർത്തീകരിച്ചു.

- പത്രദിനത്തോടനുബന്ധിച്ച് നീണ്ട 26 വർഷക്കാലമായി പത്ര വിതരണ രംഗത്ത് പ്രവർത്തിക്കുന്ന കെ ഐക്ക് ഫൊറോന സമിതിയുടെ സ്നേഹാദരവ് നൽകി.

- ഹൃദയപൂർവ്വം പദ്ധതി മൊടയരഞ്ഞി സെന്റ് ജോസഫ് ഓൾഡേജ് ഹോമിൽ ആവശ്യവസ്തുക്കൾ എത്തിച്ചു നൽകി പൂർത്തീകരിച്ചു.

- കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യുവജന ശില്പശാല **Steps** വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ പരപ്പ യൂണിറ്റിൽ വച്ചു നടത്തപ്പെട്ടു.
- കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയുടെ ഡിസംബർ മാസത്തെ ഹൃദയപൂർവ്വം പദ്ധതി കരുവഞ്ചാൽ സ്പെഷ്യൽ സ്കൂളിൽ പൂർത്തീകരിച്ചു.
- വെള്ളരിക്കുണ്ട് ഫൊറോനയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം പരപ്പ യൂണിറ്റിൽ വച്ചു നടത്തി.

**തോമാപുരം ഫൊറോന**

- **നസ്രാണി കാർണിവൽ**

  നമ്മുടെ ക്രൈസ്തവ മൂല്യങ്ങളും സമൂല്യമായ ക്രൈസ്തവ പാരമ്പര്യവും വിശ്വാസവും കലയും തനതായ ഭക്ഷണരുചിയും യുവതലമുറയുടെ മുന്നിൽ അണിനിരത്തിക്കൊണ്ട് കെസിവൈഎം എസ്എംവൈഎം തോമാപുരം ഫൊറോനാതല ഉദ്ഘാടനം ബഡൂർ യൂണിറ്റിൽവച്ച് കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ് സാൻജോസ് കളരിമുറിയിൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ക്ലാസ്സ് എടുത്തു. ഫൊറോന ഡയറക്ടർ ഫാ. ജോൺസൺ പടിഞ്ഞാറയിൽ ആമുഖപ്രഭാഷണം നടത്തി.

**ചെറുപുഴ ഫൊറോന**

- **നസ്രാണി കാർണിവൽ**

  കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഹ്വാനപ്രകാരം നടത്തിവരുന്ന നസ്രാണി കാർണിവലിന്റെ ചെറുപുഴ ഫൊറോനാതല ഉദ്ഘാടനം മുളപ്ര, തിരുമേനി, താബോർ, ചൂരപ്പടവ് എന്നീ ഇടവകകളുടെ ആഭിമുഖ്യത്തിൽ മുളപ്ര സെന്റ് അൽഫോൻസ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.
- പൗരോഹിത്യ സ്വീകരണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ചെറുപുഴ ഫൊറോന വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ടിനെ ആദരിച്ചു.
- പ്രിയപ്പെട്ട ഷിൻസ് അച്ചന്റെ സ്മരണാർത്ഥം നടത്തിവരുന്ന 'ഓർമ്മക്കായി ഒരു നേരം' ഫെബ്രുവരി മാസത്തിൽ പുന്നക്കുന്ന് വൃദ്ധസദനത്തിൽ അമ്മമാരോടൊപ്പം നടത്തപ്പെട്ടു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

പ്രിയമുള്ളവരെ, വലിയ നോമ്പിന്റെ ദിനങ്ങളിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. നോമ്പ് അനുഷ്ഠിക്കപ്പെടേണ്ട പ്രധാന ഇടങ്ങൾ നമ്മുടെ കുടുംബങ്ങൾ ആണല്ലോ. ഈ നോമ്പുകാലം ജീവിത നവീകരണത്തിന്റെ, രൂപാന്തരപ്പെടലിന്റെ, ദൈവവുമായി ആഴത്തിലുള്ള അടുപ്പം സ്ഥാപിക്കലിന്റെ യാത്രയാവട്ടെ. പ്രാർത്ഥന, ഉപവാസം, പരോപകാരപ്രവർത്തനങ്ങൾ നമ്മുടെ ശീലമാവട്ടെ. മത്സ്യമാംസാദികൾ ഉപേക്ഷിക്കുന്നതോടൊപ്പം ദൈവസ്നേഹത്തിലും പരസ്നേഹത്തിലും കൂടുതലായി ആഴപ്പെടുന്നതിന് പ്രാധാന്യം നല്കാം. സ്നേഹത്തിൽ സംഭവിച്ച വീഴ്ചകളെ, ബന്ധങ്ങളിൽ ഉണ്ടായ വിള്ളലുകളെ, പങ്കുവയ്ക്കുന്നതിൽ കാണിച്ച ഉദാസീനതയെ തിരുത്തി ആത്മദാനത്തോളം സ്നേഹിച്ച ക്രിസ്തുവിനെ അടുത്തനുകരിക്കുന്നവരാകാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഫെബ്രുവരി 13-15 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 160 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഫെബ്രുവരി 1ന് എക്സിക്യുട്ടീവ് മീറ്റിംങ്ങ് നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസത്തെ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) ദിയാക്കോണിയ 2k25

തലശ്ശേരി അതിരൂപത സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ച് എല്ലാ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് ദിയാക്കോണിയ 2k25 തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ഫെബ്രുവരി 1-ാം തീയതി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത സംഗമത്തിൽ ഡയറക്ടർ, ആനിമേറ്റർ, അതിരൂപതാ ഭരവാഹികൾ, മേഖല പ്രസിഡന്റുമാർ, മേഖല ആനിമേറ്റർമാർ എന്നിവർ സംബന്ധിക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഫാമിലി അപ്പൊസ്റ്റോലേറ്റ് സമുദായ ശക്തീകരണവർഷത്തിൽ ചെയ്യുന്ന 12 ഇന പരിപാടികളെക്കുറിച്ച് ഡയറക്ടറച്ചൻ സംസാരിക്കുകയുണ്ടായി.

### 12 ഇന പരിപാടികൾ

1. വിവിധ സംഘടനകളിലെ നേതൃസ്ഥാനത്തുള്ളവർക്കായി കാര്യക്ഷമമായ നേതൃത്വപരിശീലനം
2. സംഘടനാ ശക്തീകരണം - സമ്പൂർണ്ണ മാതൃവേദി യൂണിറ്റുകളുടെ രൂപീകരണം.

3. സമുദായത്തിലെ അസ്വസ്ഥതകൾ അനുഭവിക്കുന്നവർക്കായി പ്രത്യേക കൗൺസിലിംഗ് ശുശ്രൂഷകൾ.
4. പൗരോഹിത്യ - സമർപ്പിത - വിവാഹജീവിതത്തിന്റെ സുവർണ്ണ ജൂബിലേറിയൻസിന് സവിശേഷമായ ആദരം
5. മെഗാ മാർഗ്ഗം കളി
6. വലിയ കുടുബങ്ങളുടെ റീജണൽ സംഗമങ്ങൾ
7. അതിരൂപതാ സ്പോർട്സ് ഡേ
8. ക്രിസ്തീയ വേഷധാരികളുടെ മെഗാ സംഗമം.
9. ക്രിസ്തീയ ഭക്ഷ്യവിഭവങ്ങളുടെ മെഗാ എക്സിബിഷൻ
10. വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കുടുംബസംഗമങ്ങൾ (ഡോക്ടേഴ്സ്, അഡ്വക്കേറ്റ്സ്, സമർപ്പിതരുടെ കുടുംബങ്ങൾ etc.)
11. ക്രിസ്തീയ കലാരൂപങ്ങൾ ദൃശ്യവത്ക്കരിക്കുന്ന കലോത്സവം
12. വചനോത്സവം - വചനം എഴുത്ത് മത്സരം, ക്വിസ് മത്സരങ്ങൾ, ബൈബിൾ കൈയ്യെഴുത്ത് പ്രതികങ്ങൾ തയ്യാറാക്കൽ.

## (c) മാർഗ്ഗരേഖ പ്രകാശനം

തലശ്ശേരി അതിരൂപത 2025 സമുദായശക്തീകരണ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മാതൃവേദിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ കോർത്തിണക്കികൊണ്ട് തയ്യാറാക്കിയ മാർഗ്ഗരേഖ ദിയാക്കോണിയ സംഗമത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി സിസി ആന്റണിയ്ക്ക് നല്കി പ്രകാശനം ചെയ്തു.

## (d) നേതൃസംഗമം

തലശ്ശേരി അതിരൂപത മാതൃവേദി 2025-26 വർഷത്തിലെ ഭാരവാഹികൾക്കായി നേതൃത്വസംഗമ സെമിനാർ നടത്തപ്പെട്ടു. അതിരൂപത ഈ വർഷം സമുദായ ശക്തീകരണവർഷമായി ആചരിക്കുമ്പോൾ നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്സും ഈ സെമിനാറിൽ ഉൾപ്പെടുത്തിയിരുന്നു.

ഫെബ്രുവരി 8ന് പടന്നക്കാട് നല്ലിടയൻ ഓഡിറ്റോറിയത്തിൽ വച്ച് കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി മേഖലകളുടെ ഭാരവാഹികൾക്കായി നേതൃത്വസംഗമം നടത്തി. അതിരൂപത പ്രസിഡന്റ് ശ്രീമതി സിസി ആന്റണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് തലശ്ശേരി അതിരൂപത വികാരി ജനറാൾ റവ. മോൺ. മാത്യു ഇളംതുരുത്തിപടവിൽ ഉദ്ഘാടന സന്ദേശവും ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ച് ക്ലാസ്സും നൽകി. സമുദായ ശക്തീകരണ വർഷത്തിൽ മാതൃവേദിയുടെ ദൗത്യങ്ങളെക്കുറിച്ച് ഡയറക്ടർ ക്ലാസ്സ് നയിച്ചു.

## (e) അടുത്തറിയാൻ - കൂട്ടായ്മ വളർത്താൻ

തലശ്ശേരി അതിരൂപതാ മാതൃവേദി രൂപതാ ടീം അംഗങ്ങൾ പരസ്പരം അറിയുന്നതിനും പരിചയപ്പെടുന്നതിനുമായി പെരിയ ഇടവകാഗവും രൂപതാ

മാതൃവേദി വൈസ്പ്രസിഡന്റുമായ ശ്രീമതി മേഴ്സി വാതപ്പിള്ളിയുടെ ഭവനത്തിൽ രൂപതാ ടിം അംഗങ്ങൾ സന്ദർശിക്കുകയം സൗഹൃദം പങ്കുവയ്ക്കുകയും കുടുംബാംഗങ്ങളോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. അവരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുയും ചെയ്തു. തുടർന്ന് രൂപതാ ജോയിന്റ് സെക്രട്ടറിയും പൊയ്നാച്ചി ഇടവകാംഗവുമായ ശ്രീമതി വത്സമ്മ മുണ്ടിയാനിക്കലിന്റെ ഭവനം രൂപതാ ടീം അംഗങ്ങൾ സന്ദർശിച്ചു. തങ്ങളുടെ ഔദ്യോഗിക ഉത്തരവാദിത്വത്തിൽ നിന്നും വിരമിച്ചതിനുശേഷം തങ്ങളുടെ കൃഷിയിടങ്ങളിൽ വ്യത്യസ്ത രീതിയിലുള്ള വിളവുകൾ ഇറക്കിക്കൊണ്ട് കഴിയുന്ന ഈ കുടുംബാംഗങ്ങളെ രൂപതാ ടീം അംഗങ്ങൾ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**(f) മാതൃസംഗമങ്ങൾ**

ഫെബ്രുവരി 23ന് ബദിയടുക്ക ഇടവകയിൽ മാതൃസംഗമം നടത്തുകയുണ്ടായി. ഡയറക്ടറച്ചൻ വി. കുർബാനയർപ്പിച്ച് ക്ലാസ് നല്കി. അമ്മമാരുടെ കാഴ്ചസമർപ്പണവും അംഗത്വനവീകരണവും നടത്തി. തുടർന്ന് മാതൃസമ്മേളനത്തിൽ വച്ച് മാതൃവേദിയിലെ മുതിർന്ന അമ്മമാരെ ആദരിക്കുകയും ചെയ്തു.

**(g) വിവിധതരം മത്സരങ്ങൾ**

**മലർവാടി 2k25**

തലശ്ശേരി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാരുടെ കഠിനാധ്വാനത്തിലൂടെ മനോഹരമായ പൂന്തോട്ടമത്സരം നടത്തുകയുണ്ടായി. യൂണിറ്റ് തലത്തിൽ ഏറ്റവും മികച്ചവ മേഖലയിലേക്ക് നൽകുകയും മേഖലയിൽ നിന്നും ഏറ്റവും നല്ലതായി തിരഞ്ഞെടുക്കുന്ന ഒരു പൂന്തോട്ടം അതിരൂപതയ്ക്ക് നല്കുകയും ചെയ്തു. പൂന്തോട്ടത്തിലെ വിവിധ ഇനങ്ങളുടെ ലിസ്റ്റും വീഡിയോയുമാണ് രൂപതയ്ക്ക് നല്കിയത്. 19 മേഖലകളിൽ നിന്ന് ലഭിച്ച ഡീറ്റെയിൽസ് വിശദമായി പരിശോധിച്ചതിന് ശേഷം അതിരൂപത സമിതി അതിൽ 10 എണ്ണം സെലക്ട് ചെയ്തു. അവ ഓരോന്നും നേരിട്ട് സന്ദർശിച്ച് വിലയിരുത്തൽ നടത്തി വിജയികളെ കണ്ടെത്തി.

ഒന്നാം സ്ഥാനം - സിജി കോവൂർപുത്തൻപുരയിൽ - എടക്കോം
രണ്ടാം സ്ഥാനം - മേഴ്സി അറയ്ക്കൽ - കരിക്കോട്ടക്കരി
മൂന്നാം സ്ഥാനം - ബിൻസി ചിരട്ടവേലിക്കുഴി - മഞ്ഞളാംപുറം
നാലാം സ്ഥാനം - രജനി പ്ലാത്തോട്ടം - കാസർഗോഡ്
അഞ്ചാം സ്ഥാനം - ത്രേസ്യാമ്മ മുട്ടത്തുപ്പാറ - പാടിച്ചാൽ

**ഭാരതത്തിലെ വിശുദ്ധരുടെ ടാബ്ലോ നിർമ്മാണ മത്സരം**

സമുദായ ശാക്തീകരണ വർഷത്തോടനുബന്ധിച്ച് ജനുവരിമാസത്തിൽ അമ്മമാർക്കായി നടത്തിയ ടാബ്ലോ മത്സരത്തിൽ 35 ഓളം യൂണിറ്റുകൾ പങ്കെടുത്തു. ഭാരതത്തിൽ ക്രിസ്തുവിശ്വാസം പകർന്നേകിയ തോമാശ്ലീഹായും ആ വിശ്വാസം തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ ഉജ്ജ്വലമായ

സാക്ഷ്യത്തോടെ വളർത്തി വിശുദ്ധി പ്രാപിച്ച സീറോ മലബാർ സഭയിൽ നിന്നുള്ള 4 വിശുദ്ധരെയും ഏറ്റവും അർത്ഥവത്തായ വിധത്തിൽ അവതരിപ്പിക്കുന്ന ടാബ്ലോ മത്സരമാണ് നടത്തിയത്.

**വിജയികളായവർ**

ഒന്നാം സ്ഥാനം - നടുവിൽ യൂണിറ്റ്
രണ്ടാം സ്ഥാനം - പൂളക്കുറ്റി യൂണിറ്റ്
മൂന്നാം സ്ഥാനം - കനീലടുക്കം യൂണിറ്റ്
നാലാം സ്ഥാനം - കോഴിച്ചാൽ യൂണിറ്റ്
അഞ്ചാം സ്ഥാനം - മാടത്തിൽ യൂണിറ്റ്

### (h) മാർച്ച് മാസത്തെ മാർഗ്ഗരേഖ

1 - ജ്വാല @ പനത്തടി
യൗസേപ്പിതാവിന്റെ വണക്കമാസം തുടങ്ങുന്നു.

3 - വിഭൂതി. എല്ലാ അമ്മമാരും നോമ്പെടുത്ത് ഈസ്റ്ററിന് ഒരുങ്ങുക.

8 - അന്താരാഷ്ട്ര വനിതാദിനം - സമുചിതമായി ആഘോഷിക്കുക
**പേരാവൂർ മേഖല വിസിറ്റ് 10am, എടൂർ മേഖല വിസിറ്റ് 2pm**

12 - **കുന്നോത്ത് മേഖല വിസിറ്റ് 10am, മണിക്കടവ് മേഖല വിസിറ്റ് 2pm, നെല്ലിക്കാംപൊയിൽ വിസിറ്റ് 4pm**

13 - പുകവലി വിരുദ്ധ ദിനം

18 - **പൈസക്കരി മേഖല വിസിറ്റ് 10am, ചെമ്പേരി മേഖല വിസിറ്റ് 2pm.**

19 - വി. യൗസേപ്പിതാവിന്റെ തിരുനാൾ - അതിരൂപതയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ജോസഫ് നാമധാരികൾക്ക് ആശംസ - മാർ ജോസഫ് പാംപ്ലാനി പിതാവിന് മനോഹരമായ ആശംസാകാർഡ് തയ്യാറാക്കുക.

20 - ലോക സന്തോഷദിനം

25 - മംഗലവാർത്ത തിരുനാൾ - കർത്താവിന്റെ മാലാഖ എന്ന ത്രിസന്ധ്യാ ജപം ചൊല്ലുക. സന്തോഷത്തിന്റെ ഒന്നാം രഹസ്യം ചൊല്ലുക. മൂന്ന് നിയോഗങ്ങൾ മാതാവിന് സമർപ്പിക്കുക.

26 - മാർച്ച് 26 മുതൽ ഏപ്രിൽ 13 വരെ ഓരോ മേഖലയും ഓരോ ഈസ്റ്റർ സന്ദേശ പ്രോഗ്രാം തയ്യാറാക്കി അയച്ചുതരുന്നു. ഈശോയുടെ പീഠാനുഭവ, മരണ, ഉത്ഥാനസ്മരണ ഉണർത്തുന്ന ഏത് പ്രോഗ്രാമും അയച്ചു നല്കാവുന്നതാണ്. (സന്ദേശം, ഗാനം, നൃത്തം, സ്കിറ്റ്, കുരിശിന്റെ വഴി- Short ആയ വീഡിയോ എന്നിങ്ങനെ ഏത് പ്രോഗ്രാമും ചെയ്യാം) മേഖല ഭാരവാഹികൾ എല്ലാ യൂണിറ്റ് പ്രസിഡന്റുമാരുമായി ആലോചിച്ച് ഏതെങ്കിലും ഒരു യൂണിറ്റിനെ പ്രോഗ്രാം ചുമതലപ്പെടുത്തുക. മേഖലയ്ക്ക് പ്രോഗ്രാമിന് തന്നിരിക്കുന്ന ദിനത്തിന്റെ തലേന്ന് വീഡിയോ വീഡിയോ അതിരൂപതാ ഡയറക്ടർക്ക് അയച്ചു നല്കുക.

29 - ജ്വാല @ ചെറുപുഴ

31 - ജ്വാല @ മാലോം

### പ്രത്യേകപ്രവർത്തനങ്ങൾ

1. പ്രബന്ധ രചനാ മത്സരം - **മലബാറിന്റെ പുരോഗതിക്ക് തലശ്ശേരി അതിരൂപതയിലെ കുടിയേറ്റ ജനത നല്കിയ സംഭാവനകൾ** എന്ന വിഷയത്തെക്കുറിച്ച് 2 പേജിൽ കൂടാത്ത പ്രബന്ധം എഴുതി വ്യക്തമായി ഫോട്ടോ എടുത്ത് 9400206974 നമ്പറിലേക്ക് മാർച്ച് 31ന് മുമ്പായി അയയ്ക്കുക.
2. സമുദായത്തിലെ അസ്വസ്ഥതകൾ അനുഭവിക്കുന്നവർക്കായി പ്രത്യേക കൗൺസിലിംങ്ങ് ശുശ്രൂഷകൾ.
3. മാസത്തിൽ ഒരു തവണയെങ്കിലും ഭിന്നശേഷിക്കാരായവർ, മാനസിക വെല്ലുവിളി നേരിടുന്നവർ, അംഗപരിമിതർ എന്നിവർക്കായി ഒരു പ്രോഗ്രാം സംഘടിപ്പിച്ച് സഹായങ്ങൾ നല്കുക.

### III. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191

### IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191

### V. കെസിബിസി വനിതാ കമ്മീഷൻ

കെസിബിസി വനിതാകമ്മീഷന്റെ ജനറൽ ബോഡി പാലാരിവട്ടം പിഒസിയിൽ വച്ച് ഫെബ്രുവരി 18ന് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ അതിരൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി സിസി ആന്റണി, സെക്രട്ടറി ശ്രീമതി ലിൻസി കുന്നുപുറത്ത്, ട്രഷറർ ശ്രീമതി റജീന തെക്കെപ്പറമ്പിൽ എന്നിവർ സംബന്ധിച്ചു. കെസിബിസി വനിതാ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പുതിയ ഭരണ സമിതിയുടെ സ്ഥാനാരോഹണവും നടത്തി. ഡോ. ജിബി ഗീവർഗ്ഗീസ് പുതിയ എക്സിക്യൂട്ടീവ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

### VI. അമല പ്രോലൈഫ്

#### 1. താരാട്ട്

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് വലിയ കുടുംബങ്ങൾക്കായുള്ള കാരുണ്യ പദ്ധതിയുടെ ഭാഗമായി തലശ്ശേരി അതിരൂപതയും

SABS, SH, MSJ എന്നീ സന്യാസിനീ സമൂഹങ്ങളും കൈകോർത്ത് തലശ്ശേരി അതിരൂപതാ അംഗങ്ങളായ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ദമ്പതികൾ നാലാമത്തെയോ അതിൽ കൂടുതലോ കുഞ്ഞുങ്ങൾക്ക് ജന്മം നല്കുന്ന അവസരത്തിൽ പ്രസവചികിത്സ സൗജന്യമായി നല്കുന്ന സ്നേഹ സ്വാന്തന പദ്ധതി താരാട്ട് തുടക്കം കുറിച്ചു. ജനുവരി 27ന് തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിൽ വച്ച് മാങ്ങോട് ഇടവകയിലെ ഒരു കുടുംബത്തിന് പ്രസവ ചികിത്സ വാഗ്ദാനം ചെയ്തുകൊണ്ട് പെരിയ ബഹു. ജനറാളച്ചന്മാരുടേയും വിവിധ അപ്പൊസ്റ്റോലേറ്റ് ഡയറക്ടർമാരുടേയും മേൽ സൂചിപ്പിച്ച സന്യാസിനീ സമൂഹങ്ങളുടെ പ്രതിനിധികളുടേയും സാന്നിധ്യത്തിൽ താരാട്ടിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു.

**2. കരുതൽ**

2020ന് ശേഷം നാലാമത്തെയോ അതിൽ കൂടുതലോ കുഞ്ഞുങ്ങൾ ജനിച്ച സാമ്പത്തിക ബുദ്ധിമുട്ട് അനുഭിവക്കുന്ന കുടുംബത്തിന് പ്രതിമാസം 1000 രൂപ അലവൻസ് നല്കുന്ന കരുതൽ പദ്ധതി തളിപ്പറമ്പിൽ വച്ച് നടന്ന ദിയാക്കോണിയ സംഗമത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് തളിപ്പറമ്പ് ഇടവകയിലെ ഒരു കുടുംബത്തിന് നൽകി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. 25 ഓളം കുടുംബങ്ങളെ സഹായിക്കാനുള്ള സ്പോൺസർമാരെ ഇതിനോടകം കണ്ടെത്തി.

**3. കുഞ്ഞേ നിനക്കായി**

2025 ജനുവരി 1 ന് ശേഷം ജനിക്കുന്ന നാലാമത്തെ മുതലുള്ള കുഞ്ഞിനായി 10 രൂപ പ്രത്യേക അക്കൗണ്ടിലേക്ക് ഗൂഗിൾ പേ ചെയ്യുകയും കിട്ടുന്ന തുക കുഞ്ഞിന്റെ പേരിൽ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്ന പദ്ധതി. ദിയാക്കോണിയ സംഗമത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഫാ. ജേക്കബ് വെണ്ണായിപ്പിള്ളി ഗൂഗിൾപേ ചെയ്ത് ഉദ്ഘാടനം ചെയ്തു.

**4. കൈത്താങ്ങ്**

2020ന് ശേഷം നാലാമത്തെയോ അതിൽ കൂടുതലോ കുഞ്ഞുങ്ങൾ ജനിച്ച കുടുംബങ്ങൾക്ക് അപ്രതീക്ഷിതമായി ഒരു സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്ന അവസരത്തിൽ സാധിക്കുന്ന സഹായം നല്കുന്ന പദ്ധതി. ദിയാക്കോണിയ സംഗമത്തിൽ വച്ച് അതിരൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി സിസി ആന്റണി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് 5000 രൂപ നല്കി ഫണ്ട് രൂപീകരണം ഉദ്ഘാടനം ചെയ്തു. മാതൃവേദിയുടെ ഓരോ യൂണിറ്റും ഇതിനായി അതിരൂപതാ വിഹിതത്തിന് തുല്യമായ തുക നല്കി വരുന്നു.

**5.** പ്രോലൈഫ് കൂട്ടായ്മയിലേക്ക് കൂടുതൽ അംഗങ്ങളെ ഉൾച്ചേർക്കുന്ന തീരുമാനം പ്രാവർത്തികമാക്കികൊണ്ട് അതിരൂപത മാതൃവേദി എക്സിക്യൂട്ടീവിലെ 7 അംഗങ്ങളേയും പ്രോലൈഫ് കോർ ടീമിലേക്ക് ഉൾപ്പെടു

ത്തി. പ്രോലൈഫ് സമിതിയിലേക്ക് മാതൃവേദിയുടെ 19 മേഖലാ പ്രസിഡന്റ് മാരെയും ചേർത്ത് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചു.

**6.** ഫെബ്രുവരി 16 ന് പ്രോലൈഫ് കൂട്ടായ്മ ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് കൂടുകയുണ്ടായി. പ്രോലൈഫ് കോർ ടീം 11 അംഗങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുത്തു. പ്രോലൈഫ് ഡേയോടനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. വലിയ നോമ്പിനോടനുബന്ധിച്ച് ജീവാഗ്നി ധ്യാനം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് അഭിപ്രായപ്പെട്ടു. ബധിരബൈബിൾ കൂട്ടായ്മയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ട് മീറ്റിംഗ് അവസാനിപ്പിച്ചു.

**7.** ഫെബ്രുവരി 25ന് കെസിബിസി പ്രോലൈഫ് സമിതിയുടെ മലബാർ സോണൽ സംഗമം തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തി.

## VII. സഖറിയാസ് കൺവെൻഷൻ

എറണാകുളം അങ്കമാലി അതിരൂപതയിലെ മേലൂർ സെന്റ് ജോസഫ് ഇടവകയിൽ ഫെബ്രുവരി 17-19 സഖറിയാസ് കൺവെൻഷൻ നടത്തി. ഡയറക്ടർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. 200 ഓളം പേർ ഈ കൺവെൻഷനിൽ പങ്കെടുത്തു.

## VIII. ആദരാഞ്ജലികൾ

പ്രോലൈഫ് സമിതി പ്രസിഡന്റായ ശ്രീ. ലോറൻസ് കടിക്കാട്ടിന്റെ വത്സല പിതാവ് ശ്രീ. വർക്കി കടിക്കാട്ട് നിര്യാതനായി. അദ്ദേഹത്തിന്റെ മൃത സംസ്ക്കാരചടങ്ങിൽ ഡയറക്ടറും രൂപതാ ടീം അംഗങ്ങളും സംബന്ധിച്ച് റീത്ത് വെച്ച് പ്രാർത്ഥിച്ചു. ഡയറക്ടർ അനുശോചന സന്ദേശം നല്കി.

ശ്രീ. സണ്ണി ആശാരിപ്പറമ്പിലിന്റെ ഭാര്യയുടെ വത്സല പിതാവിന്റെ വേർപാടിൽ പ്രോലൈഫ് കോർ ടീം അംഗങ്ങൾ പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.

## IX. പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. **Web Site: www.prolifemarry.com**

**X. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ അവാർഡ്**

2024-25 വർഷത്തെ കെ.സി.ബി.സി കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന അധ്യാപക അവാർഡിന് തലശ്ശേരി അതിരൂപതയിൽ നിന്ന് 3 അധ്യാപകർ അർഹരായി. എടൂർ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാൾ ശ്രീമതി ലിൻസി പി. സാം ഹയർസെക്കണ്ടറി വിഭാഗത്തിലും തോമാപുരം സെന്റ് തോമസ് ഹൈസ്കൂളിലെ പ്രധാനാധ്യാപിക സി. ലിനറ്റ് കെ.എം, ഹൈസ്കൂൾ വിഭാഗത്തിലും കുന്നോത്ത് സെന്റ് ജോസഫ്സ് യുപി സ്കൂളിലെ പ്രധാനാധ്യാപകൻ ശ്രീ. മാത്യു ജോസഫ് യു.പി വിഭാഗത്തിലും കാത്തലിക് ടീച്ചഴ്സ് ഗിൽഡ് സംസ്ഥാന അവാർഡിന് അർഹരായി. സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കിയ അധ്യാപകർക്ക് അഭിനന്ദനങ്ങൾ.

2024-25 വർഷത്തെ കെസിബിസി വിദ്യാഭ്യാസ കമ്മീഷനും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി നൽകുന്ന ബെസ്റ്റ് യൂണിറ്റ് അവാർഡിന് തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി & കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അർഹരായി

**2024 - 2025 വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്നവർ**

1. ഡോ. റോസ എം.സി പ്രിൻസിപ്പാൾ വെളിമാനം എച്ച്എസ്എസ്, 31/05/2025
2. ഷാജു കെ.കെ പ്രിൻസിപ്പാൾ വെള്ളരിക്കുണ്ട് എച്ച്എസ്എസ്, 31/03/2025
3. അന്നമ്മ കെ.എം എച്ച്.എം (എച്ച്എസ്) വെള്ളരിക്കുണ്ട് എച്ച്എസ്, 31/05/2025
4. മിനിമോൾ പി സിറിയക് എച്ച്.എം (എച്ച്എസ്) കരിക്കോട്ടക്കരി എച്ച്എസ്, 31/05/2025
5. സിബി ഫ്രാൻസിസ് എച്ച്.എം (എച്ച്എസ്) നെല്ലിക്കുറ്റി എച്ച്എസ്, 31/03/2025
6. സി. ലിനറ്റ് കെ.എം എച്ച്.എം (എച്ച്.എസ്) തോമാപുരം എച്ച്.എസ്, 31/05/2025

7. സോഫിയ ചെറിയാൻ കെ എച്ച്.എം (എച്ച്.എസ്) വായാട്ടുപറമ്പ
എച്ച്.എസ് 1/03/2025
8. ജെസ്സി തോമസ് എച്ച്.എം മാമ്പൊയിൽ എൽപി, 31/03/2025
9. റോസമ്മ പിഡി എച്ച്.എം മഞ്ഞളാംപുറം യുപി, 31/05/2025
10. സുജ ആന്റണി എച്ച്.എം ചരൾ എൽപി, 31/03/2025
11. തോമസ് മാത്യു എച്ച്.എം ചന്ദനക്കാംപാറ എൽപി, 31/03/2025
12. ഡെയ്സി എ.ഡി എച്ച്.എം മണ്ടപം യുപി, 31/05/2025
13. സോജൻ വർഗ്ഗീസ് എച്ച്.എം തൊണ്ടിയിൽ യുപി, 31/05/2025
14. ലൈല ഇ ജെ എച്ച്എം കുടിയാന്മല യുപി, 31/05/2025
15. സജി മാത്യു എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് വായാട്ടുപറമ്പ
എച്ച്.എസ്.എസ്, 31/3/2025
16. മെൽവിൻ പി തോമസ് എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ്
എടൂർ എച്ച്.എസ്.എസ്, 30/4/2025
17. സി. മോളി ജോസഫ് എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ്
കിളിയന്തറ എച്ച്.എസ്.എസ്, 31/05/2025
18. ഫ്ളാബിയൻ കെ.ജെ എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ്
വെള്ളരിക്കുണ്ട് എച്ച്.എസ്എസ് 31/05/2025
19. താരമ്മ ജോസഫ് എച്ച്.എസ്.എസ്.ടി ജൂനിയർ മാത്സ്
എടൂർ എച്ച്.എസ്.എസ് 31/03/2025
20. ലാലി ജോസഫ് എച്ച്.എസ്.എസ്.ടി സുവോളജി
കൊളക്കാട് എച്ച്.എസ്എസ് 30/04/2025
21. അനില കെ.പി എച്ച്.എസ്.എസ്.ടി (സുവോളജി)
എടൂർ എച്ച്.എസ്എസ് 31/05/2025
22. ജോഷി ജോസഫ് എച്ച്.എസ്.എസ്.ടി (സോഷ്യൽ വർക്ക്)
വെള്ളരിക്കുണ്ട് എച്ച്.എസ്എസ്, 30/04/2025
23. ജെസ്സി ജോസഫ് എച്ച്.എസ്.എസ്.ടി (മലയാളം)
എടൂർ എച്ച്എസ്എസ്, 31/05/2025
24. ലൗവ്‌ലി കെ.വി എച്ച്.എസ്.എസ്.ടി ജൂനിയർ മലയാളം
പേരാവൂർ എച്ച്.എസ്എസ്, 31/03/2025
25. ഷാജി പീറ്റർ എച്ച്.എസ്.എസ്.ടി (കൊമേഴ്സ്)
വെളിമാനം എച്ച്.എസ്എസ് 30/04/2025
26. ആനിസ് ട്രീസ എച്ച്.എസ്.ടി (മലയാളം)
എടൂർ എച്ച്.എസ് 31/05/2025
27. സി. ബെറ്റി തോമസ് എച്ച്.എസ്.ടി (മലയാളം)
വായാട്ടുപറമ്പ എച്ച്.എസ് 31/05/2025
28. റെജീന ടികെ എച്ച്.എസ്.ടി (മാത്സ്)
ചെമ്പേരി എച്ച്.എസ് 31/03/2025

29. ലിസ്സി അബ്രാഹം എച്ച്എസ്ടി (ഹിന്ദി)
എടൂർ എച്ച്.എസ്, 31/05/2025
30. ജിയോ തോമസ് എച്ച്എസ്ടി (എസ്.എസ്)
പെരുമ്പടവ് എച്ച്എസ്, 31/05/2025
31. സി. വിൽസമ്മ മാത്യു എച്ച്എസ്ടി (എസ്.എസ്)
ചെമ്പേരി എച്ച്എസ് 31/05/2025
32. ജോർജ് ആന്റണി എച്ച്എസ്ടി (എസ്.എസ്)
അങ്ങാടിക്കടവ് എച്ച്എസ് 31/05/2025
33. ജെസ്സി എൻകെ എച്ച്എസ്ടി (എൻ.എസ്)
ചെമ്പന്തൊട്ടി എച്ച്എസ് 31/03/2025
34. സി. റോസമ്മ എംടി യുപിഎസ്ടി
മണിക്കടവ് യുപി 31/03/2025
35. തങ്കമ്മ ജോസഫ് എൽപിഎസ്ടി
ചരൾ എൽപിഎസ് 31/05/2025
36. സി. ഡോളി ജോർജ് എൽപിഎസ്ടി
കരിക്കോട്ടക്കരി യുപി 31/03/2025
37. ത്രേസ്യാമ്മ കെ.വി എൽപിഎസ്ടി
താബോർ എൽപി 31/05/2025
38. ത്രേസ്യ വി.എം എൽപിഎസ്ടി
കരിക്കോട്ടക്കരി യുപി 30/04/2025
39. ജെസ്സി അബ്രാഹം കെ എൽപിഎസ്ടി
തൊണ്ടിയിൽ യുപി, 30/04/2025
40. ത്രേസ്യ കെ.എ എൽപിഎസ്ടി
വിളക്കന്നൂർ എൽപി, 31/03/2025
41. റോസമ്മ മാത്യു എൽപിഎസ്ടി
മാങ്ങോട് എൽപി, 31/05/2025
42. ആനി ജോസഫ് ടി എൽപിഎസ്ടി
മണിക്കടവ് യുപി, 31/03/2025
43. ഷേർളി തോമസ് എൽപിഎസ്ടി
മഞ്ഞളാംപുറം യുപി 31/03/2025
44. ഷാലി പി.എൽ എൽപിഎസ്ടി
മഞ്ഞളാംപുറം യുപി 31/03/2025
45. മിനി ജോർജ് എൽപിഎസ്ടി
ചെമ്പേരി യുപി 31/05/2025
46. ഡെയ്സമ്മ ഫിലിപ്പ് ജെ.എൽ.ടി ഹിന്ദി
വായാട്ടുപറമ്പ യുപി 31/05/2025
47. സുമ പി (പ്രൊട്ടക്റ്റ്ഡ് ടീച്ചർ) നീഡിൽ വർക്ക്
കുന്നോത്ത് എച്ച്എസ് 31/05/2025

| | | | |
|---|---|---|---|
| 48. സെലിൻ ജോസഫ് | നീഡിൽ വർക്ക് പേരാവൂർ എച്ച്എസ് | | 31/03/2025 |
| 49. ഡെയ്സി കുര്യൻ | പിഇടി | എടൂർ എച്ച്എസ് | 31/03/2025 |
| 50. സാജു യോമസ് | പിഇടി | വെളിമാനം എച്ച് എസ് | 31/05/2025 |
| 51. ഷാജുപോൾ | ഓഫീസ് അറ്റന്റന്റ് പേരാവൂർ എച്ച്എസ് | | 31/05/2025 |
| 52. ത്രേസ്യ വി.ജെ | ഓഫീസ് അറ്റന്റന്റ് | എടൂർ എച്ച്എസ് | 30/11/2024 |

**മികച്ച വിദ്യാലയങ്ങൾക്കുള്ള അവാർഡുകൾ**

2024-25 അധ്യായന വർഷത്തെ വിദ്യാലയ വിലയിരുത്തൽ റിപ്പോർട്ടുകൾ പരിശോധിച്ച് ഏറ്റവും മികച്ച വിദ്യാലയങ്ങളെ കണ്ടെത്തി. അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും നടക്കുന്നു. നമ്മുടെ സ്കൂളുകളെ മികവോടെ മുന്നോട്ടു കൊണ്ടുപോകുന്ന ബഹു. മാനേജർമാർക്കും പ്രധാനാധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

ഈ വർഷം കോർപ്പറേറ്റ് തലത്തിൽ അവാർഡു നേടിയ സ്കൂളുകളുടെയും അധ്യാപക - അനധ്യാപകരുടെയും പിടിഎ കളുടെയും പേര് താഴെ ചേർക്കുന്നു.

**എൽ.പി വിഭാഗം**

നിർമ്മലഗിരി എൽ.പി. സ്കൂൾ വെള്ളരിക്കുണ്ട്.
സെന്റ് തോമസ് എൽപിഎസ് തോമാപുരം
സെന്റ് മേരീസ് എൽപിഎസ് എടൂർ

**യു.പി വിഭാഗം**

വയത്തൂർ യു.പി.എസ് ഉളിക്കൽ
സെന്റ് ജോസഫ്സ് യുപിഎസ് കരൂള്ളടുക്കം
മഞ്ഞളാംപുറം യുപി സ്കൂൾ

**ഹൈസ്കൂൾ വിഭാഗം**

സെന്റ് തോമസ് എച്ച്.എസ് മണിക്കടവ്
സെന്റ് ജോസഫ്സ് എച്ച്.എസ് പേരാവൂർ
സെന്റ് മേരീസ് എച്ച്.എസ് എടൂർ

**ഹയർസെക്കണ്ടറി വിഭാഗം**

സെന്റ് മേരീസ് എച്ച്. എസ് എസ് എടൂർ
സെന്റ് തോമസ് എച്ച്.എസ് എസ് മണിക്കടവ്
സെന്റ് ജോൺസ് എച്ച്.എസ് എസ് പാലാവയൽ

**ചെറിയ സ്കൂളുകളുടെ വിഭാഗം**

സെന്റ് അഗസ്റ്റിൻസ് എൽ.പി.എസ്. കോഴിച്ചാൽ

സെന്റ് ജോസഫ്സ് എയുപി സ്കൂൾ മണ്ടപം
കാരിസ് യുപി സ്കൂൾ മാട്ടറ

**പിടിഎ അവാർഡ്**

സെന്റ് തോമസ് എച്ച് എസ് കരിക്കോട്ടക്കരി
സെന്റ് ജോസഫ്സ് യുപിഎസ് വായാട്ടുപറമ്പ
ചെറുപുഷ്പ യുപിഎസ് ചന്ദനക്കാംപാറ

## അധ്യാപകർക്കുള്ള അവാർഡുകൾ

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡുകൾ**

ശ്രീമതി ലിൻസി പി. സാം, പ്രിൻസിപ്പാൾ, സെന്റ് മേരീസ് എച്ച്എസ്എസ്, എടൂർ (കെസിബിസി അവാർഡ് ജേതാവ്)

ശ്രീ. മാത്യു ജോസഫ്, എച്ച്എം, സെന്റ് ജോസഫ്സ് യുപിഎസ് കുന്നോത്ത്, (കെസിബിസി അവാർഡ് ജേതാവ്)

സി. ലിനറ്റ് കെ, എച്ച്എം, സെന്റ് തോമസ് എച്ച്എസ് തോമാപുരം (കെസിബിസി അവാർഡ് ജേതാവ്)

ശ്രീമതി. ലൈല ഇ.ജെ, എച്ച്എം, ഫാത്തിമ യുപിഎസ് കുടിയാന്മല

**മോൺ. തോമസ് പഴേപറമ്പിൽ അവാർഡ്**

ശ്രീമതി. സോഫിയ ചെറിയാൻ കെ, എച്ച്.എം. സെന്റ് ജോസഫ്സ് എച്ച്എസ് വായാട്ടുപറമ്പ

**അക്കാദമിക് എക്സലൻസ് അവാർഡ്**

ശ്രീമതി ഡോ. റോസ എംസി, പ്രിൻസിപ്പാൾ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ് വെളിമാനം

**പ്രത്യേക പുരസ്കാരം**

ശ്രീ. അനീഷ് സെബാസ്റ്റ്യൻ, ലാബ് അറ്റന്റർ, സാന്തോം എച്ച്.എസ് എസ് കൊളക്കാട്

**ബെസ്റ്റ് പെർഫോമൻസ് അവാർഡ്**

ശ്രീ. സിജോ വിജെ, സെന്റ് ജോസഫ്സ് എച്ച്എസ്എസ് കുന്നോത്ത്
ശ്രീ. ജോമോൻ പി ജോസ്, ബിവിജെഎം എച്ച് എസ് പെരുമ്പടവ്
ശ്രീ. കൃഷ്ണദാസ് പി.വി, ഗാന്ധിമെമ്മോറിയൽ യുപിഎസ് നെല്ലിക്കുറ്റി
ശ്രീ. ബിന്ദു പിവി, നിർമ്മലഗിരി എൽപി സ്കൂൾ വെള്ളരിക്കുണ്ട്

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### വിമൽജ്യോതിയിൽ സൈബർ ഫോറൻസിക് അഡ്-ഓൺ കോഴ്സ്

വിമൽജ്യോതി എഞ്ചിനീയറിംഗ് കോളജിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിഭാഗം മിബിസ് സൈബർ ഫോറൻസിക് ലബോറട്ടറിയുമായി സഹകരിച്ച് ദ്വിദിന കോഴ്സ് സംഘടിപ്പിക്കും. 4,5 തീയതികളിലായി അഡ്-ഓൺ കോഴ്സാണ് നടത്തുന്നത്. സൈബർ കുറ്റകൃത്യങ്ങൾ, ഫോറൻസിക് നടപടിക്രമങ്ങൾ, നിയമപരമായ ഭരണഘടന എന്നിവയെക്കുറിച്ച് വിദ്യാർഥികൾക്ക് ആഴത്തിലുള്ള അറിവു നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. വി.ജെ. റെജി വസന്ത്, എ.ആർ.എസ് അയ്യർ തുടങ്ങിയ വ്യവസായ വിദഗ്ധർ ക്ലാസുകൾക്കു നേതൃത്വം നൽകും. ഡിസ്ക്ക്, മൊബൈൽ, സിം ഫോറൻസിക് എന്നിവയിൽ പ്രായോഗിക സെഷനുകളും ഉണ്ടാകും. സൈബർ ഫോറൻസിക്സസിൽ പ്രായോഗിക കഴിവുകൾ വർധിപ്പിക്കു ന്നതിന് 15 ദിവസത്തെ ലാബ് അടിസ്ഥാനമാക്കിയുള്ള ഇന്റേൺഷിപ്പും ക്ലാസിനുശേഷം നൽകും.

### നിർമിതബുദ്ധി ശില്പശാലയും ഫീൽഡ് വിസിറ്റും നടത്തി

സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ സംഘടിപ്പിച്ച ഫീൽഡ് വിസിറ്റ് ഏറെ ശ്രദ്ധേയമായി. നിർമിത ബുദ്ധി, ഡേറ്റസയൻസ്, മെഷീൻ ലേണിംഗ്, ഡീപ് ലേണിംഗ് എന്നീ വിഷയങ്ങളിൽ വിദ്യാർഥികൾക്ക് നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ വീഡിയോകളും മറ്റും ഫലപ്രദമായി പ്രയോജനപ്പെടുത്തി സെഷനുകൾ നയിച്ചു.

### വിമൽജ്യോതിയിൽ വെർച്ച്വൽ ലാബ് വർക്ക്ഷോപ്പ്

അമൃത വിശ്വവിദ്യാപീഠത്തിന്റെ നോഡൽ സെന്ററായി പ്രവർത്തിക്കുന്ന ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ വെർച്ച്വൽ ലാബ് പദ്ധതി പ്രകാരം ഏകദിന വർക്ക്ഷോപ്പ് നടത്തി.

വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും തെരഞ്ഞെടുത്ത 60 കുട്ടികളും ജീവനക്കാരും വർക്ക് ഷോപ്പിൽ പങ്കെടുത്തു.

## MBA വാർത്തകൾ

- UAE ആസ്ഥാനമായി പ്രവർത്തിക്കുന്ന CORE Companyആയ Al-Nakheel Electronics EEC, ECE വിദ്യാർത്ഥികൾക്കായി നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 4 വിദ്യാർത്ഥിക്കളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർ August 2025 ൽ ട്രെയിംഗിനായി UAE ഓഫീസിൽ ജോയിൻ ചെയ്യണം.
- മംഗലാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ITES കമ്പനിയായ Unify Cx (GlowTouch), അവരുടെ Mangalore, Mysure ബ്രാഞ്ചുകളിലായി നിലവിലുള്ള 200-ലധികം ഒഴിവുകൾ നികത്തുന്നിനായി വിമൽജ്യോതി യിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി Campus Recruitment ജനുവരി 28-ാം തീയതി നടത്തി. 116 വിദ്യാർത്ഥികൾ പങ്കെടുത്തു. 54 വിദ്യാർത്ഥികൾ അവസാന റൗണ്ട് Interview നായി തിരഞ്ഞെടുക്കപ്പെട്ടു. Selection Process മാർച്ച് ആദ്യവാരം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- Nethram LLC നടത്തിയ Campus Recruitment-ൽ പങ്കെടുത്ത 2 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുകയുണ്ടായി. ഈ വിദ്യാർത്ഥി കൾ March 3 -ാം തീയതി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ Structural detailing കമ്പനിയായ AARBEE STRUCTURES നടത്തിയ Campus Recruitment-ൽ പങ്കെടുത്ത 11 അവസാന വർഷ വിദ്യാർത്ഥി കൾക്ക് ജോലി ലഭിച്ചു.
- IT Related ട്രെയിനിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന Qspiders അവരുടെ Free training and Placement പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയ റിക്രൂട്ട് മെന്റിലൂടെ 30 അവസാനവർഷ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. തിരഞ്ഞെ ടുക്കപ്പെട്ടവർ 2025 ജൂൺ 5ന് training നായി ജോയിൻ ചെയ്യേണ്ടതാണ്.
- സിവിൽ എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന Paradigm IT Solutions, February 4-ാം തീയതി വിമൽജ്യോതിയിൽ വെച്ച് പോസ്റ്റ് ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. selection list ലഭ്യമായിട്ടില്ല.
- Guidehome, Infosys, Digital Core Technologies എന്നി പ്രമുഖ കമ്പനികൾ ഫെബ്രുവരി മാസം വിമൽജ്യോതിയിൽ റിക്രൂട്ട്മെന്റിനായി എത്തുന്നു.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത 2025 ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത നേതൃത്വ സമ്മേളനവും ഗ്ലോബൽ ഭാരവാഹികൾക്ക് ഉള്ള സ്വീകരണവും ഫെബ്രുവരി 8 ന് ചെമ്പേരി ലൂർദ് മാതാ ബസിലിക്ക ഇടവകയിലെ മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 8:45 ന് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലിന്റെ കാർമികത്വത്തിൽ ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനയ്ക്കു ശേഷം കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ ചെമ്പേരി ടൗണിലേക്ക് റാലിയും തുടർന്ന് നിധീകരിക്കൽ മാണി കത്തനാർ നഗറിൽ വച്ച് അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയേയും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ ഉൾപ്പെടെയുള്ള ഗ്ലോബൽ ഭാരവാഹികളെയും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് എന്നിവരുടെ നേതൃത്വ ത്തിൽ ഷാൾ അണിയിച്ച് സ്വീകരിച്ചു. തലശ്ശേരി അതിരൂപതയിലെ ഇടവകകളിൽ നിന്ന് കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് ഭാരവാഹികളായ 1250 പേർ പങ്കെടുത്ത നേതൃസമ്മേളനം തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത വൈസ് പ്രസിഡണ്ട് ബെന്നിച്ചൻ മഠത്തിനകത്ത് പാംപ്ലാനി പിതാവിനെ പുഷ്പകിരീടം അണിയിച്ച് ആദരിച്ചു. കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ആമുഖഭാഷണം നടത്തി. കത്തോലിക്ക കോൺഗ്രസ് സാമുദായിക ശാക്തീകരണത്തിന് എന്ന വിഷയത്തിൽ അതിരൂപത ചാൻസലർ റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ ക്ലാസ് നയിച്ചു. ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ സന്ദേശം നൽകുകയും ജയിംസ് ഇമ്മാനുവൽ പേരുകുന്നേൽ, സാജു പുത്തൻപുര, ജയ്സൺ അട്ടാറിമാക്കൽ എന്നിവരുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത മാർഗരേഖ അതിരൂപത വൈസ് പ്രസിഡണ്ട് ഷിനോ പാറക്കലിന് നൽകിക്കൊണ്ട് ഗ്ലോബൽ പ്രസിഡന്റ് പ്രകാശനം ചെയ്തു.

ഐ ഐ ടി തൃശ്നാപ്പള്ളിയിൽ നിന്ന് ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ എഞ്ചിനീയറിംഗ് എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ മുളപ്ര സ്വദേശിനി കുമാരി തുളസി എം ശാന്തിയെ പ്രൊഫസർ രാജീവ് കൊച്ചു പറമ്പിൽ ആദരിച്ചു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയുടെ സന്ദേശത്തിനു ശേഷം സംഘടനാ സംവിധാനത്തെ കുറിച്ച് ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ ക്ലാസ് എടുത്തു. ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ്മാരായ ഡോ. കെ.പി സാജു, ഡോക്ടർ ട്രീസ ലിസ് സെബാസ്റ്റ്യൻ, ബെന്നി ആന്റണി, ഗ്ലോബൽ യൂത്ത് കോഡിനേറ്റർ സിജോ എലന്തൂർ, ഗ്ലോബൽ സെക്രട്ടറി മാരായ അഡ്വ. ഷീജ കാറുകളം, പിയൂസ് പറേടം, ജേക്കബ് നിക്കോളാസ്, റോസ് ജെയിംസ് കത്തോലിക്ക കോൺഗ്രസ് ചെമ്പേരി ഫൊറോനാ ഡയറക്ടർ ഫാ. പോൾ വള്ളോപ്പിള്ളി, അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, ജോണി വടക്കേക്കര, ബിജു മണ്ഡപം എന്നിവർ സംസാരിച്ച യോഗത്തിൽ അതിരൂപത വൈസ് പ്രസിഡന്റ്മാരായ ടോമി കണയങ്കൽ കാർഷിക പ്രമേയവും ഐ. സി. മേരി സാമുദായശക്തീകരണ പ്രമേയവും അവതരിപ്പിച്ചു. സമുദായ ചരിത്ര ത്തെയും കുടിയേറ്റത്തെയും കുറിച്ചുള്ള വീഡിയോ പ്രസന്റേഷൻ ആന്റോ തെരുവുംകുന്നേൽ സംവിധാനം ചെയ്ത് പ്രദർശിപ്പിച്ചു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തോടുകൂടി 2:30ന് സമ്മേളന പരിപാടികൾ അവസാനിച്ചു. പ്രോഗ്രാം നടത്തുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി തന്ന ബസലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, സമ്മേളനം വിജയിപ്പി ക്കുന്നതിനായി ആത്മാർത്ഥമായി ശ്രമിച്ച ബഹു. ഫൊറോനാ വികാരി യച്ചന്മാർ, ഫൊറോനാ-യൂണിറ്റ് ഡയറക്ടറച്ചൻമാർ, ഫൊറോന-യൂണിറ്റ് ഭാരവാഹികൾ, കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ, ചെമ്പേരി മേഖലയിലെ കത്തോലിക്ക കോൺഗ്രസിന്റെ ഫൊറോന, യൂണിറ്റ് പ്രവർ ത്തകർ എന്നിവർക്ക് പ്രത്യേകം നന്ദി. അടുത്ത അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 10 ന് പേരാവൂർ ഫൊറോനയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**പൊതുപ്രവർത്തനങ്ങൾ**

1. കേരളത്തിലെ മലയോരമേഖലകളിൽ വർധിച്ചുവരുന്ന വന്യമൃഗ ആക്രമണത്തിൽ മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന കാര്യത്തിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റിയുടെ ആഹ്വാനപ്രകാരം വിവിധ കേന്ദ്രങ്ങളിൽ പ്രതിഷേധ പരിപാടികൾ നടത്തി.
2. ചേപ്പറമ്പ് സെന്റ് ജൂഡ് ഇടവകയിലെ ഒരു വ്യക്തിയുടെ വീടും സ്ഥലവും ബാങ്ക് ജപ്തി ചെയ്യുമെന്ന അവസ്ഥയിൽ ചേപ്പറമ്പ് ഇടവക വികാരി ബഹു. ജിനു വടക്കേമുളഞ്ഞനാൽ അച്ചൻ കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം, അതിരൂപത ഭാരവാഹികളായ സുരേഷ് ജോർജ്, ഷിനോ പാറക്കൽ, യൂണിറ്റ്

പ്രസിഡണ്ട് സണ്ണി എന്നിവരുടെ നേതൃത്വത്തിൽ whatsapp കൂട്ടായ്മ രൂപീകരിച്ചതിലൂടെ ലഭിച്ച 92751 (തൊണ്ണൂറ്റി രണ്ടായിരത്തി എഴുന്നൂറ്റി അൻപത്തി ഒന്ന്) രൂപ അടച്ച് ആ കുടുംബത്തെ ജപ്തി ഭീഷണിയിൽ നിന്നും സംരക്ഷിച്ചു.

3. വയനാട് - കരിന്തളം 400 കെ വി ലൈനിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്നതിന് വൈദ്യുതി മന്ത്രി അധ്യക്ഷനായി തിരുവനന്തപുരത്തു നടന്ന ചർച്ചയിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ പ്രതിനിധികളായി ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം ബെന്നി പുതിയപുറം, തോമസ് വർഗീസ് എന്നിവർ സംബന്ധിച്ചു.
4. കാട്ടുപന്നി ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പാലാവയൽ സ്വദേശിയെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ നേതൃത്വത്തിൽ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**സംഘടനാ പ്രവർത്തനങ്ങൾ**

1. നെല്ലിക്കാംപൊയിൽ ഫൊറോനയിൽ പുറവയൽ, പടിയൂർ, തിരൂർ ഇടവകകളിൽ പുതിയ യൂണിറ്റുകൾ രൂപീകരിച്ചു.
2. കത്തോലിക്ക കോൺഗ്രസ് മാങ്ങോട് യൂണിറ്റ് ഏകദിന ശില്പശാല ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. മനോജ് കൊച്ചുപുരക്കൽ അധ്യക്ഷത വഹിച്ചു.
3. സാമുദായ ശാക്തീകരണ ആദരവ് 2025 എന്ന പേരിൽ മണിപ്പാറ ഇടവകയിൽ ഇന്ന് വരെ സേവനം ചെയ്ത കോഡിനേറ്റർമാർ, കൈകാരന്മാർ, സെക്രട്ടറിമാർ, കപ്യാർമാർ എന്നിവരെ ആദരിക്കുന്ന ചടങ്ങ് ഫെബ്രുവരി 12 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് റവ. ഡോ. ജോജി കാക്കരമറ്റം ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ജോസഫ് കുരിശുംമൂട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ബിജു ഒറ്റപ്ലാക്കൽ തുടങ്ങി ഫോറോനയിലെ പ്രമുഖ നേതാക്കൾ സംസാരിച്ചു.
4. കത്തോലിക്കാ കോൺഗ്രസ് തളിപ്പറമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറി, നാടൻ ഉത്പന്നങ്ങൾ എന്നിവ വിൽക്കുന്ന ചന്ത, സൺഡേ മാർക്കറ്റ് എന്ന പേരിൽ ആരംഭിച്ചു. 16-2-25 ഞായറാഴ്ച രാവിലെ 7 മണിക്ക് തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.
5. കണ്ണൂർ മേലെ ചൊവ്വ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് ഇടവക ഡയറക്ടർ റവ. ഫാ. തോമസ് കുളങ്ങയുടെയും യൂണിറ്റ് പ്രസിഡണ്ട് വിനു ആരനോലിയുടെയും മറ്റു ഭാരവാഹികളുടെയും നേതൃത്വത്തിൽ മൊബൈൽ ഫ്രീസർ യൂണിറ്റ് ആരംഭിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

സ്നേഹമുള്ളവരെ,

പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും വഴിയിലൂടെ പുതിയ ജീവിതത്തിലേക്ക് കടക്കാനുള്ള ആഹ്വാനവുമായി വീണ്ടും ഒരു നോമ്പു കാലം കൂടെ കടന്നുവരുകയാണല്ലോ. നോമ്പിൻ ചൈതന്യം ഉൾക്കൊണ്ട് വി. കുർബാനയിലും കുടുംബക്കൂട്ടായ്മയിലും മുഴുവൻ അംഗങ്ങളും പങ്കെടുത്ത് കൂടുതൽ ഉണർവുള്ളവരാകാം.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. സമുദായ ശക്തീകരണവർഷത്തിൽ നമ്മുടെ കുടുംബ കൂട്ടായ്മകളുടെ വാർഷികാഘോഷവും ഇടവക ദിനാഘോഷവും മുൻവർഷങ്ങളെക്കാൾ ഹൃദ്യമായി നടത്താൻ ശ്രദ്ധിക്കുമല്ലോ. സമുദായ ബോധമുള്ള സമൂഹത്തെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്വത്വസംരക്ഷണം, നസ്രാണി സംഭാവനകൾ, ക്രിസ്തീയ കലാരൂപങ്ങൾ, സമുദായ സംസ്കാരം, വസ്ത്ര രീതി, ഭക്ഷണം മുതലായവയ്ക്ക് പ്രാധാന്യം കൊടുത്ത് വാർഷികാഘോഷങ്ങൾ സജീവമാക്കാം.
2. വൈദികസമിതിയിൽ ചർച്ച ചെയ്തതിൻ പ്രകാരം, മാർച്ച് - ഏപ്രിൽ മാസങ്ങളിലായി കുടുംബകൂട്ടായ്മകളുടെ പ്രസിഡന്റ്, സെക്രട്ടറി, ഹെൽപ്പ് ഡെസ്ക് ഭാരവാഹികൾ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, ഇടവകാതല സംഘടനാ പ്രസിഡന്റുമാർ (ദിയാകോണിയ) എന്നിവർക്കുവേണ്ടി ഒരു 'ഉണർവ്' പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. ഓരോ ഫൊറോനയിലും രണ്ടോ മൂന്നോ നാലോ സെന്ററുകളിലായാണ് ഈ സമുദായ ശക്തീകരണ നേതൃസംഗമങ്ങൾ നടത്തുന്നത്. എല്ലാ സംഘടനകളുടേയും 2025 ജനുവരി മുതൽ മാർച്ച് വരെയുള്ള പ്രവർത്തന റിപ്പോർട്ട് ഒരു പേജിൽ സംക്ഷിപ്തമായി തയ്യാറാക്കി സംഘടനാ പ്രസിഡന്റുമാർ കൊണ്ടുവരണം. തീക്ഷ്ണതയും സമുദായ സ്നേഹവുമുള്ള സമൂഹത്തെ നമുക്ക് രൂപപ്പെടുത്താം.

**3. സമുദായശക്തീകരണ നേതൃസംഗമം**

ആമുഖപ്രഭാഷണം, ഉദ്ഘാടനം - മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
സമുദായ ശക്തീകരണം ഹെൽപ്പ്ഡെസ്കിലൂടെ
- റവ. ഫാ. സുബിൻ റാത്തപ്പള്ളി
സമുദായ ശക്തീകരണം അത്മായ സംഘടനകളിലൂടെ
- റവ. ഫാ. അഖിൽ മുക്കുഴി
സംഘടനറിപ്പോർട്ട് അവലോകനം

**4. മാർച്ച് മാസത്തിൽ നടക്കുന്ന നേതൃസംഗമം**

**1. പേരാവൂർ ഫൊറോന**

പേരാവൂർ (**മാർച്ച് 17 തിങ്കൾ 10 am**)
കല്ലുമുതിരക്കുന്ന്
ഓടംതോട്
പെരുമ്പുന്ന
മേൽമുരിങ്ങോടി
എടത്തൊട്ടി
മടപ്പുരച്ചാൽ
മഞ്ഞളാംപുറം (**മാർച്ച് 17 തിങ്കൾ 3 pm**)
കണിച്ചാർ
ചെട്ടിയാംപറമ്പ്
ചെങ്ങോം
കൊളക്കാട് (**മാർച്ച് 18 ചൊവ്വ 10 am**)
പൂളക്കുറ്റി
നെടുംപുറംചാൽ
രാജമുടി
കോളയാട് (**മാർച്ച് 18 ചൊവ്വ 3 pm**)
ആര്യപ്പറമ്പ്
നിർമ്മലഗിരി
വാഴമല
മട്ടന്നൂർ

**2. എടൂർ ഫൊറോന**

എടൂർ (**മാർച്ച് 19 ബുധൻ 10 am**)
വട്ട്യറ
ഉരുപ്പുംകുറ്റി
എടപ്പുഴ
കരിക്കോട്ടക്കരി
വെളിമാനം (**മാർച്ച് 19 ബുധൻ 3 pm**)
കീഴ്പ്പള്ളി
മാങ്ങോട്
ചെടിക്കുളം

**3. കുന്നോത്ത് ഫൊറോന**

കുന്നോത്ത് (**മാർച്ച് 20 വ്യാഴം 10 am**)
എടക്കാനം
മാടത്തിൽ
പെരിങ്കരി
കിളിയന്തറ (**മാർച്ച് 20 വ്യാഴം 3 pm**)
പാലത്തുംക്കടവ്
കച്ചേരിക്കടവ്
പേരട്ട
മൊടയരഞ്ഞി
അങ്ങാടിക്കടവ് (**മാർച്ച് 21 വെള്ളി 10 am**)
വാണിയപ്പാറ
രണ്ടാംകടവ്
ചരൾ
ആനപ്പന്തി

**4. നെല്ലിക്കാംപൊയിൽ ഫൊറോന**

നെല്ലിക്കാംപൊയിൽ (**മാർച്ച് 22 ശനി 10 am**)
ഇരിട്ടി
പടിയൂർ
കല്ലുവയൽ
വിളമന
ഉളിക്കൽ (**മാർച്ച് 22 ശനി 3 pm**)
അറബി
പുറവയൽ
തേർമല
തിരൂർ

**5. മണിക്കടവ് ഫൊറോന**

മണിക്കടവ് (**മാർച്ച് 24 തിങ്കൾ 10 am**)
കാഞ്ഞിരക്കൊല്ലി
ശാന്തിനഗർ

കാലാങ്കി
മാട്ടറ
മണിപ്പാറ (മാർച്ച് 24 തിങ്കൾ 3 pm)
മുണ്ടാനൂർ
ആനറ

6. **പൈസക്കരി ഫൊറോന**
പൈസക്കരി (മാർച്ച് 25 ചൊവ്വ 10 am)
വെമ്പുവ
പയ്യാവൂർ
ജോസ്മൗണ്ട്
ചുണ്ടപ്പറമ്പ്
മുത്താറിക്കുളം
ചന്ദനക്കാംപാറ (മാർച്ച് 25 ചൊവ്വ 3 pm)
ആടാംപാറ
പാടാംകവല
ഏറ്റുപാറ

7. **ചെമ്പേരി ഫൊറോന**
ചെമ്പേരി (മാർച്ച് 26 ബുധൻ 10 am)
പുലിക്കുരുമ്പ
ലിസിഗിരി
കുടിയാൻമല (മാർച്ച് 26 ബുധൻ 3 pm)
പൊട്ടൻപ്ലാവ്
ദീപഗിരി
കനകക്കുന്ന്
പൊന്മല
നെല്ലിക്കുറ്റി (മാർച്ച് 27 വ്യാഴം 10 am)
പൂപ്പറമ്പ്
അരീക്കമല
രത്നഗിരി

8. **ചെമ്പന്തൊട്ടി ഫൊറോന**
ചെമ്പന്തൊട്ടി (മാർച്ച് 28 വെള്ളി 10 am)
വെണ്ണക്കല്ല്
നടുവിൽ
മണ്ടളം
കരയത്തുംചാൽ
വിളക്കന്നൂർ
കോട്ടൂർ
ശ്രീകണ്ഠാപുരം (മാർച്ച് 28 വെള്ളി 3 pm)
ചേപ്പറമ്പ്
നെടുവാലൂർ
നെല്ലിക്കുന്ന്
കോട്ടൂർവയൽ

9. **തളിപ്പറമ്പ് ഫൊറോന**
തളിപ്പറമ്പ് (മാർച്ച് 29 ശനി 10 am)
പയ്യന്നൂർ
അമ്മംകുളം
ബാലേശ്ശുഗിരി
പരിയാരം
കണ്ണൂർ (മാർച്ച് 29 ശനി 3 pm)
മേലെചൊവ്വ
തലശ്ശേരി

10. **വായാട്ടുപറമ്പ് ഫൊറോന**
വായാട്ടുപറമ്പ് (മാർച്ച് 31 തിങ്കൾ 10 am)
കരുണാപുരം
കരുവൻചാൽ
തടിക്കടവ്
അൽഫോൻസഗിരി
ബാലപുരം
വെള്ളാട് (മാർച്ച് 31 തിങ്കൾ 3 pm)
പാത്തൻപാറ
മാവുംചാൽ
വിജയപുരം

5. കുടുംബകൂട്ടായ്മയുടെ പതാക ആവശ്യമുള്ളവർ ഫ്രൂട്ട്സ് ഓഫീസുമായി ബന്ധപ്പെടുക. ഓരോ മാസവും കുടുംബകൂട്ടായ്മകൾ നടക്കുന്ന വീടിന്റെ മുൻഭാഗത്തായി പതാക കെട്ടിവെച്ച് യൂണിറ്റ് മെമ്പേഴ്സിനെ കുടുംബക്കൂട്ടായ്മകളെപ്പറ്റി ഓർമ്മിപ്പിക്കുന്ന രീതി തുടരുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിൽവച്ച് മാർച്ച് 12 മുതൽ 16 വരെ കൃപാഭിഷേകം ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി 40 ദിവസത്തെ മദ്ധ്യസ്ഥപ്രാർത്ഥന ചെമ്പേരിയിലെ സെന്റ് ജോസഫ് ബാലഭവനിൽവച്ച് 2025 ജനുവരി 28 ന് ആരംഭിച്ചു. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുര, കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ സെബാസ്റ്റ്യൻ മുട്ടത്തുപാറ, റവ. ഫാ. മാത്യു വേങ്ങകുന്നേൽ, ബസിലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഫാ. ജോസഫ് മഞ്ചപ്പിള്ളിൽ, കെ.സി. എസ്.സി. ജോയിന്റ് കോ-ഓർഡിനേറ്റർ സന്തോഷ് തലച്ചിറ, സബ് റീജി യൻ കൺവനീർ സിബി ഓലിക്കൽ, സോൺ കോ-ഓർഡിനേറ്റർമാരായ ഷാജി ചെട്ട്യാശ്ശേരി, ബിനോയി പുതിയമംഗലം, ആന്റണി പാലാട്ടി എന്നിവർ നേതൃത്വം നൽകി.

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ 2025 ഫെബ്രുവരി 2 ന് സെൻട്രൽ പാരിഷ് മിനിസ്ട്രിയുടെ നോർത്ത് മലബാർ സബ് റീജിയൻ വിസിറ്റ് നടന്നു. കണ്ണൂർ, കാസർഗോഡ്, തലശ്ശേരി സോണുകളുടെ ഭാരവാഹികൾ പങ്കെടുത്തു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് താമരവെളി, അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ ഫാ. സേവ്യർ പുത്തൻപുര, പാരിഷ് മിനിസ്ടി സെൻട്രൽ ടീം കോ-ഓർഡിനേറ്റർ ജോസ് തട്ടിൽ, സെൻട്രൽ സർവ്വീസ് സമിതി അംഗങ്ങൾ പങ്കെടുത്തു. 16.02.2025 ന് തലശ്ശേരി ഹോളിറോസറി പള്ളിയിൽ വച്ച് കൂത്തുപറമ്പ് സബ് സോൺ കുടുംബസംഗമം നടന്നു. റൈറ്റ് റവ. ഡോ. ഡെന്നീസ് കുറപ്പശ്ശേരി പിതാവ് വി. കുർബ്ബാന അർപ്പിച്ചു. സബ് സോൺ ആനിമേറ്റർ ബെന്നി പൂത്തറയിൽ ഇടവകവികാരി ഫാ. മാത്യു തയ്യിൽ സബ് സോൺ കോ-ഓർഡിനേറ്റർ തോമസ് ഇരുപ്പക്കാട്ട് എന്നിവർ നേതൃത്വം നൽകി. 120 കുടുംബങ്ങൾ പങ്കെടുത്തു.

നീലേശ്വരം ദൈവാലയത്തിൽ വച്ച് കാസർഗോഡ് സോണിന്റെ സോണൽ കൂട്ടായ്മ നടന്നു. വികാരി ജനറാൾ വെരി. റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ നേതൃത്വം നൽകി. കണ്ണൂർ സോണിൽ 18.02.2025 ചൊവ്വാഴ്ച്ച രാവിലെ 09:30 മുതൽ 03:30 വരെ ആലക്കോട് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് സബ് സോൺ കരിസ്മാറ്റിക് കുടുംബോത്സവം നടന്നു. റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ (തലശ്ശേരി അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ), റവ. ഫാ. ആന്റണി പുന്നൂർ (ആലക്കോട് സെന്റ് മേരീസ് ഫൊറോന വികാരി), റവ. ഫാ. ജോസഫ് മൈലാമൂട്ടിൽ (സബ്സോൺ ആനിമേറ്റർ), റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിൽ (കണ്ണൂർസോൺ ആനിമേറ്റർ), സി. സ്നേഹ എം.എസ്.ജെ., ചാണ്ടി കൊടക്കനാൽ (സബ് സോൺ കോ-ഓർഡീനേറ്റർ), ആന്റണി പാലാട്ടി (കണ്ണൂർ സോൺ കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

**റവ. ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**

ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY–ABLED AND AWAKENING MISSION (ADAM)

**ആലക്കോട് ബധിര കൂട്ടായ്മ**

ഫെബ്രുവരി മാസം 2–ാം തീയതി ഞായറാഴ്ച ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ വി. ബലിയും ബൈബിൾ ക്ലാസും നടത്തി. വിവാഹ വാർഷികം ആഘോഷിക്കുന്ന മാർട്ടിൻ–വീണ ദമ്പതികൾക്ക് വിവാഹ വാർഷിക മംഗളങ്ങൾ ആശംസിച്ചു. ഇരുപത്തിയൊന്നാം വാർഷിക ആഘോഷങ്ങളെ കുറിച്ച് ചർച്ച നടത്തി.

**കണ്ണൂർ കലക്ടറേറ്റ് ധർണ്ണ**

ബൗദ്ധികഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് ഗവൺമെന്റ് നൽകിയിരുന്ന ആശാകിരൺ പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാനം മുഴുവൻ ഭിന്നശേഷിക്കാരുടെ മാതാപിതാക്കളുടെ സംഘടനയായ പരിവാറിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 5 ന് നടന്ന കളക്ടറേറ്റ് ധർണ്ണയിൽ കണ്ണൂർ കലക്ടറേറ്റിൽ തലശ്ശേരി അതിരൂപത ഭിന്നശേഷി വിഭാഗം ആദം മിനിസ്ട്രിയും പങ്കുചേർന്നു. ബൗദ്ധിക ഭിന്നശേഷിക്കാർക്കായി പ്രതിദിന സാമ്പത്തിക സഹായ തുക വർദ്ധിപ്പിക്കുക, വിവിധ സ്കീമുകൾ പുനഃസ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള സമരത്തിൽ ഐക്യദാർഢ്യവും ആശംസകളും നേർന്നു.

**മിഷൻ കേരള ബധിര കായിക മേള, തലശ്ശേരി**

ഫെബ്രുവരി 5, 6, 7 തീയതികളിലായി തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ട കേരളയിൽ പങ്കുചേർന്നു. മത്സരങ്ങൾക്കായി കുട്ടികളെ പ്രാർത്ഥിച്ച് ഒരുക്കുകയും, മാനേജ്മെന്റിനായി ചാനലുകൾക്ക് പരിഭാഷ നൽകിയും, സമ്മാനദാന ചടങ്ങുകൾ നിർവഹിച്ചും മേളയുടെ ഭാഗമായി.

**ബാംഗ്ലൂർ മിഷൻ**

ഫെബ്രുവരി 9 ഞായർ ബാംഗ്ലൂർ സെന്റ് പാർട്രിക് ചർച്ചിൽ വച്ച് അംഗങ്ങൾക്കായി വിശുദ്ധ ബലിയും കുമ്പസാരവും നടത്തി. തുടർന്ന്

ബൈബിൾ ക്ലാസും പ്രാർത്ഥനകൾ ആംഗ്യഭാഷയിൽ പരിശീലിക്കുകയും ചെയ്തു.

**വിവാഹ വേദിയിൽ**

വയനാട് എഫ്ഫാത്ത അംഗമായ മനീഷിന്റെയും-അന്നയുടെയും വിവാഹം ഫെബ്രുവരി 10-ാം തീയതി അമ്പലവയൽ പള്ളിയിൽ വെച്ച് ആശീർവദിച്ചു. ഇവരെ വിവാഹത്തിനൊരുക്കി കൂദാശകൾ ആംഗ്യഭാഷയിൽ പരിഭാഷകൾ നൽകി. തന്റെ സഹോദരന്റെ ജീവിത ഉന്നമനത്തിനായി പ്രാർത്ഥനയോടെ എന്നും കൂടെ നിൽക്കുന്ന സഹോദരി ബഹു. സി. ലിഡിയ എസ് എച്ച് ന് പ്രത്യേക അഭിനന്ദനങ്ങൾ. മനീഷിനും അന്നയ്ക്കും ആദം മിനിട്രിയുടെ പ്രാർത്ഥന ആശംസകൾ.

**ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി ഇരുപത്തിയൊന്നാം വാർഷികം**

കേരള കത്തോലിക്ക സഭയിൽ ബധിര വിശ്വാസ സമൂഹത്തിനായി ആദ്യമായി ആരംഭിച്ച തലശ്ശേരി അതിരൂപതയിലെ ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയുടെ 21 വാർഷികം വിശുദ്ധ ബലിയോടും വാർഷിക സമ്മേളനത്തോടും വിവിധ പരിപാടികളോടും കൂടെ പതിനാറാം തീയതി ഞായറാഴ്ച ആഘോഷിച്ചു. ആലക്കോട് ഫൊറോനാപള്ളി വികാരി വെരി. റവ. ഫാ. ആന്റണി പൂന്നൂർ അധ്യക്ഷഭാഷണം നടത്തി. അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് പരിശുദ്ധ കുർബാന യ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു. അതിരൂപത പ്രോ-ലൈഫ് പ്രസിഡന്റ് ശ്രീ. ലോറൻസ്, മാതൃവേദി പ്രസിഡണ്ട് ശ്രീമതി സിസി ആന്റണി, സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ റവ. സി. ക്രിസ്റ്റീന, ചാവറ നിവാസ് സ്പീച്ച് ആൻഡ് ഹിയറിംഗ് സ്കൂൾ ഹെഡ്മിസ്ട്രസ് സി. ദീപ സി.എം.സി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നീണ്ട 25 വർഷ ത്തെ സ്തുത്യർഹമായ അധ്യയന ജീവിതത്തിൽ നിന്നും വിരമിക്കുന്ന ബഹു. ദീപ സിസ്റ്ററിന് ചടങ്ങിൽ ആദരവ് നൽകി. വിവാഹ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന തെക്കയിൽ ബിജു-ഷെർളി ദമ്പതി കൾക്കും ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന കൂവക്കൽ കുര്യൻ-മേരി ദമ്പതികൾക്കും അനുമോദനങ്ങളും സമ്മാനങ്ങളും നൽകി. ലോഗോസ് ക്വിസ് വിജയികളായ നിമ്മി ഏലിയാസ്, രാജൻ, മാർട്ടിൻ, ജസ്വിൻ, ക്രിസ്റ്റീന എന്നിവർക്കും വിവിധ മത്സരങ്ങളിൽ വിജയികളായവർക്കും സമ്മാനങ്ങൾ നൽകി. അസോസിയേഷൻ സെക്രട്ടറി ശ്രീ. ആന്റണി വെട്ടിക്കാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ആഘോഷത്തിൽ പങ്കുചേർന്ന എല്ലാ ബധിര വിശ്വാസ സമൂഹത്തിലെ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഫാമിലി

അപ്പൊസ്റ്റൊലേറ്റ് സമ്മാനങ്ങൾ നൽകി. തലശ്ശേരി അതിരൂപത ഭിന്നശേഷി ശുശ്രൂഷ വിഭാഗം ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ സ്വാഗതവും, സൊസൈറ്റി പ്രസിഡണ്ട് ശ്രീ. സനീഷ് നന്ദിയും അർപ്പിച്ചു. ഡാൻസ്, സ്കിറ്റ് തുടങ്ങിയ കലാപരിപാടി കളോടും അതിരൂപതാ ഫാമിലി അപ്പോസ്തലറ്റ് ഒരുക്കിയ സ്നേഹവിരുന്നോടും കൂടി ആഘോഷങ്ങൾ സമാപിച്ചു. അതിരൂപതയിലെ ബധിര വിശ്വാസ സമൂഹത്തെ, കുടുംബ ങ്ങളെ, ചേർത്തുപിടിക്കുവാൻ ഡയറക്ടർ ഫാ. ജോബി കോവാട്ടും അംഗ ങ്ങളും കാണിച്ച വലിയ മനസ്സിന് ഒത്തിരി നന്ദി.

**ജ്യോതിഭവൻ സ്പെഷ്യൽ സ്കൂൾ - ചിറ്റാരിക്കാൽ**

ഫെബ്രുവരി പതിനേഴാം തീയതി ജ്യോതിഭവൻ സ്കൂൾ സന്ദർശിക്കു കയും കുട്ടികളോടും അധ്യാപകരോടും സൗഹൃദം പുതുക്കുകയും ചെയ്തു. വിവിധ തിരുനാളുകളിൽ ഭംഗിയായി ബാൻഡ് മേളം അവതരിപ്പിക്കുന്ന കുട്ടികൾക്ക് അനുമോദനങ്ങൾ നേരുകയും ഏവർക്കും മധുരം നൽകുകയും ചെയ്തു.

**ജന്മദിന ആഘോഷം**

ബധിര സമൂഹത്തിനായി ആരംഭിച്ച ആദം മിനിസ്ട്രി, അതിരൂപതയിലെ മുഴുവൻഭിന്നശേഷിക്കാർക്കുള്ള ശുശ്രൂഷയാക്കി മാറ്റുവാൻ പ്രേരണയായി തീർന്ന കാലിച്ചാനടുക്കം ഇടവകാംഗം ഫെബിന്റെ 36-ാം ജന്മദിനം ഭവനത്തിൽ ഫെബ്രുവരി 17-ാം തീയതി ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു. ബഹു. മദർ ഗ്രേസി എഫ് സി സി, സി. അമല എഫ് സി സി, സി. നിർമ്മല എഫ് സി സി, ശ്രീ. സിബി ചേന്നപ്പിള്ളി എന്നിവർ സന്നിഹിതർ ആയിരുന്നു. തന്റെ ശാരീരിക പരിമിതിയിലും പരിഭവങ്ങൾ ഇല്ലാതെ സന്തോഷം പങ്കുവയ്ക്കുന്ന ഫെബിനേയും, ഭാരമെന്ന് കരുതാതെ സ്നേഹപൂർവ്വം പരിചരിക്കുന്ന കുടുംബാംഗങ്ങളെയും ഓർത്ത് ദൈവത്തിന് മഹത്വം.

**ജ്യോതിഭവൻ ചായ്യോത്ത്**

ജ്യോതിഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിലെ കുട്ടികൾക്കായി ഫെബ്രുവരി 18-ാം തീയതി വിശുദ്ധ കുർബാന അർപ്പിച്ചു. പത്താം ക്ലാസ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പ്രത്യേക പ്രാർത്ഥനകൾ നടത്തി. തുടർന്ന് വ്യക്തിത്വ വികസനം എന്ന വിഷയത്തിൽ കുഞ്ഞുങ്ങൾക്ക് ക്ലാസുകൾ നൽകി.

**സ്നേഹഭവൻ കുന്നംകുളം**

ബധിര വിദ്യാർത്ഥികൾക്കായി സി എസ് ഐ സഭ നടത്തുന്ന സ്നേഹ ഭവൻ സ്കൂളിലെ കുട്ടികളുടെ പഠനോത്സവം പരിപാടിയിൽ പങ്കുചേരുകയും കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ക്ലാസുകൾ നൽകുകയും ചെയ്തു.

ഫെബ്രുവരി 21-ാം തീയതി നടന്ന പ്രോഗ്രാമിന് മാനേജർ ഫാ. ഷിബു മോൻ അധ്യക്ഷതയും, ശ്രീ. ലബീബ് ഹസൻ ഉദ്ഘാടനം നടത്തി. ഹെഡ്മിസ്ട്രസ് ശ്രീമതി സിസി സാമുവേൽ സ്വാഗതവും കൺവീനർ ശ്രീമതി നന്ദിയും പറഞ്ഞു.

**എഫ്ഫാത്ത വയനാട്**

വയനാട് കത്തോലിക്ക കൂട്ടായ്മയിലെ അംഗങ്ങൾക്കായി 23-ാം തീയതി ഞായറാഴ്ച കുമ്പസാരവും വി. ബലിയും ബത്തേരി അസംഷൻ ഫൊറോന പള്ളിയിൽ നടത്തി, 35 വിശ്വാസികൾ കൂട്ടായ്മയിൽ വി. ബലിയ്ക്കായി പങ്കുചേർന്നു. അവസരം ഒരുക്കി സ്നേഹവിരുന്ന് നൽകി ബധിര സമൂഹത്തെ ചേർത്തുപിടിക്കുന്ന പെരിയ ബഹുമാനപ്പെട്ട വികാരി അച്ചനും, കൊച്ചച്ചന്മാർക്കും, ഇടവക സമൂഹത്തിനും നന്ദി.

**ചാവറ നിവാസ് സ്പെഷ്യൽ സ്കൂൾ ഇരട്ടി**

ചാവറ നിവാസ് സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിലെ കുട്ടികൾക്കായി 24-ാം തീയതി തിങ്കളാഴ്ച വ്യക്തിത്വ വികസന ക്ലാസും, കൗൺസിലിംഗും നടത്തി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മരിയൻ പിൽഗ്രിം മിനിസ്ട്രി 2025 ജൂബിലി വർഷത്തിൽ വിശുദ്ധ നാട്ടിലേയ്ക്കും (2025 ഏപ്രിൽ 21) യൂറോപ്പിൻ രാജ്യങ്ങളിലേയ്ക്കും (2025 മെയ് 11) തീർത്ഥാടനം സംഘടിപ്പിക്കുന്നുണ്ട്.

യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുവാനും 7306266198 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി**

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

### ഗ്രാമിയ നോട്ടുബുക്ക് - 2025

TSSS-ന്റെ നേതൃത്വത്തിൽ വിപണിയിൽ ലഭ്യമാക്കിവരുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ ഈ വർഷത്തെ ഓർഡറുകൾ സ്വീകരിച്ചു തുടങ്ങി. 2025 മാർച്ച്-ഏപ്രിൽ മാസങ്ങളിലായി വിതരണം ആരംഭിക്കുന്ന നോട്ടുബുക്കുകൾ ഈ വർഷവും മുൻവർഷങ്ങളിലെന്നപോലെ ഇടവകകളിലും യൂണിറ്റുകളിലും എത്തിച്ചു നൽകുന്നതായിരിക്കും. ആകർഷകമായ നിരക്കിലും മികവോടെയും തയ്യാറാക്കി 96, 168 പേജുകളിലായാണ് ഈ വർഷം കോളേജ്, സ്കൂൾ നോട്ടുബുക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. 96 പേജുകൾ വീതമുള്ള സ്കൂൾ, കോളേജ് നോട്ടുബുക്കുകൾക്ക് യഥാക്രമം *(ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നത് യഥാർത്ഥ വില)* 27 (32), 17 (20) എന്നീ നിരക്കുകളിലും, 168 പേജുകൾ വീതമുള്ള സ്കൂൾ, കോളേജ് നോട്ടുബുക്കുകൾക്ക് യഥാക്രമം 48 (58), 27 (32) എന്നീ നിരക്കുകളിലുമായിരിക്കും ലഭ്യമാക്കുക.

### നിഴൽ പദ്ധതി

TSSS-ന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ നിഴൽ പദ്ധതിക്ക് തുടക്കമായി. തെരുവോരങ്ങളിൽ അധിവസിക്കുന്നവർക്ക് ഉച്ചഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് TSSS ഈ പദ്ധതിക്ക് തുടക്കം നൽകിയത്. ഒരു ദിവസം 100 പേർക്ക് വീതമാണ് ഉച്ചഭക്ഷണം നൽകുക. ഒരു ഊണിന് 35/- രൂപ എന്ന നിരക്കിൽ ഒരു ദിവസത്തേക്ക് 3500/- രൂപ ചിലവ് വരുന്നു. TSSS യൂണിറ്റുകളുടെയും വിവിധ ഉപകാരികളുടെയും സഹകരണത്തോടെ ഓരോ മാസവും ഓരോ മേഖല എന്ന രീതിയിലാണ് ഈ പ്രവർത്തനം ആദ്യഘട്ടത്തിൽ നടപ്പിലാക്കുക.

### മാതാ ഹോം കെയർ ഉത്പന്നങ്ങൾ

സ്വാഭിമാൻ ക്ലീനിംഗ് ഉത്പന്നങ്ങളുടെ കിറ്റുകളോടൊപ്പം വാഷിംഗ് മെഷീൻ ലിക്വിഡ് ഡിറ്റർജന്റ്, ഫാബ്രിക് സ്റ്റാർച്ച്, ഫിനോയിൽ, ഫാബ്രിക് കണ്ടീഷണർ, ലിക്വിഡ് ഡിഷ്‌വാഷ്, ടോയ്‌ലെറ്റ് ക്ലീനർ, ഫ്ളോർ വാഷ്, ഹാന്റ് വാഷ്, ഹെയർ ഷാംപൂ, കാർ ഷാംപൂ, ബാത്ത് സോപ്പ്, ഡിഷ് വാഷ് ബാർസോപ്പ് തുടങ്ങിയ ഉത്പന്നങ്ങളും മികച്ച

ഗുണമേന്മയോടുകൂടി ആകർഷകമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. ഏരിയൽ/ഹൈടെക്ക് സോപ്പുപൊടി, ഡിഷ്‌വാഷ്, ഹാർപ്പിക്, ഫിനോയിൽ, ഷാംപൂ തുടങ്ങിയ കിറ്റുകളും TSSS മേഖലാ-യൂണിറ്റ് ഓഫീസുകൾ വഴി ലഭിക്കുന്നതായിരിക്കും.

## വായിലെ കാൻസർ പരിശോധനയും, സ്ത്രീകൾക്ക് സ്തന പരിശോധനാ പരിശീലനവും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ കാൻസർ സെന്ററും സംയുക്തമായി 2025 ഫെബ്രുവരി മാസത്തിൽ പനത്തടി, കുന്നുംകൈ, ബിരിക്കുളം എന്നിവിടങ്ങളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ സംഘടിപ്പിച്ചു. വായിലെ കാൻസർ പരിശോധനയും, സ്ത്രീകൾക്ക് സ്വയം സ്തനാർബുദ പരിശോധനാ പരിശീലനവും, ബോധവത്ക്കരണ ക്ലാസുമാണ് പ്രസ്തുത ക്യാമ്പിൽ നടത്തി വരുന്നത്. കാൻസർ രോഗത്തെ ഫലപ്രദമായി ചെറുക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പ്രത്യേക പദ്ധതിയിലൂടെയാണ് ഇത്തരം ക്യാമ്പുകൾ യൂണിറ്റുകളിൽ സംഘടിപ്പിച്ചത്. 1500/- രൂപ മുതൽ മുകളിലേക്ക് ചികിത്സയ്ക്ക് ഈടാക്കി വരുന്ന വായിലെ കാൻസർ പരിശോധനയാണ് തികച്ചും സൗജന്യമായി TSSS-ന്റെ ഇത്തരം ക്യാമ്പുകളിലൂടെ നൽകി വരുന്നത്. ബോധവത്ക്കരണക്ലാസുകൾക്കും പരിശോധനകൾക്കും ഡോ. ഫിൻസ് എം. ഫിലിപ്പ് *(മലബാർ കാൻസർ സെന്റർ ഓങ്കോളജി വിഭാഗം, തലശ്ശേരി)* നേതൃത്വം നൽകി.

### പ്രതിമാസ പ്രവർത്തനങ്ങൾ

2025 മാർച്ച് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1) മാർച്ച് 08**

**അന്താരാഷ്ട്ര വനിതാദിനം (International Women's Day)**

**പ്രവർത്തനം:**

* ബോധവത്ക്കരണക്ലാസ് സംഘടിപ്പിക്കുക. (യൂണിറ്റുകളിൽ നടത്തേണ്ടത്). വനിതകൾക്കും യുവതികൾക്കും സ്ത്രീയും നിയമങ്ങളും എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കുക. അതിനായി TSSS സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ (SPC) ന്റെ സേവനം തേടാവുന്നതാണ് Contact: + 91 9496684784.
* മുൻകാല TSSS മെമ്പർമാരായ വനിതകളെയും, കുടിയേറ്റക്കാരായ അമ്മമാരെയും ആദരിക്കുക.

**2). മാർച്ച് 20**

**അന്താരാഷ്ട്ര സന്തോഷദിനം (International Day of Happiness)**

**പ്രവർത്തനങ്ങൾ:**

* തെരുവോരങ്ങളിൽ അധിവസിക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിനായി TSSS തുടക്കം കുറിച്ച നിഴൽ പദ്ധതിയിലേക്ക് യൂണിറ്റുകളുടെ

യും, വിവിധ ഉപകാരികളുടെയും സഹകരണത്തോടെ ഫണ്ട് ശേഖരണം.

* ഓരോ മാസവും ഓരോ മേഖല വീതം ഫണ്ട് ശേഖരണം നടത്തി TSSS പ്രത്യേകം ആരംഭിച്ച അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. ഈ പുണ്യപ്രവർത്തനത്തിന് തുക മാറ്റിവച്ചുകൊണ്ട് തെരുവിന്റെ മക്കൾക്ക് സന്തോഷം പകരാം...
* ഓരോ മേഖലയും ഈ പ്രവർത്തനത്തിന് വിഹിതം നൽകിയോ / ഉപകാരികളെ കണ്ടെത്തിയോ സഹകരിക്കേണ്ട മാസങ്ങളുടെ വിവരങ്ങൾ TSSS ഓഫീസിൽ നിന്നും നൽകുന്നതായിരിക്കും.

3). **മാർച്ച് 22**

**ലോക ജലദിനം (World Water Day)**

**പ്രവർത്തനം:**

* **കുട്ടികൾക്ക് ചിത്രരചനാ മത്സരം**
  ലോകജലദിനത്തോടനുബന്ധിച്ച് TSSS മെമ്പർമാരുടെ മക്കളെ ഉൾപ്പെടുത്തി ചിത്രരചനാമത്സരം സംഘടിപ്പിക്കുക.
* **പറവകൾക്കും സഹജീവികൾക്കും ദാഹജലമൊരുക്കൽ**
  പൊതുയിടങ്ങളിലും ഓഫീസ് പരിസരങ്ങളിലും പക്ഷി - മൃഗാദികൾക്കായി മൺചട്ടികളിൽ ദാഹജലമൊരുക്കി മാതൃക തീർക്കാം...

## കാൻസർ പരിശോധനാക്യാമ്പ്

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. 2025 ഫെബ്രുവരി മാസത്തെ ക്യാമ്പ് 8-ാം തീയതി ശനിയാഴ്ച ആലക്കോട് മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത ക്യാമ്പ് **2025 മാർച്ച് 03 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി നെല്ലിക്കാംപൊയിൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

## മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽ ക്യാമ്പിൽ

രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചുവരുന്നു.

## SHG & JLG ലോണുകൾ

2025 ഫെബ്രുവരി മാസത്തിൽ TSSS തലശ്ശേരി ധനലക്ഷ്മി ബാങ്കുമായി സഹകരിച്ചുകൊണ്ട് 84 SHG-കളിലായി 1100 പേർക്ക് ഒരു ലക്ഷം രൂപ വീതം 11 കോടി രൂപ ലോൺ നൽകി. 2025 മാർച്ച് മാസത്തിൽ JLG ലോണുകളുടെ അടുത്തഘട്ട വിതരണം ആരംഭിക്കുന്നതാണ്. അപേക്ഷകർ TSSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## സജീവം ആന്റി ഡ്രഗ് ക്യാമ്പയിൻ രണ്ടാം ഘട്ടം

കേരള സോഷ്യൽ സർവ്വീസ് ഫോറം സംഘടിപ്പിച്ചുവരുന്ന സജീവം ആന്റി ഡ്രഗ് ക്യാമ്പയിൻ രണ്ടാം ഘട്ട ഏർലി ഇന്റർവെൻഷൻ കൗൺസിലിംഗ് ട്രെയിനിങ് പൂർത്തിയായി. പാലക്കാട് രൂപതയുടെ സോഷ്യൽ സർവീസ് വിഭാഗമായ സുൽത്താൻപേട്ട് മൾട്ടിപർപ്പസ് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ച് നടത്തപ്പെട്ട ട്രെയിനിംഗിൽ TSSS പ്രതിനിധികളായി തോമസ് ജോൺ, ഹെലൻ മേരി റോയി, റോഷൽ മറിയം ക്രിസ്റ്റഫർ തുടങ്ങിയവർ പങ്കെടുത്തു.

## കേരള ലേബർ മൂവ്മെന്റ് (KLM)

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) 1974 ജനുവരിയിലാണ് രൂപം കൊണ്ടത്. തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കുവേണ്ടിയും തൊഴിലാളികളുടെ കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അസംഘടിത തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രസക്തി അനുദിനം വർദ്ധിച്ചുവരുന്നു. ഇന്ന് കേരളത്തിലെ 29 രൂപതകളിലും കെ.എൽ.എം. പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തലശ്ശേരി അതിരൂപതയിലും കെ.എൽ.എം. പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത നാം മനസ്സിലാക്കേണ്ടതാണ്. അതിനായി ജനകീയസംഘ യൂണിറ്റുകൾ വഴി വരും ദിവസങ്ങളിൽ തൊഴിലാളി ക്ഷേമനിധി പദ്ധതികൾ ആരംഭിക്കുന്നു. അസംഘടിത തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി എന്നീ പദ്ധതികളാണ് ആദ്യഘട്ടത്തിൽ നടപ്പിൽ വരുത്തുന്നത്.

**കെ.എൽ.എം. പുതിയ നേതൃത്വം**

കെ.എൽ.എം. തലശ്ശേരി അതിരൂപതയുടെ പ്രസിഡണ്ടായി ശ്രീ. ജോഷി കുന്നത്ത്, ജനറൽ സെക്രട്ടറിയായി ശ്രീ. ബാബു സക്കറിയാസ്, വനിതാ വിഭാഗം പ്രസിഡണ്ടായി ശ്രീമതി ലിസി ജിജി എന്നിവരെ കെ.എൽ.എം. തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് നിയമിച്ചു.

**സെമിനാറും ജനറൽബോഡിയും**

എറണാകുളം പി.ഒ.സിയിൽ വച്ച് സംഘടിപ്പിച്ച കെ.എൽ.എം. ദ്വിദിന സെമിനാറിലും ആനുവൽ ജനറൽ ബോഡി മീറ്റിംഗിലും TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, ശ്രീ. ബാബു സക്കറിയാസ്, ശ്രീമതി ലിസി ജിജി എന്നിവർ പങ്കെടുത്തു.

**RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

കാസർഗോഡ് ജില്ലയിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ RADIO 4U 89.6 FM സമൂഹത്തിലെ വ്യത്യസ്തങ്ങളായ മേഖലകളിൽ പ്രവർത്തിച്ചുവരുന്നവരുടെ താത്പര്യം മുൻനിർത്തി വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്തുവരുന്നു. ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും 24 മണിക്കൂറും റേഡിയോയിൽ പരസ്യങ്ങൾ നൽകുന്നതിനും, അതോടൊപ്പം മികച്ച സൗണ്ട് റെക്കോർഡിംഗ് സംവിധാനമുപയോഗിച്ച് നിങ്ങളുടെ കഴിവുകൾ റേഡിയോ മുഖേന മറ്റുള്ളവർക്കു മുമ്പിൽ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിലും (കഥ, കവിത, ഗാനങ്ങൾ, മോണോ ആക്ട്, മിമിക്രി ect..) +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

***UNESCO അംഗീകാരം***

UNESCO *(United Nations Educational, Scientific and Cultural Organization)* അംഗീകരിച്ച റേഡിയോ ലിസ്റ്റിൽ ഇടംനേടി അഭിമാനപൂർവ്വം RADIO 4U 89.6 FM. ഫെബ്രുവരി 13 അന്താരാഷ്ട്ര റേഡിയോ ദിനത്തിൽ തന്നെ ഈ നേട്ടം കൈവരിക്കുവാൻ നമുക്ക് സാധിച്ചു. RADIO 4U 89.6 FM-ന്റെ പിന്നണിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എക്സിക്യൂട്ടീവ് ഡയറക്ടർ പ്രിയപ്പെട്ട ജിതിൻ കളത്തിൽ അച്ചനും, ടീം അംഗങ്ങൾക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഭിനന്ദനങ്ങളും ആശംസകളും...

***IDA (Indian Dental Association)***

Indian Dental Association - Costal Malabar Branch-ന്റെ വരും ദിവസങ്ങളിൽ പ്രക്ഷേപണം ആരംഭിക്കുന്ന അനാമയം എന്ന പരിപാടിയിൽ ഡെന്റിസ്റ്റ് അസോസിയേഷനായ IDA (Indian Dental Association) - Costal Malabar Branch അംഗങ്ങൾ പങ്കെടുക്കുകയും, ഈ പരിപാടി ഭാവിയിൽ Indian Dental Association-ന്റെ പിന്തുണയോടെ തുടരാമെന്ന് അറിയിക്കുകയും ചെയ്തു.

## സ്റ്റുഡിയോ റെക്കോർഡിംഗ് & LIVE QUIZ Programs

ആനന്ദം, ആരോഗ്യം – അകറ്റാം അർബുദം എന്ന കാൻസർ പ്രതിരോധ ക്യാമ്പയിന്റെ പ്രത്യേക പരിപാടി RADIO 4U 89.6 FM സ്റ്റേഷനിൽ വച്ചും, റേഡിയോ സ്റ്റേഷൻ പ്രമോഷൻ പരിപാടിയുടെ ഭാഗമായി വിവിധയിടങ്ങളിലായി LIVE QUIZ പ്രോഗ്രാമുകളും സംഘടിപ്പിച്ചു.

## ജ്യോതിർഗമയ

ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസബലിറ്റീസ് നടത്തിയ ജ്യോതിർഗമയ എന്ന പരിപാടിക്കുവേണ്ടി RADIO 4U 89.6 FM സൗജന്യമായി പ്രമോഷൻ ചെയ്തു നൽകുകയും, പ്രസ്തുത പരിപാടിയിൽ റേഡിയോ സ്റ്റേഷൻ അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു.

# TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

## സുരക്ഷിതമായ ഇന്റർനെറ്റ് ദിനാചരണം

ഇന്റർനെറ്റിന്റെ സുരക്ഷിതവും, ദൂഷ്യവുമായ വശങ്ങളെക്കുറിച്ച് ആധികാരികമായി സംവദിക്കുവാൻ സാധിക്കുന്നവരെ കണ്ടെത്തി, സ്കൂൾ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, യുവതീ-യുവാക്കൾ എന്നിവരെ ഉൾപ്പെടുത്തി TSSS-ന്റെ വിവിധ യൂണിറ്റുകൾ ജനപങ്കാളിത്തത്തോടെ ബോധവത്ക്കരണക്ലാസുകൾ, പോസ്റ്റർ രചനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനവിതരണം നടത്തുകയും ചെയ്തു. ചന്ദനക്കാംപാറ, പാണത്തൂർ, മുണ്ടാനൂർ, ലിസിഗിരി, ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, കരുവഞ്ചാൽ, അരവഞ്ചാൽ, പുലിക്കുരുമ്പ, കനകപ്പള്ളി, കാഞ്ഞിരകൊല്ലി തുടങ്ങിയ യൂണിറ്റുകൾ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## അന്താരാഷ്ട്ര സാമൂഹികനീതി ദിനം

സാമൂഹികനീതി ദിനത്തോടനുബന്ധിച്ച് മൗലികാവകാശങ്ങൾ, സാമൂഹിക സംരക്ഷണം, സ്ത്രീ ശാക്തീകരണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പോലീസ്, വക്കീൽ ഉദ്യോഗസ്ഥർ എന്നിവർ മുഖേനയും, TSSS ഫാമിലി കൗൺസിലിംഗ് സെന്റർ, TSSS സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ തുടങ്ങിയവയുമായും സഹകരിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും, മറ്റു സാമൂഹ്യപ്രവർത്തനങ്ങളും വിവിധ യൂണിറ്റുകളിൽ സംഘടിപ്പിച്ചു. ചന്ദനക്കാംപാറ, പാണത്തൂർ, പൈസക്കരി, കാഞ്ഞിരകൊല്ലി, മാട്ടറ, വായാട്ടുപറമ്പ് തുടങ്ങിയ യൂണിറ്റുകൾ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## അന്താരാഷ്ട്ര മാതൃഭാഷാദിനം

അന്താരാഷ്ട്ര മാതൃഭാഷാദിനത്തോടനുബന്ധിച്ച് ചന്ദനക്കാംപാറ, പാണത്തൂർ, ചെമ്പേരി, പൈസക്കരി, അരവഞ്ചാൽ, വായാട്ടുപറമ്പ് എന്നീ യൂണിറ്റുകൾ വിവിധ വിഷയങ്ങളിൽ ഉപന്യാസ മത്സരങ്ങൾ, ക്ലാസുകൾ,

ക്വിസ് മത്സരങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

**വിദ്യാഭ്യാസ സഹായം :** ഭീമനടി, പാണത്തൂർ, ബദിയടുക്ക, ചെമ്പന്തൊട്ടി, അരവഞ്ചാൽ, മണിപ്പാറ തുടങ്ങിയ യൂണിറ്റുകൾ വിവിധ മേഖലകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുകയും, വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ നൽകുകയും ചെയ്തു.

**രോഗീസന്ദർശനം & ചികിത്സാസഹായം**

രയറോം, പാണത്തൂർ, ബദിയടുക്ക, കള്ളാർ, വായാട്ടുപറമ്പ്, മുണ്ടാനൂർ, മണിക്കടവ്, ശാന്തിനഗർ, കാഞ്ഞിരക്കൊല്ലി, തേർമല, കല്ലുവയൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ രോഗികളെ സന്ദർശിക്കുകയും, ചികിത്സാ സഹായങ്ങൾ നൽകുകയും, അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു.

**മെഡിക്കൽ ക്യാമ്പ് :** പാണത്തൂർ, ചുള്ളി, തിരുമേനി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിലായി രോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, മരുന്നുകൾ വിതരണം നടത്തുകയും ചെയ്തു.

**അരികെ പദ്ധതി**

ചെറുപാറ, തിരുമേനി, എടൂർ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ TSSS അരികെ പദ്ധതിയിലേക്ക് നിർധനരായ രോഗികളുടെ അടിസ്ഥാനാവശ്യമായി വരുന്ന എയർബെഡ്, കട്ടിൽ, ട്രിപ്പ് സ്റ്റാൻഡ്, കസേര, വാക്കർ തുടങ്ങിയ ഉപകരണങ്ങൾ ശേഖരിച്ച് നൽകി.

**അഗതിമന്ദിര സന്ദർശനം**

രയരോം, കാഞ്ഞങ്ങാട്, കാഞ്ഞിരക്കൊല്ലി തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും, അഗതികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിച്ചു നൽകുകയും, അവരോടൊപ്പമായി അവർക്ക് ആശ്വാസം പകരുകയും ചെയ്യുകയും ചെയ്തു.

**ഭവനനിർമ്മാണ സഹായം**

പുലിക്കുരുമ്പ, കല്ലുവയൽ എന്നീ യൂണിറ്റുകൾ ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായങ്ങളും, ഭവന നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങി നൽകുകയും ചെയ്തു.

**ബോധവത്ക്കരണ ക്ലാസ്**

ചുള്ളി, ചേപ്പറമ്പ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിച്ചു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ഇൻഫാം

*കാർഷിക ജനതയുടെ ദൈനംദിന ജീവിതം ഏറെ പ്രതിസന്ധിയിലൂടെ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വനം വനമായും കൃഷിഭൂമി കൃഷിഭൂമിയായും നിലനിർത്തേണ്ട ആവശ്യകതയെക്കുറിച്ച് നമ്മുടെ നിയമസംവിധാനങ്ങൾ ഒട്ടും ബോധവാന്മാരാകുന്നില്ല. വന്യജീവികളും പ്രാദേശിക സമൂഹങ്ങളും തമ്മിലുള്ള സുസ്ഥിരസഹവാസത്തിന്റെ ആവശ്യകതയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, മേഖലയിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം പരിക്കരിക്കുവാനാണ് ഇൻഫാം ലക്ഷ്യമിട്ടുകൊണ്ടിരിക്കുന്നത്.*

**കേന്ദ്ര ബജറ്റ് കർഷക വിരുദ്ധം**

കർഷകനെയും കാർഷിക മേഖലയേയും നിരാശപ്പെടുത്തുന്ന രീതിയിൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റിനെതിരെ ഇൻഫാം പ്രതിഷേധം അറിയിച്ചു. ഓരോ ബജറ്റ് കഴിയുംതോറും കാർഷിക മേഖലയിലേക്കുള്ള പദ്ധതികളും ഫണ്ടും കുറഞ്ഞുവരികയാണ്. രാജ്യത്ത് ഉപഭോഗത്തിന്റെ 50 ശതമാനം പോലും ഉൽപാദനം ഇല്ലാത്ത റബ്ബറിനുപോലും യാതൊരു പ്രോത്സാഹനങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല. റബ്ബറിന് 250/- രൂപ ഇൻസെന്റീവ് ഉറപ്പുവരുത്തുക, ടാപ്പിംഗ് തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക, പ്രകൃതിക്ഷോഭങ്ങൾക്കും ദുരന്തങ്ങൾക്കും ഇരയാകുന്നവർക്ക് പ്രത്യേക പാക്കേജ്, ഇൻഷൂറൻസ് വർധിപ്പിക്കുക, കർഷകരെ മുഴുവൻ ഹെൽത്ത് ഇൻഷൂറൻസിൽ ഉൾപ്പെടുത്തുക തുടങ്ങി നിരവധി വിഷയങ്ങൾ കാർഷിക ഉന്നമനത്തിന് അനിവാര്യമാണ്. സംസ്ഥാന സർക്കാരിന്റെ ബജറ്റ് കർഷക ഉണർവിന് പ്രാധാന്യം നൽകാൻ ശ്രദ്ധിക്കണമെന്നും ഇൻഫാം ആവശ്യപ്പെട്ടു.

**കർഷക പെൻഷൻ**

രാജ്യത്തെ എല്ലാ കർഷകർക്കും പെൻഷൻ അനുവദിക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അവഗണനകൾ പരിഹരിച്ചുകൊണ്ട് കർഷകരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കണമെന്നും ഇൻഫാം ആവശ്യം ഉന്നയിച്ചു. സംസ്ഥാനത്ത് രൂക്ഷമായി

കൊണ്ടിരിക്കുന്ന വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ബഹു. കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെ നേതൃത്വത്തിൽ ബോവിക്കാനത്ത് സംഘടിപ്പിച്ച നിരാഹാരസമരത്തിൽ മുൻ കേന്ദ്രമന്ത്രിയും എ.ഐ.സി.സി വർക്കിംഗ് സെക്രട്ടറിയുമായ ശ്രീമതി ദീപ ദസ്മുൻസി ഘോഷിന്റെ സാന്നിധ്യത്തിലാണ് ഇൻഫാം തലശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി ഇക്കാര്യം സൂചിപ്പിച്ചത്.

## ഇൻഫാം കേരള സംസ്ഥാന അസംബ്ലി

ഇൻഫാം കേരള സംസ്ഥാന അസംബ്ലി കാഞ്ഞിരപ്പള്ളിയിൽവച്ച് സംഘടിപ്പിച്ചു. ഇൻഫാം സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോസ് ഇടപ്പാട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനകർമ്മം ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. ഇൻഫാം ദേശീയ ചെയർമാൻ റവ. ഫാ. തോമസ് മറ്റമുണ്ടയിൽ മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി കാർഷിക ജില്ലയിൽ ഇൻഫാം സംഘടനയുടെ ശാക്തീകരണത്തെക്കുറിച്ചും വരുംവർഷത്തിൽ ഇൻഫാം വിഭാവനം ചെയ്യുന്ന കർഷക ക്ഷേമ പദ്ധതികളെക്കുറിച്ചും ഇൻഫാം കാർഷിക ജില്ലാ ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി സംസാരിച്ചു.

അടുത്തവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ പ്രധാനമായും മൂന്നു കാര്യങ്ങളാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുവാനുള്ളത്.

1. കർഷകർക്കും കാർഷികവിളകൾക്കും ഇൻഷൂറൻസ് ലഭ്യമാകുന്ന രീതിയിലുള്ള ക്രമീകരണങ്ങൾ നടത്തുക.
2. ആധുനിക കൃഷിരീതികൾ പരിചയപ്പെടുത്തി കർഷകർക്ക് കൃഷി ലാഭകരമാക്കുവാനും, ഗുണനിലവാരമുള്ള തൈകളും, വളങ്ങളും വിതരണം നടത്തുവാനുമുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.
3. മെമ്പർഷിപ്പ് ക്യാമ്പയിനുകൾ നടത്തി കൂടുതൽ കർഷകരെ ഇൻഫാമിൽ പങ്കാളികളാക്കുക.
4. ഇടവകാതലത്തിൽ കാർഷിക ഉൽപന്നങ്ങൾ വിൽക്കുവാൻ ഞായറാഴ്ച ചന്തകൾ ആരംഭിക്കുക.
5. ഹോർട്ടികോർപ്പും മറ്റ് സംഘടനകളുമായി ചേർന്ന് തേൻ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളും കർഷകർക്ക് പരിശീലനവും നൽകുക.
6. കർഷകരിൽ നിന്നും ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ നേരിട്ട് വാങ്ങി, വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം ചെയ്യുവാൻ തലശ്ശേരി അതിരൂപതയുടെ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയായ ബയോ മൗണ്ടനുമായി സഹകരിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.

**കർഷക സമുദ്ധാരണം**

കർഷക കുടുംബങ്ങളുടെ സമുദ്ധാരണത്തിനായി ഒൻപത് നവീന പദ്ധതികൾ ഇൻഫാം ദേശീയ ചെയർമാന്റെ നേതൃത്വത്തിൽ അവതരിപ്പിച്ചു. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച തലശ്ശേരി കാർഷിക ജില്ലകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുക.

**1). ഭൂമി പുനർജനി**

അശാസ്ത്രീയമായ കൃഷിരീതികളും വളപ്രയോഗവും മൂലം ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട മണ്ണിന്റെ പി.എച്ച്. ക്രമീകരിച്ച് ഫലപുഷ്ടി ആർജിക്കാൻ ഡോളമൈറ്റ്, കുമ്മായം, പച്ചക്കറി എന്നിവ കർഷകന്റെ കൃഷിയിടത്തിൽ എത്തിക്കുന്ന പദ്ധതി.

**2). ധരണി :** മണ്ണിന്റെ സമ്പുഷ്ടീകരണത്തിനുവേണ്ടി ചാണകം, കമ്പോസ്റ്റ്, ജൈവ വളങ്ങൾ, ജീവാണുവളങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുവേണ്ടി തുടക്കം കുറിച്ച പദ്ധതി.

**3). വിത്തും തൈകളും :** ആഗോളതാപനം തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നല്ല ഇനം വിത്തുകളും തൈകളും കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി

**4). സംഭരണം വിതരണം**

കർഷകരുടെ വിളകളും വിഭവങ്ങളും സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിറ്റഴിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി.

**5). കാലി വളർത്തൽ**

ബയോഗ്യാസിനും ചാണകത്തിനും പാൽ ഉൽപാദനത്തിനും പ്രാദേശിക മാംസ ലഭ്യതയ്ക്കുംവേണ്ടി അനുബന്ധ കൃഷികളായ കന്നുകാലി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, പന്നി വളർത്തൽ, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

**6). കൈക്കോട്ടും ചിലങ്കയും**

കർഷകരുടെ കലാപരമായ കഴിവുകളെ വളർത്താനും വികസിപ്പിക്കാനും വേണ്ടിയുള്ള കലാ-സംസ്കാരിക പ്രോത്സാഹന പദ്ധതി.

**7). ആരോഗ്യം**

കർഷക കുടുംബങ്ങളിലെ കിടപ്പുരോഗികൾക്കും ഡയാലിസിസ് ചെയ്യുന്നവർക്കും ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ഓക്സിജൻ സിലിണ്ടർ ഉപയോഗിക്കുന്നവർക്കുംവേണ്ടി വിവിധ ആശുപത്രികളുമായും സന്നദ്ധ സംഘടനകളുമായും ചേർന്ന് നടപ്പാക്കുന്ന പദ്ധതി.

**8). വിദ്യാഭ്യാസം**

കർഷകരുടെ മക്കൾ നേടുന്ന വിജയങ്ങളെ അനുമോദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കിസാൻ ജെംസ് എക്സലൻസ് അവാർഡ്.

**9). മനക്കരുത്ത്**

വിവിധ പ്രതിസന്ധി ഘട്ടങ്ങളിലും മാനസിക ബുദ്ധിമുട്ടുകൾ നേരിടുന്ന സമയങ്ങളിലും കർഷകർക്ക് ആശ്വാസം നൽകുന്നതിന് കൗൺസിലിംഗ് പദ്ധതി.

## വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം

ദിനംപ്രതി വന്യമൃഗ അക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിഹാരമില്ലാതെ ഭരണകർത്താക്കൾ ഇരുട്ടിൽ തപ്പുകയാണെന്നും, സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയമാണെന്നും ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റി ആരോപണം ഉന്നയിച്ചു. കേരളത്തിലെ കർഷകരും എല്ലാ വിഭാഗം ജനങ്ങളും വലിയ ദുരന്തത്തിലേക്കാണ് നീങ്ങുന്നത്. വനം വനമായും കൃഷിഭൂമി കൃഷിഭൂമിയായും നിലനിർത്തുവാനും സംരക്ഷിക്കുവാനുമുള്ള ഉത്തരവാദിത്വം നിറവേറ്റാൻ സർക്കാർ തയ്യാറാകണമെന്നും, വനത്തിൽ മൃഗങ്ങൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങളും ജലസ്രോതസ്സുകളും ക്രമീകരിച്ച് വന്യമൃഗങ്ങളെ കാട്ടിൽതന്നെ സംരക്ഷിക്കാനുള്ള ക്രമീകരണം നടത്തണമെന്നും, വനത്തിൽ പെരുകുന്ന മൃഗങ്ങളെ നിയന്ത്രിക്കാനുള്ള നിയമഭേദഗതി ഉണ്ടാകണമെന്നും ഇൻഫാം ആവശ്യമുന്നയിച്ചു. കൂടാതെ ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ ഉദ്യോഗസ്ഥർ ജാഗ്രത പുലർത്താനും അതോടൊപ്പം മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മനുഷ്യത്വപരമായി ജനങ്ങളോട് പെരുമാറാൻ ഉദ്യോഗസ്ഥർ തയ്യാറാകണമെന്നും ഇൻഫാം അഭിപ്രായപ്പെട്ടു.

## പച്ചക്കറിത്തോട്ടം വിളവെടുപ്പ്

ചുണ്ടപ്പറമ്പ് യൂണിറ്റിൽ പച്ചക്കറിത്തോട്ടത്തിന്റെ വിളവെടുപ്പ് നടത്തി. അലക്സ് നഗർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കൃഷി ചെയ്ത് പാകമായ വാഴ, വെള്ളരിക്ക, പാവയ്ക്ക, പയർ, വെണ്ട, ചീര, മത്തൻ, തക്കാളി തുടങ്ങിയ വിഭവങ്ങളാണ് പ്രധാനമായും വിളവെടുത്തത്.

## യൂണിറ്റ് സന്ദർശനം

വെള്ളരിക്കുണ്ട്, അങ്ങാടിക്കടവ്, ചന്ദനക്കാംപാറ, ആടാംപാറ, ആനപ്പന്തി, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകൾ ഇൻഫാം ഡയറക്ടർ സന്ദർശിക്കുകയും, യൂണിറ്റുകളിലെ ഇൻഫാമിന്റെ ഭാരവാഹികളുമായി ചർച്ചകൾ നടത്തുകയും, അവിടുത്തെ നിലവിലുള്ള പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ കർഷകരെ സംഘടനയുമായി ചേർത്തു നിർത്താൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 മാർച്ച്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

മാർച്ച്
- 01 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 02-06 : ആന്തരീക സൗഖ്യ ധ്യാനം
- 08 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 09-12 : കന്നഡ ധ്യാനം
- 15 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 16-20 : ആന്തരീക സൗഖ്യ ധ്യാനം
- 22 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 20-23 : ഇംഗ്ലീഷ് ധ്യാനം
- 29 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 28-30 : വാരാന്ത്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

മാർച്ച്
- 01-04 : ആന്തരീക സൗഖ്യ ധ്യാനം
- 15-18 : ആന്തരീക സൗഖ്യ ധ്യാനം

**3. മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, പേരാവൂർ, ഫോൺ : 9446687556**

മാർച്ച്
- 07-09 : ആന്തരീക സൗഖ്യ - ആത്മാഭിഷേക ധ്യാനം
- 21-23 : ആന്തരീക സൗഖ്യ - ആത്മാഭിഷേക ധ്യാനം

**4. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

മാർച്ച്
- 01 : ഏകദിന ധ്യാനം (9 am - 2 pm)
- 02-05 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
- 14 : ജാഗരണ പ്രാർത്ഥന (06 pm - 09 pm)
- 22 : മദ്ധ്യസ്ഥ പ്രാർത്ഥന (02 pm - 04 pm)

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

മാർച്ച്
- 01 : പരീക്ഷ ഒരുക്ക ധ്യാനം
- 08 : ഏകദിന ശുശ്രൂഷ (Spiritual Sharing 10 am-2 pm)
- 09-14 : വരദാന പരിശീലന ധ്യാനം
- 14 : ജാഗരണ പ്രാർത്ഥന
- 20-24 : ടീമിന്റെ വാർഷിക ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജനുവരി 2025

21-22 എറണാകുളം - അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന വിവിധ മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു.

23 രാവിലെ വരാപ്പുഴ ബിഷപ്സ് ഹൗസ് സന്ദർശിച്ചു. തുടർന്ന് സീറോ മലബാർ സഭാ ആസ്ഥാനത്തുവച്ച് ചേർന്ന വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.

24 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചേർന്ന ഫിനാൻസ് കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

25 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് മൈനർ സെമിനാരി ഉപകാരി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിയാനം ഇടവകയിൽ നിര്യാതയായ ത്രേസ്യാമ്മ ജോസഫ് കൂനങ്കിയിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചെമ്പേരി ഇടവകയിൽ നിര്യാതനായ അരുൺ മാത്യു മുക്കുഴിയുടെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഇടത്തൊട്ടി നവജ്യോതി സ്കൂളിന്റെ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് നെല്ലിക്കുറ്റി സ്കൂളിന്റെ ജൂബിലി സമാപന മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

26 രാവിലെ നെല്ലിക്കാംപൊയിൽ ഫൊറോനാ ദൈവാലയം തീർത്ഥാടന ദൈവാലയമായി ഉയർത്തുന്നതിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം മുണ്ടാനൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

27 അതിരൂപതാ കേന്ദ്രത്തിലെത്തിയ ശ്രീ. രമേശ് ചെന്നിത്തലയെ സ്വീകരിച്ചു. അതിരൂപതാകേന്ദ്രത്തിലെത്തിയ വിദേശ പഠനത്തിലും ജോലിയിലുമായിരിക്കുന്ന വൈദികരുമായി സംവദിച്ചു. തുടർന്ന് നവവൈദികർക്ക് അതിരൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി.

28 കൂന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

29 ചങ്ങനാശ്ശേരിയിൽവച്ച് ചേർന്ന സീറോമലബാർ സഭാ എജ്യുക്കേഷനൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ടോടെ എറണാകുളത്തേയ്ക്ക് യാത്ര തിരിച്ചു.

30–31 എറണാകുളം – അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിക്കുകയും വിവിധ ചർച്ചകൾ നടത്തുകയും ചെയ്തു.

## ഫെബ്രുവരി 2025

01 തളിപ്പറമ്പിൽവച്ച് ചേർന്ന ദിയാകോണിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ചേർന്ന ഇടവകാ കോർഡിനേറ്റർമാരുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

02 തളിപ്പറമ്പ് ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

03 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് തലശ്ശേരി പ്രസ്സ് ക്ലബ്ബിൽവച്ച് ഹെർമൻ ഗുണ്ടർട്ട് ജന്മദിനാഘോഷവും പുസ്തക ചർച്ചയും ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം മാലോം ഇടവകയിൽ നിര്യാതയായ റോസമ്മ റാത്തപ്പള്ളിയുടെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിലെത്തി സിനാക്സിസ് മീറ്റിംഗിലായിരിക്കുന്ന സിസ്റ്റേഴ്സിന് ക്ലാസ്സ് നയിച്ചു. രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05–07 എറണാകുളം – അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിക്കുകയും വിവിധ ചർച്ചകൾ നടത്തുകയും ചെയ്തു.

08 ചെമ്പേരിയിൽവച്ച് സംഘടിപ്പിച്ച കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിമൽജ്യോതി എൻജിനിയറിംഗ് കോളേജ് ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അമ്മംകുളം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു.

09 കോടോപ്പള്ളി ഇടവകയിൽ ഇടയസന്ദർശനം നടത്തി.

10 തലശ്ശേരി ഇടവകാംഗമായ ജോർജ് ജോസഫ് വടക്കേക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെമ്പേരി ലൂർദ്ദ് മാതാ ബസലിക്കായുടെ ജൂബിലി സമാപനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

11 തലശ്ശേരിയിൽവച്ച് ചേർന്ന വൈദിക സമിതി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

12-14 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിക്കുകയും വിവിധ ചർച്ചകൾ നടത്തുകയും ചെയ്തു.

15 പുന്നക്കുന്ന് ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

16 പാണത്തൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം പയ്യന്നൂർ ദൈവാലയത്തിൽവച്ച് ഫെബിൻ സണ്ണി മേച്ചിറാകത്തിന്റെയും നേഹാ വർഗ്ഗീസ് മാനാപടവിലിന്റെയും വിവാഹം ആശീർവ്വദിച്ചു.

17 അതിരൂപതാ ആലോചനസമിതിയോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ആടാംപാറയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന പനത്തടി തീർത്ഥാടന സംഘാടക സമിതി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

18 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

19-20 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

**MARCH 2025**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Ernakulam |
| 02 | | - | Kolayad: Pastoral Visit |
| 03 | | - | Cathedral |
| 04 | 10:00 am | - | Forane Vicars Meeting |
| | 02:30 pm | - | Catechism Council |
| 05 | 10:00 am | - | Kakkanad: Deepika Apex Board Meeting |
| 06-07 | | - | Ernakulam |
| 08 | 10:01 pm | - | Thalassery: Visitors Day |
| 09 | | - | Chalakkudy: Bible Convention |
| 10 | | - | Engaged |
| 11 | | - | GSMS Kunnoth |
| 12 | 09:12 pm | - | Thalassery: Visitors Day |
| | 04:00 pm | - | Chemperi: Bible Convention |
| 13-15 | | - | Ernakulam |
| 16 | | - | Ummerpoil: Pastoral Visit |
| | 04:00 pm | - | Chemperi: Bible Convention |
| 17 | 09:00 am | - | Thalassery: Deacons Conference |
| 18 | 10:01 pm | - | Padannakkad: Visitors Day |
| | 08:00 pm | - | Panathady |
| 19 | 09:30 am | - | Areekkamala: Church Foundation stone laying ceremony |
| | 11:30 am | - | Nirmalagiri: Patrons Day |
| | 05:30 pm | - | Cathedral |
| 20-22 | | - | Ernakulam |
| 23 | | - | Engaged |
| 24-29 | | - | Bhadravathi: Karnataka Bishops Retreat |
| 30 | | - | Kalichanadukkom: Pastoral Visit |
| 31 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഫെബ്രുവരി 2025

01 വൈകുന്നേരം പേരാവൂർ സെന്റ് ജോസഫ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ചു.

02 രാവിലെ ഒറ്റപ്ലാവ് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ചു.

03 രാവിലെ കരിക്കോട്ടക്കരി ഇടവകയിലെ കുന്നേൽ ജൈസ് - നിത്യ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

04 ഉച്ചകഴിഞ്ഞ് അരവൻചാൽ ഇടവകയുടെ രജതജൂബിലി ഉദ്ഘാടനത്തോട് അനുബന്ധിച്ച് കുർബാന അർപ്പിച്ചു.

06 വള്ളർവള്ളി ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് നിർമ്മിച്ച ആശ്രമവും ഓൾഡേജ് ഹോമും വെഞ്ചിരിച്ചു. വൈകുന്നേരം ആര്യപ്പറമ്പ് ഇടവകയിൽ ജോബി പുതിയക്കുന്നേലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് തൊണ്ടിയിൽ സെന്റ് ജോൺസ് യു.പി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിലും അധ്യാപകരുടെ യാത്രയപ്പ് ചടങ്ങിലും പങ്കെടുത്തു.

08 രാവിലെ കോതമംഗലം രൂപതയിലെ പന്നിമറ്റം ഇടവകയിൽ സി. ജോസിക്ക എം.സി-യുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ തലശ്ശേരി കത്തീഡ്രൽ ഇടവകാംഗമായ ബെൻസ് വടക്കേവീട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

11 ഉച്ചയ്ക്ക് നിര്യാതനായ മാടത്തിൽ ഇടവകാംഗം വർക്കി കടിക്കാട്ടിനുവേണ്ടി ഭവനത്തിൽ ചെന്ന് പ്രാർത്ഥിച്ചു. വൈകിട്ട് പെരിങ്കരി ഇടവകയിൽ വച്ച് കുന്നോത്ത് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

12 രാവിലെ ഫാ. ലിജോ മറ്റപ്പള്ളിയുടെ പിതാവ് തോമസ് മറ്റപ്പള്ളിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

13 ഉച്ചയ്ക്ക് പ്രീസ്റ്റ്ഹോമിലെ വൈദികരെ സന്ദർശിക്കുകയും അവരോടൊത്ത് ഭക്ഷണം കഴിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ബഹു. എബ്രഹാം പന്തലാനിക്കലച്ചന്റെ നിര്യാതനായ ചാച്ചനുവേണ്ടി പനത്തടിയിൽ ഭവനത്തിൽചെന്ന് പ്രാർത്ഥിച്ചു.

14 രാവിലെ വെളിമാനം സെന്റ് സെബാസ്റ്റ്യൻ ഹയർസെക്കൻണ്ടറി സ്കൂളിന്റെ രജതജൂബിലി ആഘോഷവും അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു.

15 ഉച്ചകഴിഞ്ഞ് നെല്ലിക്കുറ്റിയിൽവച്ച് നടന്ന പൊൻപാറക്കൽ സി. ജെസ്സി, സി. ബിൻസി, സി. ജിസ്മി എന്നിവരുടെ രജതജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും അവരുടെ സഹോദരൻ ജോബിയുടെ മകൻ എമ്മാനുവലിന് ആഘോഷമായി വിശുദ്ധ കുർബാന നൽകുകയും ചെയ്തു.

17 രാവിലെ തലശ്ശേരി ഹോളിറോസറി ദൈവാലയത്തിൽ വർക്കി വട്ടപ്പാറയുടെ 41-ാം ചരമ അനുസ്മരണദിനത്തിൽ വി. കുർബാന അർപ്പണത്തിൽ പങ്കുചേർന്നു.

19. രാവിലെ തൊക്കിലങ്ങാടിയിൽ ക്രിസ്തുരാജ ഹോസ്പിറ്റൽ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് മരിയഭവൻ സന്ദർശിച്ച് പ്രായമേറിയ അമ്മമാർക്കും സിസ്റ്റർ കരോളിനും വേണ്ടി പ്രാർത്ഥിച്ചു. വൈകുന്നേരം പേരട്ട ഇടവകാംഗമായ ഫിലിപ്പ് വയലാമണ്ണിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു.

20 രാവിലെ കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ സമൂഹത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് കുന്നോത്ത് ഇടവകയിൽ കൊള്ളന്നൂർ ആകാശ്-റോസ്‌ലിൻ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

22 രാവിലെ പൈസക്കരിയിൽ സി. ആനീസ്എബ്രഹാം എസ്.എച്ചിന്റെ ഗോൾഡൻ ജൂബിലിക്ക് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം വായത്തൂർ യുപി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു.

23. രാവിലെ എടക്കാനം ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

24 24. പ്രഭാതത്തിൽ കുന്നോത്ത് നസ്രത്ത് പ്രകൃതി ചികിത്സാകേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപത ഏലപീടിക ഇടവകയിലെ ബഹു. ടോമി മംഗലത്തിൽ അച്ചന്റെ നിര്യാതനായ ചാച്ചനുവേണ്ടി വീട്ടിൽചെന്ന് പ്രാർത്ഥിച്ചു. വൈകുന്നേരം ഇരിട്ടി എസ്.

കെ.ഡി കോൺവെന്റിൽ രജതജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

26 രാവിലെ മണ്ഡലം ഇടവകയിലെ എം.എസ്.ജെ കോൺവെന്റ് ചാപ്പലിൽ നിത്യാരാധനയ്ക്ക് ആരംഭം കുറിച്ചു. വൈകുന്നേരം കല്ലുമുതിരക്കുന്ന് ഇടവകയിൽ വി. മദർ തെരേസയുടെ നാമത്തിൽ നിർമ്മിച്ച കപ്പേളയുടെ വെഞ്ചിരിപ്പ് കർമ്മം നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

---

# MARCH 2025 ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 9:30 am | - | Nazareth Generalate, kunnoth : Final profession |
| | 03:30 pm | - | MSMI, Dharmashala : Anniversary |
| 02 | 04.30 pm | - | Babusahibpalaya, Banglore : Holymass |
| 05 | 10:30 am | - | Manjalampuram : School Anniversary |
| 06 | 05:30 pm | - | Nileshwaram Muncipality |
| 07 | 06:00 pm | - | Kudiyanmala : School Anniversary & Send off |
| 08 | | - | Engaged |
| 15 | 04:30 pm | - | Chemperi : Holymass, Convention |
| 19 | 04:30 pm | - | Edapuzha : Golden Jubilee |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജനുവരി 2025

24 പേരാവൂർ സെന്റ് ജോസഫ് എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിലെ തിരുനാളിനാരംഭമായി കൊടിയേറ്റും ആഘോഷപരമായ വിശുദ്ധ കുർബാനയും വചന സന്ദേശവും നൽകുകയും സെമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

25 ഫാ. അഖിൽ മാത്യു മുക്കുഴി അച്ചന്റെ സഹോദരൻ അരുൺ മാത്യു മുക്കുഴിയുടെ ഭവനത്തിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഫാ. ഇമ്മാനുവേൽ കൂനിങ്കിയിലിന്റെ മാതാവ് ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ഭവനത്തിലെ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

26 ചെമ്പേരി ലൂർദ്മാതാ ദൈവാലയത്തിൽ വച്ച് നടന്ന തെക്കേമുറിയിൽ ആൽബിന്റെയും ഇഞ്ചക്കൽ സാന്ദ്ര മേരിയുടെയും വിവാഹം ആശീർവദിച്ചു. പേരാവൂരിൽ നിര്യാതയായ സി. മേരി ജെസ്സിയുടെ (തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ്) മൃതസംസ്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു.

27 മോൺ. ഡോ. ആന്റണി കൊഴുവനാൽ മെമ്മോറിയൽ കോൺഫറൻസ് ഹാൾ ആശീർവദിച്ചു വെഞ്ചിരിച്ചു. ഉച്ചകഴിഞ്ഞ് തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന ഇന്റർ സെമിനാരി ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു.

30 താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ഇടവക അംഗമായ മേരി തെക്കേലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പുറത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രത്തിൽ വെച്ച് മുഖ്യകാർമികത്വം വഹിച്ചു.

### ഫെബ്രുവരി 2025

03 ബഹു. ഫ്രാൻസിസ് റാത്തപ്പള്ളിൽ അച്ചന്റെ മാതാവ് ശ്രീമതി റോസമ്മ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മാലോം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് മുഖ്യകാർമികത്വം വഹിച്ചു.

04 വി. യൗസേപ്പിതാവിന്റെ തിരുന്നാളോടനുബന്ധിച്ച് തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന തിരുനാൾ കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു.

06 സീറോ മലബാർ സഭ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി മദർ ഹോമിൽ നടന്ന സായാഹ്ന പ്രാർത്ഥനയിലും ആരാധനയിലും സംബന്ധിച്ചു.

12 ഫാ. ലൂക്കോസ് മറ്റപ്പള്ളിലിന്റെ പിതാവ് ശ്രീ. തോമസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കിളിയന്തറ സെന്റ് മേരീസ് ദൈവാലയത്തിൽ വെച്ച് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം തലശേരി ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

14. ബഹു. എബ്രഹാം പന്തലാനിക്കലച്ചന്റെ വല്യമ്മ ത്രേസ്യാമ്മ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

16. ബഹു. വർക്കിത്തിമാക്കൽ അച്ചന്റെ സഹോദരി നിര്യാതയായ ശ്രീമതി ആലീസ് ഓട്ടപ്പുന്നയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിലെയും തുടർന്ന് കരിക്കോട്ടക്കരി സെന്റ് തോമസ് ദൈവാലയത്തിലെയും കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

17. ശ്രീമതി അച്ചാമ്മ ചിറ്റടിയിലിന്റ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മേരിഗിരി ചെറുപുഷ്പം ദൈവാലയത്തിൽ വച്ച് മുഖ്യകാർമികത്വം വഹിച്ചു.

24. ഫാ. കുര്യാക്കോസ് ജഗദൽപൂർ രൂപത ഫാ. തോമസ് എസ് ജെ പൂനെ സി. റോഷിനി (പിഎച്ച്ജെസി) പിതാവായ അഗസ്റ്റിൻ കരിമുണ്ടെങ്കിൻറെ ഹോളി സ്പിരിറ്റ് എണ്ണപ്പാറ ദൈവാലയത്തിൽ വച്ച് നടന്ന മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് ന്യൂ മലബാർ പുനരുധിവാസ കേന്ദ്ര ചാരിറ്റബിൾ ട്രസ്റ്റ് സന്ദർശിച്ചു.

വൈകിട്ട് 4:30ന് പനത്തടി സെൻറ് ജോസഫ് ഫൊറോന ദേവാലയത്തിൽ വച്ച് നിരാതനായ സൺഡേ സ്കൂൾ മുഖ്യാ അധ്യാപകൻ ജിജോ മോൻ പ്ലാത്തറയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു

---

**MARCH 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

March - 15 to April 13 - Engaged

**Secretary to the Archbishop Emeritus**





കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത നേതൃസമ്മേളനവും ഗ്ലോബൽ സമിതി ഭാരവാഹികൾക്ക് സ്വീകരണവും

ചെമ്പേരി, 2025 ഫെബ്രുവരി 08




സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതാംഗങ്ങളായ മാതാപിതാക്കൾക്ക് നാലാമത്തെ കുട്ടി ജനിക്കുമ്പോൾ പ്രസവസംബന്ധമായ ചികിത്സകൾ സൗജന്യമായി നൽകുന്ന താരാട്ട് പദ്ധതി അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.

തലശ്ശേരി, 2026 ജനുവരി 27

RNI Reg. No. 5910 Date of Publication: 28/02/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 08 ലക്കം : 03 വില : ₹10

# മാർച്ച് 19
# വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.